34th Year of Service 2026

NOT OUR MERIT BUT HIS GRACE · KERALA EXPRESS


# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

March 09, 2026 Vol. XXXIV No. 10




SUNNY
FINANCIAL STRATEGIES, LLC
Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS
Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor
Expert Guidance Through Life's Financial Transitions
Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.
Support for complex financial moments, including:
Financial Planning & Wealth Management
Retirement Income Strategy
401(k) & IRA Investment Optimization
Estate Planning & Trusts
Risk Management & Insurance
Tax Planning Strategies
Business & Employee Benefits
Social Security & Medicare
Complimentary Financial Plan
Retirement & Estate Review
No Cost • Limited Availability
Let's Plan Your Brighter Financial Future
847-414-9116
tom@sunnyfinancial.com
SunnyFinancial.com
SCAN TO LEARN MORE
475 N Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered Investment Adviser). Securities offered through NYLIFE Securities LLC (Member FINRA/SIPC). Insurance offered through NYLIFE Securities LLC, a Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.


Secure Tax Services
DBA SMALL BUSINESS ACCOUNTING LLC
Personal and Business Tax Services
Free Electronic Filling
TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT®
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
A+ Rating
BBB ACCREDITED BUSINESS
Better Business Bureau

34th Year of Service 2026

# കേരളാ എക്സ്പ്രസ്
KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 രാഹുൽ ഗാന്ധിയുടെ അഞ്ചിന ഗാരന്റി
8 ഫിംഗർ പ്രിന്റിനൊപ്പം ഡിഎൻഎയും
11 ഫീഡ് മൈ സ്റ്റാർവിങ് ചിൽഡ്രൻ പ്രോഗ്രാം
14 സീറോമലബാർ രൂപത: ദൈവവിളികളുടെ വിളനിലം
21 സുവർണ്ണ ശോഭയിൽ ന്യൂയോർക്ക് ഐകെസിസി

## ട്വന്റി–20 ലോകകപ്പ് കിരീടം ഇന്ത്യക്ക്



ന്യൂസിലൻഡിനെ വീഴ്ത്തി ട്വന്റി–20 ക്രിക്കറ്റ് ലോക ചാമ്പ്യന്മാരായ ഇന്ത്യൻ താരങ്ങളുടെ വിജയാഹ്ലാദം.

അഹമ്മദാബാദ്: തിരുത്തപ്പെടാത്ത ചരിത്രമോ തകർക്കപ്പെടാത്ത കോട്ടകളോ ഇല്ലെന്നു ടീം ഇന്ത്യ വീണ്ടും തെളിയിച്ചിരിക്കുന്നു. അന്തിമ വിസ്ഫോടനത്തിൽ ന്യൂസിലൻഡിനെ തരിപ്പണമാക്കിയ ഇന്ത്യ ട്വന്റി–20 ക്രിക്കറ്റ് ലോക ചാമ്പ്യൻമാരായി. സഞ്ജു സാംസൺ (46 പന്തിൽ 89), ഇഷാൻ കിഷൻ (25 പന്തിൽ 54), അഭിഷേക് ശർമ (21 പന്തിൽ 52), ശിവം ദുബെ (8 പന്തിൽ 26) എന്നിവരുടെ വെടിക്കെട്ടിൽ ഇന്ത്യയൊരുക്കിയ വിജയലക്ഷ്യം 256 റൺസ്. 15 റൺസിന് നാലു വിക്കറ്റെടുത്ത ജസ്പ്രീത് ബുംറയും മൂന്നു വിക്കറ്റെടുത്ത അക്സർ പട്ടേലും താണ്ഡവമാടിയപ്പോൾ ന്യൂസിലൻഡ് 159 റൺസിനു തകർന്നടിഞ്ഞു. ഇന്ത്യക്ക് 96 റൺസ് ജയം.

അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ ആർത്തിരമ്പിയ നീലക്കടലിനെ സാക്ഷിയാക്കി 'ഞായറാഴ്ച ശാപ'ത്തെയും മറികടന്നാണ് ട്വന്റി–20–യിൽ ഇന്ത്യയുടെ മൂന്നാം ലോക കിരീടം. ടോസ് നേടിയ കിവീസ് ഇന്ത്യയെ ബാറ്റിംഗിനു വിടുകയായിരുന്നു. റൺമല മറികടക്കാനിറങ്ങിയ കിവീസിന് തുടക്കത്തിലേ പിഴച്ചു. പവർപ്ലേ ഓവറുകളിൽത്തന്നെ മൂന്നു വിക്കറ്റ് നഷ്ടമായി. സെമിയിലെ സെഞ്ചുറിവീരൻ ഫിൻ അലൻ, രചിൻ രവീന്ദ്ര, ഗ്ലെൻ ഫിലിപ്സ് എന്നിവരാണ് പുറത്തായത്. 52 റൺസെടുത്ത ടീം സീഫർട്ട്, 43 റൺസോടെ ക്യാപ്റ്റൻ മിച്ചൽ സാന്റനർ എന്നിവർക്കു മാത്രമാണ് പൊരുതിനിൽക്കാനായത്.

(ശേഷം 34–ാം പേജിൽ)

## പശ്ചിമേഷ്യൻ പ്രശ്നം നയതന്ത്രചർച്ചകളിലൂടെ പരിഹരിക്കണം: വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ

ന്യൂഡൽഹി: പശ്ചിമേഷ്യൻ സംഘർഷത്തിൽ സംഭാഷണങ്ങളും നയതന്ത്രവും മാത്രമാണ് ഏക പരിഹാരമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. രാജ്യസഭയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പശ്ചിമേഷ്യയിലെ സംഭവവികാസങ്ങൾ നമുക്കെല്ലാവർ



ക്കും വലിയ ആശങ്കയുണ്ടാക്കുന്ന കാര്യമാണെന്നും അദ്ദേഹം പറഞ്ഞു. മേഖലയിലെ വർദ്ധിച്ചുവരുന്ന യുദ്ധസാഹചര്യത്തിൽ സമാധാനം പുനഃസ്ഥാപിക്കണമെന്ന് ഇന്ത്യ ആവർത്തിച്ച് ആവശ്യപ്പെടുന്നുണ്ട്. പ്രത്യേകിച്ചും ഇസ്രയേൽ-ഇറാൻ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ, സൈനിക നടപടികൾക്ക് പകരം നയതന്ത്ര ചർച്ചകളിലൂടെ പ്രശ്നപരിഹാരം കാണണമെന്നാണ് ഇന്ത്യയുടെ നിലപാടെന്നും ജയശങ്കർ പറഞ്ഞു.

പ്രതിപക്ഷ പ്രതിഷേധത്തിനിടെ ആയിരുന്നു ജയശങ്കർ രാജ്യസഭയെ അഭിസംബോധന ചെയ്തത്. പ്രസ്താവന മാത്രമല്ല ചർച്ച വേണമെന്നായിരുന്നു പ്രതിപക്ഷത്തിന്റെ ആവശ്യം.

പൗരന്മാരുടെ സുരക്ഷ ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ജയശങ്കർ പറഞ്ഞു. സംഘർഷ മേഖലയിൽനിന്ന് ഇതുവരെ 67,000 ഇന്ത്യൻ പൗരന്മാർ സുരക്ഷിതമായി നാട്ടിൽ തിരിച്ചെത്തി.

ഫെബ്രുവരി 20–ന് തന്നെ ഇന്ത്യ ഔദ്യോഗിക പ്രസ്താവന പുറപ്പെടുവിച്ചിരുന്നു. എല്ലാ ഭാഗത്തുനിന്നും സംയമനം പാലിക്കണമെന്നും ചർച്ചകളിലൂടെയും നയതന്ത്രത്തിലൂടെയും മാത്രമേ സംഘർഷം ലഘൂകരിക്കാൻ കഴിയൂ എന്നും ജയശങ്കർ ആവർത്തിച്ചു.

(ശേഷം 34–ാം പേജിൽ)

## മുജ്തബ ഖമനയി പരമോന്നത നേതാവ്; ഇറാനിൽ പ്രതിഷേധം



ടെഹ്റാൻ: ഇറാന്റെ പരമോന്നത നേതാവായി ആയത്തുള്ള ഖമനയിയുടെ മകൻ മുജ്തബ ഖമനയിയെ തെരഞ്ഞെടുത്തു. 88 അംഗങ്ങളുള്ള അസംബ്ലി ഓഫ് എക്സ്പേർട്സാണ് ഇറാന്റെ പരമോന്നത നേതാവിനെ തെരഞ്ഞെടുത്തത്.

നിർണായക വോട്ടിലൂടെ മുജ്തബ ഖമനയിയെ അസംബ്ലി ഓഫ് എക്സ്പേർട്സ് ഇറാന്റെ മൂന്നാമത്തെ നേതാവായി നിയമിച്ചതായി പ്രസ്താവിച്ചു. ഇറാനിലെ എല്ലാ കാര്യങ്ങളിലും അന്തിമതീരുമാനം എടുക്കാനുള്ള അധികാരം പുതിയ സ്ഥാനത്തിലൂടെ മുജ്തബ ഖമനയിക്ക് ലഭിച്ചു.

ആയത്തുള്ള ഖമനയിയുടെ ആറ് മക്കളിൽ രണ്ടാമനാണ് മുജ്തബ ഖമനയി. 17–ാം വയസ്സിൽ ഇറാൻ സൈന്യമായ

(ശേഷം 34–ാം പേജിൽ)

## കായലിൽ നിർമിച്ച ഏറ്റവും വലിയ പാലം പെരുമ്പളത്ത്

ആലപ്പുഴ: കേരളത്തിൽ കായലിൽ നിർമിച്ച ഏറ്റവും വലിയ പാലം ആയിരങ്ങളുടെ ആർപ്പുവിളികൾക്കുമധ്യേ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാ



ടനം ചെയ്തു. ബോട്ടിന്റെ സമയമനുസരിച്ച് ജീവിതം ക്രമപ്പെടുത്തിയ പെരുമ്പളം ദ്വീപുകാർക്ക് ഇനിയതുവേണ്ട. ദ്വീപിലെ പന്ത്രണ്ടായിരത്തോളം പേർക്കായി പാലംവന്നു. പാലത്തിന്റെ വടുതല ജെട്ടിഭാഗത്തു നാടമുറിച്ചും പെരുമ്പളത്തെ വേദിയിൽ പ്രഖ്യാപനം നടത്തിയുമായിരുന്നു ഉദ്ഘാടനം.

2016–നു മുൻപുള്ള സർക്കാരിന്റെ കാലത്ത് ഇങ്ങനെയൊരു പാലം ഉണ്ടാകുമായിരുന്നോയെന്നു മുഖ്യമന്ത്രി ചോദിച്ചു. വികസനം സ്തംഭിച്ച കാലമായിരുന്നു അത്. ആ ശാപാന്തരീക്ഷം മാറിയത് 2016–ൽ എൽഡിഎഫ് സർക്കാർ വന്നപ്പോഴാണ്. നടക്കില്ലെന്നു കരുതിയ പദ്ധതികൾ പൂർത്തീകരിച്ചു.

(ശേഷം 34–ാം പേജിൽ)

# കേരളത്തിന് രാഹുൽ ഗാന്ധിയുടെ അഞ്ചിന ഗാരന്റി

തിരുവനന്തപുരം: യുഡിഎഫ് സർക്കാർ അധികാരത്തിലെത്തിയാൽ കെഎസ്ആർടിസി ബസുകളിൽ സ്ത്രീകൾക്ക് സൗജന്യ യാത്രയും 3000 രൂപ ക്ഷേമപെൻഷനും ഉൾപ്പെടെ കേരളത്തിലെ ജനങ്ങൾക്ക് അഞ്ച് ഗാരന്റി നല്കി ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി.

പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ നയിച്ച പുതുയുഗ യാത്രയുടെ സമാപന സമ്മേളനം കിഴക്കേകോട്ട പുത്തരിക്കണ്ടം മൈതാനിയിൽ ഉദ്ഘാടനം ചെയ്യവേയാണ് രാഹുൽ ഗാന്ധിയുടെ പ്രഖ്യാപനങ്ങൾ. കെഎസ്ആർടിസി ബസുകളിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര ഉറപ്പാക്കുന്നതിനു പുറമെ കോളജ് വിദ്യാർത്ഥിനികൾക്ക് പ്രതിമാസം 1000 രൂപയും നല്കും. ക്ഷേമപെൻഷൻ പ്രതിമാസം 3000 രൂപയാക്കി ഉയർത്തും.

മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പേരിൽ എല്ലാ കുടുംബങ്ങൾക്കും 25 ലക്ഷം രൂപ വരെയുള്ള ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കും. യുവാക്കൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ അഞ്ചു ലക്ഷം രൂപവരെ പലിശരഹിത വായ്പ, മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി പ്രത്യേക വകുപ്പ് എന്നിവയാണ് അഞ്ച് പ്രഖ്യാപനങ്ങൾ.

കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നല്കുക, സ്ത്രീകളെയും യുവജനങ്ങളെയും ശാക്തീകരിക്കുക, എല്ലാ പൗരന്മാർക്കും സമഗ്രമായ സാമൂഹിക സുരക്ഷ ഒരുക്കുക എന്നിവയാണ് ഈ പരിപാടികളിലൂടെ യുഡിഎഫ് വിഭാവനം ചെയ്യുന്നത്. യുഡിഎഫിന്റെ വിശാലമായ പ്രകടനപത്രിക വരുംദിവസങ്ങളിൽ പുറത്തിറക്കും.




പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ നയിച്ച പുതുയുഗ യാത്രയുടെ സമാപന സമ്മേളനം തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ രാഹുൽഗാന്ധി ഉദ്ഘാടനം ചെയ്തപ്പോൾ.

# ക്രൂഡ് ഓയിൽ വില കുതിച്ചുയരുന്നു; കേരളത്തിൽ സ്വർണ്ണവിലയിൽ വൻ ഇടിവ്

കൊച്ചി: പശ്ചിമേഷ്യയിലെ സംഘർഷങ്ങൾ പുതിയ തലത്തിലേക്ക് കടക്കുന്നതിനിടെ പിടിവിട്ട് ക്രൂഡ് ഓയിൽ വില. രാജ്യാന്തര വിപണിയിൽ 20 ശതമാനത്തോളം വർദ്ധിച്ച വില ബാരലിന് 110 ഡോളർ പിന്നിട്ടു. ഇന്ത്യൻ ഓഹരിവിപണി വ്യാപാരത്തിന്റെ ആദ്യമണിക്കൂറിൽ തന്നെ തകർന്നു തരിപ്പണമായി. അതേസമയം, കേരളത്തിൽ സ്വർണ്ണവില പവന് 1.2 ശതമാനം ഇടിഞ്ഞ് 1,18,560 രൂപയിലെത്തി. ഗ്രാമിന് 180 രൂപയാണ് കുറഞ്ഞത്. 14,820 രൂപയാണ് പുതിയ വില. രാജ്യാന്തര വിപണിയിൽ വില കുത്തനെ ഇടിഞ്ഞതാണ് കേരളത്തിലും പ്രതിഫലിച്ചത്. നിലവിലെ ട്രെൻഡ് തുടർന്നാൽ വില ഇനിയും കുറയും.

അമേരിക്കൻ ഡോളറിന്റെ വിനിമയ നിരക്ക് ഉയർന്നതാണ് സ്വർണവിലയെ കാര്യമായി ബാധിച്ചത്. യുദ്ധം പോലെയുള്ള സാഹചര്യങ്ങളിൽ ആളുകൾ സുരക്ഷിത നിക്ഷേപമെന്ന നിലയിൽ സ്വർണത്തിൽ നിക്ഷേപിക്കുന്നത് പതിവാണ്. എന്നാൽ, ഇത്തവണ ഡോളറിൽ നിക്ഷേപിക്കാനായിരുന്നു ഒരു വിഭാഗം നിക്ഷേപകരുടെ തീരുമാനം. ഇതോടെയാണ് ഡോളറിന്റെ വിനിമയ നിരക്ക് മെച്ചപ്പെട്ടത്. നിലവിൽ മൂന്നു മാസത്തെ ഉയർന്ന നിലയിലാണ് ഡോളർ. ഇത് മറ്റ് കറൻസികളിൽ സ്വർണം വാങ്ങുന്നതിനുള്ള ചെലവ് ഉയർത്തി. ഇതോടെയാണ് വില താഴേക്ക് വന്നത്.

രാജ്യാന്തര തലത്തിൽ ക്രൂഡ് ഓയിലിന്റെ വില വർദ്ധിക്കുന്നതും വില ഇടിയാനുള്ള മറ്റൊരു കാരണമാണ്. ക്രൂഡ് വില കൂടുമ്പോൾ പിന്നാലെ പണപ്പെരുപ്പമുണ്ടാകും. ഇതു നിയന്ത്രിക്കാൻ അടിസ്ഥാന പലിശനിരക്ക് കൂട്ടാനായിരിക്കും കേന്ദ്ര ബാങ്കുകൾ ശ്രമിക്കുക. എന്നാൽ, പലിശനിരക്ക് ഉയർന്നു നിൽക്കുന്നത് സ്വർണത്തിന് നല്ലതല്ല.

ലോകത്തിലെ ഏറ്റവും സുരക്ഷിത നിക്ഷേപമെന്ന് കരുതപ്പെടുന്ന യുഎസ് ബോണ്ടുകളുടെ യീൽഡ് കൂടാൻ തീരുമാനം വഴിവെക്കും. നിക്ഷേപകർ സ്വർണത്തിൽ നിന്ന് ബോണ്ടുകളിലേക്കു മാറും. കഴിഞ്ഞ വർഷങ്ങളിൽ യുഎസ് ഫെഡറൽ റിസർവ് അടിസ്ഥാന പലിശനിരക്ക് കുറച്ചതാണ് സ്വർണവില റെക്കോർഡിലെത്താൻ ഇടയാക്കിയ പ്രധാന കാരണങ്ങളിലൊന്ന്.

# ഒഡീഷ്യയിൽ പള്ളിക്കു നേരെ ആക്രമണം

ഭുവനേശ്വർ: ഒഡീഷ്യയിൽ കത്തോലിക്കാ ദേവാലയത്തിനു നേരെ ആക്രമണം. റായഗഡ ജില്ലയിലെ ദെംഗാസാർഗി ഗ്രാമത്തിലെ സെന്റ് പൗള മൊണ്ടെൽ പള്ളിക്കു നേരെയാണ് തീവ്ര ഹിന്ദുത്വവാദികളായ ഗ്രാമവാസികൾ ആക്രമണം നടത്തിയത്.

പള്ളിയുടെ മുഖവാരം തകർത്ത അക്രമിസംഘം വാതിൽ തല്ലിത്തകർത്ത് അകത്തു കയറി അൾത്താരയും തിരുസ്വരൂപങ്ങളും നശിപ്പിക്കുകയും വിശുദ്ധ വസ്തുക്കൾ പുറത്തേക്കു കൊണ്ടുപോയി തീയിടുകയും ചെയ്തു.

രാത്രി ഏഴോടെ ഒരുസംഘം ഗ്രാമവാസികൾ സംഘടിച്ചെത്തി ഗ്രാമത്തിൽ താമസിക്കുന്ന മൂന്ന് കത്തോലിക്കാ കുടുംബങ്ങൾ വീടുകളിൽ നിന്ന് പുറത്തിറങ്ങണമെന്ന് ആവശ്യപ്പെട്ടുവെന്ന് റായഗഡയിലെ കത്തീഡ്രൽ വികാരി ഫാ. അബേദ്കുമാർ പറഞ്ഞു.

ഭയപ്പെട്ട കുടുംബാംഗങ്ങൾ ആക്രമിക്കപ്പെടുമെന്ന ഭയത്താൽ വീടുകൾക്കു പുറത്തേക്കിറങ്ങാൻ തയാറായില്ല. ഇതോടെ പിരിഞ്ഞുപോയ അക്രമിസംഘം രാത്രിയോടെ സ്ഥലത്തെ പള്ളിയിലെത്തി അതിക്രമം നടത്തുകയായിരുന്നു.

# തുരങ്കപാതയുടെ ആദ്യ ബ്ലാസ്റ്റിങ് മുഖ്യമന്ത്രി നിർവഹിച്ചു

തിരുവമ്പാടി: ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപ്പാത നിർമാണത്തിന്റെ ഫസ്റ്റ് ബ്ലാസ്റ്റിങ് നടത്തി. നിറഞ്ഞ സന്തോഷത്തോടെയും അഭിമാനത്തോടെയും വലിയ പ്രതീക്ഷയോടെയും എല്ലാവരുടെയും അനുമതിയോടെയും ഫസ്റ്റ് ബ്ലാസ്റ്റിങ്ങിന്റെ ഭാഗമായ സ്വിച്ച് ഓൺ കർമം നിർവഹിക്കുന്നു എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വേദിയിൽ പ്രഖ്യാപിച്ചു. മുഖ്യമന്ത്രി സ്വിച്ചിൽ വിരൽ അമർത്തിയതോടെ 200 മീറ്റർ ദൂരെ തുരങ്കമുഖത്ത് വലിയ സ്ഫോടനം. പാറ പിളർന്നു വലിയ കല്ലുകൾ പുറത്തേക്കു തെറിച്ചു. ആർച്ച് ആകൃതിയിൽ അടയാളപ്പെടുത്തിയ തുരങ്കമുഖത്ത് ഗുഹ രൂപപ്പെട്ടു. വയനാട്ടിലേക്കുള്ള തുരങ്കപ്പാതയുടെ പാറ തുരക്കലിനു ഇതോടെ ശുഭാരംഭം.

രാവിലെ 11.20-ന് ആനക്കാംപൊയിൽ മരിയൻ സ്കൂൾ ഗ്രൗണ്ടിൽ ഹെലികോപ്റ്ററിലെത്തിയ മുഖ്യമന്ത്രി തുരങ്കപ്പാത പദ്ധതി പ്രദേശമായ മറിപ്പുഴ, കുണ്ടംതോട് ഭാഗത്തേക്ക് കാറിൽ എത്തി. ആദ്യം തുരങ്കം നിർമിക്കുന്ന പ്രദേശം സന്ദർശിച്ചു. വേദിയുടെ സമീപത്ത് കൊങ്കൺ റെയിൽവേ-കരാർ കമ്പനി പ്രതിനിധികളെ പരിചയപ്പെട്ടു. പിന്നീട് സ്വിച്ച് ഓൺ ചടങ്ങ് നടന്നു. തുരങ്കപ്പാതയുമായി ബന്ധപ്പെട്ട് ഉയർത്തിയ അനാവശ്യ വിവാദങ്ങൾക്ക് എതിരെയുള്ള ബ്ലാസ്റ്റിങ്ങ്കൂടി ആണ് നടക്കുന്നതെന്ന് അധ്യക്ഷത വഹിച്ച മന്ത്രി പി.എ. മുഹമ്മദ് റിയാസ് പറഞ്ഞു. മന്ത്രി എ.കെ. ശശീന്ദ്രൻ, ലിന്റോ ജോസഫ് എംഎൽഎ, താമരശ്ശേരി ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ എന്നിവരും വേദിയിൽ ഉണ്ടായിരുന്നു.



കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 10
March 09, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**


അൽപം മാത്രമുള്ളവനല്ല, അധികം ആഗ്രഹിക്കുന്നവനാണ് ദരിദ്രൻ.

**സെനക്ക്**

ഈശ്വരൻ ഓരോ പറവയ്ക്കും ആഹാരം സൃഷ്ടിക്കുന്നു. എന്നാൽ അതു കൂട്ടിലെത്തിച്ചു നൽകുന്നില്ല.

**ഇന്ത്യൻ പഴമൊഴി**


MEDICARE PLANS
QUESTIONS ANSWERED
• ZERO PREMIUM PPO PLANS
• WORLD WIDE COVERAGE
• PRESCRIPTION DRUG BENEFIT
• FREE GYM MEMBERSHIP
• DENTAL, VISION & HEARING
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay, Kumbanad P.O. Pathanamthitta District, Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ
സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ഉന്നത നീതിപീഠത്തെയും വരുതിയിലാക്കുന്നു

ജുഡീഷ്യറിയിലെ അഴിമതിയെക്കുറിച്ചുള്ള എൻസിഇആർടി പാഠപുസ്തകത്തിലെ പരാമർശത്തിൽ കേന്ദ്രസർക്കാരിനെ കുടഞ്ഞ് സുപ്രീംകോടതി. സംഭവത്തിനുപിന്നിൽ ആഴത്തിലുള്ള ഗൂഢാലോചനയുണ്ടെന്ന് വ്യക്തമാക്കിയ ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അദ്ധ്യക്ഷനായ മൂന്നംഗ ബെഞ്ച്, ആരെയും വെറുതേവിടില്ലെന്ന് മുന്നറിയിപ്പു നൽകി. ഇതോടെ, പാഠപുസ്തകത്തെ ന്യായീകരിച്ചവർ എൻസിഇആർടിയിലോ മറ്റ് മന്ത്രാലയങ്ങളിലോ ഉണ്ടാകില്ലെന്ന് കേന്ദ്രത്തിന് ഉറപ്പുനൽകേണ്ടിയും വന്നു. വിഷയം സ്വമേധയാ പരിഗണിച്ച സുപ്രീംകോടതി, വിവാദ അദ്ധ്യായം തയ്യാറാക്കിയവരെ വെറുതേ വിടില്ലെന്ന് മുന്നറിയിപ്പ് നൽകിയപ്പോഴാണ് സോളിസിറ്റർ ജനറൽ തുഷാർ മേത്ത ഇക്കാര്യം അറിയിച്ചത്. പുസ്തകത്തിന്റെ കോപ്പികൾ ഇന്റർനെറ്റിൽനിന്ന് നീക്കംചെയ്യണമെന്ന് സുപ്രീംകോടതി ആവശ്യപ്പെട്ടു. വിവാദ പാഠപുസ്തകത്തെക്കുറിച്ച് വാർത്തകൾ പുറത്തുവന്നില്ലായിരുന്നെങ്കിൽ ജുഡീഷ്യറിയുടെ സത്പേരിന് വലിയ കളങ്കമുണ്ടാകുമായിരുന്നെന്നും അദ്ദേഹം വ്യക്തമാക്കി. മുഖ്യധാരാമാധ്യമങ്ങൾ എപ്പോഴും ഉത്തരവാദിത്വത്തോടെയാണ് പ്രവർത്തിക്കുന്നതെന്ന് സോളിസിറ്റർ ജനറൽ തുഷാർ മേത്ത പറഞ്ഞു. ചില ഓൺലൈൻ ടാബ്ലോയിഡുകളാണ് പ്രശ്നമുണ്ടാക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

പാഠപുസ്തകത്തിൽ ജഡ്ജിമാർക്കെതിരെ ലഭിച്ച പരാതികളുടെ കണക്ക് പറയുന്നത്, അതിലൊന്നും ഒരു നടപടിയുമുണ്ടായില്ലെന്ന തോന്നലുണ്ടാക്കും. മുൻ ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായിയുടെ പരാമർശങ്ങളെ സാഹചര്യത്തിൽനിന്ന് അടർത്തിയെടുത്ത് ഉപയോഗിച്ചതോടെ, അഴിമതിയുണ്ടെന്ന് അദ്ദേഹം സമ്മതിച്ചതായി തെറ്റിദ്ധരിപ്പിക്കും. കുട്ടികളിൽമാത്രമല്ല, രക്ഷിതാക്കളിലും അതുവഴി പൊതുസമൂഹത്തിലും അടുത്ത തലമുറയിലുംവരെ പുസ്തകമെത്തും. നീതിപീഠത്തെ അപമാനിക്കാൻ കരുതിക്കൂട്ടി, ആലോചിച്ചുറച്ചുള്ള നീക്കമാണിതെന്നാണ് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് ക്ഷുഭിതനായി പറഞ്ഞത്. ഇതു താൻ അനുവദിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. 'നമ്മുടെ സമൂഹത്തിൽ നീതിപീഠത്തിന്റെ പങ്ക്' എന്ന അധ്യായത്തിലാണ് 'നീതിപീഠത്തിലെ അഴിമതി' എന്ന വിവാദഭാഗമുള്ളത്. ജഡ്ജിമാർ ഔദ്യോഗിക, വ്യക്തിജീവിതങ്ങളിൽ സത്യസന്ധരായിരിക്കണമെന്നും നീതിപീഠത്തിലെ അഴിമതി വെല്ലുവിളിയാണെന്നും പറയുന്ന പാഠഭാഗത്തിൽ, കേസുകൾ കോടതികളിൽ കെട്ടിക്കിടക്കുന്നതിനെക്കുറിച്ചും പരാമർശിക്കുന്നു. ഭരണകൂടത്തിലെ അഴിമതിയെക്കുറിച്ചു കുട്ടികളെ ഉദ്ബുദ്ധരാക്കാൻ എൻസിഇആർടി താത്പര്യപ്പെടാത്തതെന്തെന്നും നീതിപീഠത്തിലെ അഴിമതിമാത്രമേ കണ്ണിൽപ്പെട്ടുള്ളോ എന്നുമുള്ള ചോദ്യങ്ങളാണ് ഉയരുന്നത്. ഇപ്പോഴത്തെ കേന്ദ്രസർക്കാരും സുപ്രീംകോടതിയും തമ്മിലുള്ള അസ്വാരസ്യങ്ങൾ എൻസിഇആർടിയുടെ നടപടിക്കു പിന്നിലുണ്ടോ എന്നും സംശയിക്കപ്പെടുന്നുണ്ട്. ജഡ്ജിമാരുടെ നിയമന-സ്ഥലംമാറ്റ കാര്യങ്ങളിൽ കേന്ദ്രസർക്കാരും സുപ്രീംകോടതി കൊളീജിയവും പലപ്പോഴും അഭിപ്രായൈക്യത്തിലല്ല. ഉന്നത നീതിപീഠത്തെ വരുതിയിലാക്കാൻ കേന്ദ്രസർക്കാർ ചതുരുപായങ്ങൾ പ്രയോഗിക്കാറുള്ളതായും ആരോപണമുള്ളതാണ്.

ഇന്ത്യൻ സ്കൂൾ വിദ്യാഭ്യാസമേഖലയിൽ പാഠ്യപദ്ധതി നിർണയിക്കുന്ന എൻസിഇആർടി, കേന്ദ്രസർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ഇന്ത്യ ഭരിക്കുന്ന ബിജെപിയുടെ രാഷ്ട്രീയപദ്ധതിക്കും ആശയതാത്പര്യങ്ങൾക്കുമനുസൃതമായ വിധത്തിലുള്ള മാറ്റങ്ങൾ എൻസിഇആർടി സമീപകാലത്തായി പാഠ്യപദ്ധതിയിൽ കൊണ്ടുവരുന്നതു വിവാദവിഷയമാണ്. പന്ത്രണ്ടാംക്ലാസിലെ രാഷ്ട്രമീമാംസാപുസ്തകത്തിൽനിന്ന് ഗാന്ധിവധം, ബാബറി മസ്ജിദ്, ഗുജറാത്ത് കലാപം എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ നീക്കിയതടക്കം സംഘപരിവാറിന്റെ ആശയതാത്പര്യങ്ങളോടു ചേർന്നുനിൽക്കുന്ന മാറ്റങ്ങൾ പല പാഠപുസ്തകങ്ങളിലായി വരുത്തിയിട്ടുണ്ട്. പന്ത്രണ്ടാംക്ലാസ് ചരിത്രപുസ്തകത്തിൽനിന്നു മുഗൾ കാലഘട്ടത്തെക്കുറിച്ചുള്ള ഒരു അധ്യായം അപ്പാടേ ഒഴിവാക്കി.

1961-ലാണ് എൻസിഇആർടിയുടെ പിറവി. ഉന്നതശീർഷരായ പണ്ഡിതരാണ് ആദ്യകാലങ്ങളിൽ പാഠപുസ്തകങ്ങൾ തയ്യാറാക്കിയിരുന്നത്. പിന്നീട് യുപിഎ അധികാരത്തിൽവന്നപ്പോൾ, പാഠപുസ്തകങ്ങളിൽ കാതലായ മാറ്റങ്ങൾ ആവിഷ്കരിക്കാൻ പ്രഗല്ഭരായ പണ്ഡിതരെ ചുമതലപ്പെടുത്തി. അക്കാദമികസമൂഹത്തിന്റെ പ്രശംസ പിടിച്ചുപറ്റിയ പാഠപുസ്തകങ്ങൾ തയ്യാറാക്കുകയും ചെയ്തു. ആ പുസ്തകങ്ങളിലാണ് ബിജെപി സർക്കാർ സ്വതാത്പര്യാർഥമുള്ള തേച്ചുമായ്ക്കലുകളും കൂട്ടിച്ചേർക്കലുകളും നടത്തുന്നത്. ഇപ്പോൾ വിവാദമായിരിക്കുന്ന, നീതിപീഠത്തിലെ അഴിമതിയെക്കുറിച്ചുള്ള പാഠഭാഗത്തിനുപിന്നിൽ കേന്ദ്രസർക്കാരിന്റെ ഭരണതന്ത്രപരമായ താത്പര്യമാണെന്നേ കരുതാനാകൂ.

# ലോകരാഷ്ട്രീയത്തിൽ കേന്ദ്രബിന്ദുവായി ഇന്ത്യ മാറുമെന്ന് രാജ്നാഥ് സിങ്

കൊൽക്കത്ത: ആഗോള രാഷ്ട്രീയത്തിന്റെ കേന്ദ്ര ബിന്ദുവായി ഇന്ത്യ മാറുന്നുവെന്നും അപ്രതീക്ഷിത സാഹചര്യങ്ങളെ നേരിടാൻ ഇന്ത്യ തയാറാകേണ്ടതുണ്ടെന്നും പ്രതിരോധ മന്ത്രി രാജ്നാഥ് സിങ്. ദ് വീക്ക്-ജിആർഎസ്ഇ സാഗർ സങ്കൽപ് ദേശീയ മാരിടൈം-ഡിഫൻസ് ഡയലോഗ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.



കൊൽക്കത്തയിൽ ദ് വീക്ക്-ജിആർഎസ്ഇ സാഗർ സങ്കൽപ് ദേശീയ മാരിടൈം-ഡിഫൻസ് ഡയലോഗ് കേന്ദ്രമന്ത്രി രാജ്നാഥ് സിങ് ഉദ്ഘാടനം ചെയ്യുന്നു.

ആഗോള രാഷ്ട്രീയത്തിൽ ഇന്ത്യയുടെ പങ്ക് നിർണായകമാണെന്ന് പശ്ചിമേഷ്യയിലെ സംഭവ വികാസങ്ങൾ വ്യക്തമാക്കുന്നു. വ്യാപാരകേന്ദ്രം എന്നതിൽനിന്ന് തന്ത്രപ്രധാനമായ മേൽക്കോയ്മയുടെ ഭാഗമായി മാറി ഇന്ത്യയുടെ കടലോരങ്ങൾ - രാജ്നാഥ് സിങ് പറഞ്ഞു.

വർധിക്കുന്ന സംഘർഷങ്ങളിൽ ഊർജോൽപാദനരംഗത്തെ സുരക്ഷയാണ് ഇല്ലാതാകുന്നത്. എണ്ണ-വാതക നീക്കം തടസ്സപ്പെടുന്നതു ലോക വ്യാപാരത്തിലും പ്രതിഫലിക്കുന്നു. 2030-ൽ ഇന്ത്യ ലോകത്തെ ഏറ്റവും വലിയ സമുദ്രശക്തികളിലൊന്നാകുമെന്നും രാജ്നാഥ് സിങ് പറഞ്ഞു.

ഷിപ്പിങ് മേഖലയിൽ ഇന്ത്യ മുന്നോട്ടുപോകുകയാണെന്ന് കേന്ദ്ര ഷിപ്പിങ് സഹമന്ത്രി ശന്തനു താക്കൂർ പറഞ്ഞു. സമുദ്രസഞ്ചാര മേഖലയിലെ വെല്ലുവിളികൾ ഏറ്റെടുത്ത് വ്യാപാര രംഗത്ത് ലഭ്യതയും വിതരണവും തമ്മിലുള്ള അന്തരം കുറക്കാൻ ഗാർഡൻ റീച്ച് ഷിപ് ബിൽഡേഴ്സ് ആൻഡ് എഞ്ചിനീയേഴ്സ് (ജിആർഎസ്ഇ) ശ്രമം നടത്തുകയാണെന്ന് ചെയർമാനും മാനേജിങ് ഡയറക്ടറുമായ കമ്മഡോർ പി.ആർ. ഹരി പറഞ്ഞു.

ദ് വീക്ക് ചീഫ് അസോഷ്യേറ്റ് എഡിറ്റർ റിയാദ് മാത്യു, ഭാരത് ഫോർജ് മാനേജിംഗ് ഡയറക്ടർ ബാബാ കല്യാണി, കേന്ദ്ര തുറമുഖ-ഷിപ്പിങ് സ്പെഷൽ സെക്രട്ടറി രാജേഷ് കുമാർ, നേവി കൺട്രോളർ ഓഫ് വാർഷിപ് പ്രൊഡക്ഷൻ വൈസ് അഡ്മിറൽ സഞ്ജയ് സാധു, ടിഎൻഎസ് ഡപ്യൂട്ടി എംഡി കമ്മഡോർ സഞ്ജയ് ദേശ് പാണ്ഡെ, ജിആർഎസ് ഇ അഡ്വൈസർ കമ്മഡോർ ജയന്ത ചൗധരി, ദ് വീക്ക് സീനിയർ അസിസ്റ്റന്റ് എഡിറ്റർ സഞ്ജീബ് കുമാർ ബറുവ, മാർക്കറ്റിങ് സീനിയർ ജനറൽ മാനേജർ അതുൽ അറോറ എന്നിവർ പ്രസംഗിച്ചു.

ജിആർഎസ്ഇയുടെ ചരിത്രം പറയുന്ന കോഫിടേബിൾ ബുക്ക് ചടങ്ങിൽ പ്രകാശനം ചെയ്തു. വിവിധ സെഷനുകളിൽ മിലിറ്ററി അഫയേഴ്സ് അഡീഷണൽ സെക്രട്ടറി വൈസ് അഡ്മിറൽ അതുൽ ആനന്ദ്, കല്യാണി സ്ട്രാറ്റജീസ് വൈസ് പ്രസിഡണ്ട് റിയർ അഡ്മിറൽ സി.എസ്. ബാബുരാജ്, ഈസ്റ്റേൺ നാവിഗേഷൻ ഡയറക്ടർ പിയൂഷ് സിംഗി എന്നിവർ പങ്കെടുത്തു.

കൊച്ചി മെട്രോ എംഡി ലോക്നാഥ് ബെഹ്റ, മാരിടൈം സുരക്ഷാ വിദഗ്ധൻ അഭിജിത് ഭട്ടാചാര്യ, ഇന്ത്യൻ മാരിടൈം സർവകലാശാലാ ഡയറക്ടർ റിയർ അഡ്മിറൽ അമിത് ബോസ്, ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് നേവൽ ആർക്കിടെക്സ് പ്രസിഡണ്ട് ഡോ. മനു കൊറുല്ല എന്നിവർ വിവിധ സെഷനുകൾ നിയന്ത്രിച്ചു.

# അയ്യപ്പസംഗമം: ദേവസ്വം ബോർഡ് ഉത്തരം പറയണമെന്ന് ഹൈക്കോടതി

കൊച്ചി: പമ്പയിൽ നടന്ന ആഗോള അയ്യപ്പ സംഗമത്തിനായി സ്പോൺസർഷിപ്പിലൂടെ ലഭിച്ചതിനേക്കാൾ കൂടുതൽ പണം ചെലവായിട്ടുണ്ടെങ്കിൽ ദേവസ്വം ബോർഡ് വിശദീകരിക്കണമെന്ന് ഹൈക്കോടതി. സംഗമത്തിനുള്ള പണം സ്പോൺസർഷിപ്പിലൂടെ ലഭിക്കുമെന്നാണ് പറഞ്ഞത്. അതിനേക്കാൾ ഏറെ ചെലവായിട്ടുണ്ടെന്നാണ് ഓഡിറ്റിംഗിൽ നിന്ന് വ്യക്തമാകുന്നത്. ഇക്കാര്യത്തിലാണ് വിശദീകരണം വേണ്ടതെന്നും ജസ്റ്റീസ് വി. രാജ വിജയരാഘവനും ജസ്റ്റിസ് കെ.വി. ജയകുമാറും അടങ്ങിയ ബെഞ്ച് വ്യക്തമാക്കി.

വരവ്ചെലവുമായി ബന്ധപ്പെട്ട് ഓഡിറ്റ് സ്ഥാപനമായ വിജയൻ ആൻഡ് അസോസിയേറ്റ്സ് ഹാജരാക്കിയ രേഖകൾ പരിശോധിച്ച ശേഷമാണ് വിശദീകരണം ആവശ്യപ്പെട്ടത്. ബോർഡിന്റെ സാമ്പത്തിക അച്ചടക്കമില്ലായ്മയിലേക്ക് വിരൽ ചൂണ്ടുന്നതാണ് സംഗമത്തിന്റെ പേരിൽ നടന്ന പല ഇടപാടുകളുമെന്ന് കോടതി പറഞ്ഞു. ബോർഡ് കൂടുതൽ സമയം തേടുന്നതിൽ അർത്ഥമില്ല.

ബോർഡിന്റെ ഓഡിറ്റിംഗ് നടത്തുമ്പോൾ നേരിടുന്ന പ്രശ്നങ്ങൾ വിശദീകരിച്ച് റിപ്പോർട്ട് നല്കാൻ ഓഡിറ്റ് സ്ഥാപനത്തോടും നിർദേശിച്ചു. എങ്ങനെ മെച്ചപ്പെടുത്താനാകും എന്നതിൽ നിർദ്ദേശങ്ങളും നല്കണം. വിഷയം ഏപ്രിൽ ഒന്നിന് വീണ്ടും പരിഗണിക്കും.

അയ്യപ്പസംഗമത്തിനായി തുറന്ന ധനലക്ഷ്മി ബാങ്കിലെ അക്കൗണ്ടിൽ സ്പോൺസർഷിപ്പായി ലഭിച്ചത് 3.98 കോടിയാണ്. ഇതിൽ രണ്ട് കോടി രൂപ ധനലക്ഷ്മി ബാങ്കും ഒരു കോടി കേരള ബാങ്കും 98 ലക്ഷം അദാനി വിഴിഞ്ഞം പോർട്ടും നല്കിയതാണ്. ഇതിനു പുറമെ ദേവസ്വം അക്കൗണ്ടിൽ നിന്ന് അഞ്ചു കോടിയും അക്കൗണ്ടിലെത്തി.

സംഗമത്തിന്റെ നടത്തിപ്പ് ഏല്പിച്ചിരുന്ന ഊരാളുങ്കൽ സൊസൈറ്റിയുടെ കീഴിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ (ഐഐഐസി) അയച്ച പുതുക്കിയ ബിൽ സ്റ്റേറ്റ്മെന്റ് പ്രകാരം 7.04 കോടി രൂപയാണ് ചെലവായി കാണിച്ചിരിക്കുന്നത്. ഇതിൽ മൂന്നുകോടി മുൻകൂറായി നല്കി. 4.04 കോടി ലഭിക്കാനുണ്ട്.

നടത്തിപ്പിന് ഐഐഐസി, നിയോ കൊച്ചിൻ, കോവളം കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജ്, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി എന്നിവയ്ക്ക് യഥാക്രമം 1.73 കോടി, 3.22 കോടി, 36 ലക്ഷം രൂപയ്ക്ക് ഉപകരാർ നല്കി.

പല പരിപാടിയുടെയും ബില്ലുകൾ ഒരുമിച്ചാണ് നല്കിയത്. ഓരോ പരിപാടിയുടെയും ചെലവ് കൃത്യമായി വിലയിരുത്താനായിട്ടില്ല. ജോയിന്റ് മെഷർമെന്റ് റിപ്പോർട്ടിലെ പൊരുത്തക്കേടും കോടതി ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

# LEGAL TEAM FOR PROPERTY SALE

I recently got my inherited properties in Kerala mutated from my parents to me through the efforts of a team of legal experts who have been practicing in Kerala for the past 40+ years on many different legal cases. If you are interested in getting in touch with this same legal team contact me for their contact details.

I have neither any financial (monetary) gains from nor any legal liability or responsibility for your case because your engagement with this legal team will be at your own sole risk. Consult with your local legal advisor before you decide to engage that is if you are unsure.

Here as a favor to the Malayalee expatriate community at large and at my own cost and my own will I am sharing my experience here for those seeking help with their assets in Kerala. The intent of the content in this post of mine is neither to promote nor degrade anyone nor their profession but to help those in serious need.

**My number is**
**+1 (412) 327-5600 (USA)**






# മലയാളികളുടെ സേവനസന്നദ്ധതയിൽ അഭിമാനമെന്ന് രാഹുൽ ഗാന്ധി



കുട്ടിക്കാനം മരിയൻ കോളജിൽ എത്തിയ രാഹുൽ ഗാന്ധി കളരി അഭ്യാസം പഠിച്ച വിദ്യാർത്ഥിനി എം. ധനശ്രീക്കൊപ്പം അഭ്യാസമുറകൾ അവതരിപ്പിക്കുന്നു.

കുട്ടിക്കാനം: കുട്ടിക്കാനം മരിയൻ കോളജ് അങ്കണത്തിൽ തൂവെള്ള ടീഷർട്ടും പാന്റും ധരിച്ച് ഹെലികോപ്ടറിൽനിന്നിറങ്ങിയ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയെ വിദ്യാർത്ഥികൾ ആവേശത്തോടെ വരവേറ്റു. വിദ്യാർത്ഥികൾക്ക് ഹസ്തദാനം നൽകി ന്യൂജെൻ സ്റ്റൈലിൽ രാഹുൽ കാമ്പസിന്റെ ആവേശവും അതിഥിയുമായി മാറി. മാർച്ച് ആറിന് ഉച്ചകഴിഞ്ഞ് 1.50-ന് കുട്ടിക്കാനത്തെത്തിയ രാഹുൽ ഗാന്ധി മൂന്നു മണിക്കൂറോളം മരിയൻ കാമ്പസിൽ പുതുതലമുറയ്ക്കൊപ്പം ചെലവഴിച്ചു. സംവാദത്തിന് വേദിയിലേക്ക് ക്ഷണിക്കുംവരെ രാഹുൽ വിദ്യാർത്ഥികളുടെ നിരയിലാണ് ഇരുന്നത്.

ഉന്നത വിദ്യാഭ്യാസരംഗത്ത് ഇന്ത്യയുടെ ആദർശത്തിനും പൈതൃകത്തിനു കളങ്കം ചാർത്തുന്ന കേന്ദ്രസർക്കാർ നടപടികളെ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി വിമർശിച്ചു. മുൻനിര സർവകലാശാലകളിൽ ആർഎസ്എസ് അനുഭാവം പുലർത്തുന്നവരെ വൈസ് ചാൻസലർമാരായി സർക്കാർ നിയമിക്കുന്നത് ഇന്ത്യയുടെ സംസ്കൃതിക്ക് ഭൂഷണമല്ലെന്നും രാഹുൽ ഗാന്ധി പറഞ്ഞു. നിർമിത ബുദ്ധിയിലും വിവരസാങ്കേതികവിദ്യയിലും ഇന്ത്യ അമേരിക്കയ്ക്കും ചൈനയ്ക്കും ഏറെ പിന്നിലാണ്. എന്നാൽ, ഈ രാജ്യങ്ങൾ നിർമിതബുദ്ധിയിലും മറ്റും മുന്നേറ്റം നടത്തിയത് ഇന്ത്യയുടെ ഡാറ്റാകളും മറ്റു സംവിധാനങ്ങളും ഉപയോഗിച്ചാണ്.

കേരളീയരുടെ സേവനസന്നദ്ധതയും സ്നേഹവും തനിക്ക് വലിയ അഭിമാനവും ആശ്വാസവും പകരുന്നതായി രാഹുൽ സംവാദത്തിൽ പരാമർശിച്ചു.

ഗൾഫിൽ എവിടെ ചെന്നാലും മലയാളികളെ കാണാം. മലയാളികളുടെ വശ്യമായ പെരുമാറ്റം വലിയ ഹൃദ്യത പകരുന്നതാണ്. ഡൽഹിയിൽ അമ്മ സോണിയ ഗാന്ധിയുമായി ആശുപത്രിയിൽ ചെന്നാൽ അവിടത്തെ മലയാളി നേഴ്സുമാരുടെ പരിചരണവും കരുണയും നേരിട്ടു കാണാറുണ്ട്. രോഗിയെ സൗഖ്യപ്പെടുത്താൻ മലയാളി നേഴ്സുമാർക്ക് മാന്ത്രികസിദ്ധിയുള്ളതായി തോന്നിയിട്ടുണ്ട്.

സംവാദത്തിൽ ചോദ്യമുന്നയിച്ച ഒരു വിദ്യാർത്ഥി രാഹുലിനെ ചേട്ടാ എന്നു വിളിച്ചോട്ടെ എന്നു ചോദിച്ചു. വലിയ ചേട്ടനായി കാണുന്നതിൽ സന്തോഷം എന്നു രാഹുലിന്റെ മറുപടി. ഇളയ സഹോദരൻ എന്ന വാക്ക് മലയാളത്തിൽ എങ്ങനെയാണെന്ന് രാഹുൽ ചോദിച്ചു. അനുജൻ എന്നു മറുപടി കിട്ടിയപ്പോൾ ചോദ്യകർത്താവിനെ 'അനുജാ' എന്നു വിളിക്കാനും മടിച്ചില്ല.

സംവാദത്തിനുശേഷം മൂന്നര മണിയോടെയാണ് രാഹുൽ കോളജിൽ വിദ്യാർത്ഥികൾക്കൊപ്പം ഭക്ഷണം കഴിച്ചത്. വനിതാദിനം പ്രമാണിച്ച് പെൺകുട്ടികളുമായി വനിതാ ക്ഷേമകാര്യങ്ങൾ ആരാഞ്ഞു. തൂശനിലയിൽ നാടൻ കുത്തരിച്ചോറും മീൻകറിയും അവിയലും സാമ്പാറും പായസവും രാഹുൽ രുചിയോടെ കഴിച്ചു. കൂടെ ചപ്പാത്തിയും.

മരിയൻ കോളജ് കാമ്പസും ഓഡിറ്റോറിയവും അതിമനോഹരമാണെന്ന് രാഹുൽ പറഞ്ഞു.

തന്റെ ബാല്യത്തിൽ ഇത്ര മനോഹരമായ ഓഡിറ്റോറിയമോ കസേരയോ കാണാനായിട്ടില്ല. വയനാട്ടിൽ അഞ്ചു വർഷം എംപിയായിരുന്നിട്ടും മലയാളം പഠിക്കാൻ സാധിച്ചില്ല. നന്ദി, നമസ്കാരം എന്നൊക്കെ പറയാനേ പറ്റുന്നുള്ളൂ. എന്നാൽ സഹോദരി പ്രിയങ്ക അതിവേഗത്തിൽ മലയാളം വശമാക്കിവരികയാണെന്നും അവൾ നല്ല പാചകക്കാരിയാണെന്നും രാഹുൽ പറഞ്ഞു.

## ഫിംഗർ പ്രിന്റിനൊപ്പം ഡിഎൻഎയും കണ്ടെത്താം

തൃശ്ശൂർ: കുറ്റാന്വേഷണം കൂടുതൽ സുഗമവും കൃത്യവുമാക്കാനുതകുന്ന പരിസ്ഥിതിസൗഹൃദ സാങ്കേതികവിദ്യ വികസിപ്പിച്ച കേരളത്തിലെ സംഘത്തിന് പേറ്റന്റ്. ജൈവവസ്തുക്കളാൽ നിർമിച്ച ഫിംഗർപ്രിന്റിങ് പൗഡറിന് കൈവിരലടയാളം കണ്ടെത്താൻ മാത്രമല്ല അതിലൂടെ ഡിഎൻഎയും കണ്ടെത്താനാകും.

കേരള പോലീസ് അക്കാദമിയിലെ കാലിക്കറ്റ് സർവകലാശാലയുടെ ഫൊറൻസിക് സയൻസ് പഠനവകുപ്പും സുവോളജി പഠനവകുപ്പും മഹാത്മാഗാന്ധി സർവകലാശാലയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ആൻഡ് ടെക്നോളജിയുമായി ചേർന്നാണ് പുതിയരീതി വികസിപ്പിച്ചത്. മുള്ളാത്തപ്പഴത്തിന്റെ തൊലിയുപയോഗിച്ചാണ് നാനോ സിൽവർ ഫിംഗർപ്രിന്റിങ് പൗഡർ വികസിപ്പിച്ചത്. ഇത് ഉപയോഗിക്കാനുള്ള സാങ്കേതികവിദ്യയും വികസിപ്പിച്ചു. ഇവയ്ക്കാണ് പേറ്റന്റ്. ഒരു വസ്തുവിനെ സ്പർശിക്കുമ്പോൾ അവിടെ സൂക്ഷ്മമായ ത്വക്ക് കോശങ്ങൾ അവശേഷിക്കും. ഈ കോശങ്ങളിലെ ഡിഎൻഎ കണ്ടെത്തുന്ന രീതിയാണ് ടച്ച് ഡിഎൻഎ. പരിസ്ഥിതിസൗഹൃദമായ നാനോ-സിൽവർ ഘടകങ്ങൾ ഉപയോഗിച്ച് വികസിപ്പിച്ച പ്രത്യേക ഡിഎൻഎ ഫിംഗർപ്രിന്റിങ് പൗഡർ വഴി, ഇത്തരം അദൃശ്യ ഡിഎൻഎ തെളിവുകൾ കൂടുതൽ കൃത്യതയോടെ കണ്ടെത്താൻ കഴിയും.

സാധാരണ രീതികളെക്കാൾ പത്തുമടങ്ങ് കൂടുതൽ 'ടച്ച് ഡി.എൻ.എ' ലഭ്യമാക്കാൻ കഴിയുന്നതാണ് ഇതിന്റെ പ്രധാന പ്രത്യേകതയെന്ന് ഗവേഷകർ പറയുന്നു. കുറ്റാന്വേഷണശാസ്ത്രത്തിൽ വിരലടയാളങ്ങൾ കണ്ടെത്തുന്നതിനും ആളെ തിരിച്ചറിയുന്നതിനും ഈ സാങ്കേതികവിദ്യ നിർണായക സഹായം നൽകുമെന്ന് അവർ അവകാശപ്പെട്ടു. എം.ജി. സർവകലാശാലയിലെ ഡോ. ഷാരൽ റെബല്ലോ, ഡോ. എം.എസ്. ജിഷ, കാലിക്കറ്റ് സർവകലാശാലയിലെ ഡോ. എം.എസ്. ശിവപ്രസാദ്, ഡോ. ഇ.എം. അനീഷ്, ആർ. സുവിത, നാഷണൽ ഫൊറൻസിക് സയൻസ് സർവകലാശാലയിലെ ശ്രുതി ജയൻ എന്നിവരടങ്ങുന്നതാണ് ഗവേഷകസംഘം.

## തെര. കമ്മീഷന് ഇടപെടാനാകില്ലെന്ന് ഹൈക്കോടതി

കൊച്ചി: തദ്ദേശ സ്ഥാപന ഭരണസമിതി തെരഞ്ഞെടുപ്പിൽ ഇടപെടാൻ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് അധികാരമില്ലെന്ന് ഹൈക്കോടതി. തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം പൂർത്തിയാകുന്നതോടെ കമ്മീഷന്റെ അധികാരം പരിമിതപ്പെടുമെന്ന് വിലയിരുത്തിയാണ് ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണന്റെ ഉത്തരവ്.

പത്തനംതിട്ട കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് തെരഞ്ഞെടുപ്പ് അസാധുവാക്കിയ തെരഞ്ഞെടുപ്പു കമ്മീഷന്റെ നടപടി ഹൈക്കോടതി റദ്ദാക്കി. പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് തെരഞ്ഞെടുപ്പ് തർക്കം സിവിൽ കോടതിയിലാണ് ഉന്നയിക്കേണ്ടതെന്നും കോടതി ചൂണ്ടിക്കാട്ടി. വൈസ് പ്രസിഡണ്ടായി നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്ത ബിജെപി അംഗം കെ.കെ. ഹരികുമാറിന്റെ ഹർജി അനുവദിച്ചാണ് നടപടി.

യുഡിഎഫ് അംഗവുമായി തുല്യത പാലിച്ചതിനെ തുടർന്നാണ് വൈസ് പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ നറുക്കെടുപ്പ് വേണ്ടിവന്നത്. തുടർന്ന് ഹർജിക്കാരൻ വിജയിച്ചതായി വരണാധികാരി പ്രഖ്യാപിക്കുകയും സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ, നടപടിക്രമങ്ങളിൽ വീഴ്ച പറ്റിയെന്ന് വരണാധികാരി തന്നെ പിന്നീട് റിപ്പോർട്ടു ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിലാണ് വൈസ് പ്രസിഡണ്ട് തെരഞ്ഞെടുപ്പ് കമ്മീഷൻ റദ്ദാക്കിയത്.






# മലയാളി അസോസിയേഷൻ ഓഫ് ടാമ്പായുടെ (MAT) പ്രവർത്തനോദ്ഘാടനം പ്രൗഢഗംഭീരമായി

ടാമ്പ: മലയാളി അസോസിയേഷൻ ഓഫ് ടാമ്പായുടെ പ്രവർത്തനോദ്ഘാടനം വൈവിദ്ധ്യമാർന്നതും വർണ്ണോജ്വലവുമായ കലാപരിപാടികൾ കൊണ്ടും വമ്പിച്ച ജനപങ്കാളിത്തം കൊണ്ടും മാറ്റിന്റെ ചരിത്രത്തിൽ പുതിയൊരു അദ്ധ്യായം എഴുതിച്ചേർത്തു.

**രാജു മൈലപ്ര**



ഫെബ്രുവരി 28-ന് ശനിയാഴ്ച വൈകുന്നേരം ആറു മണിയോടു കൂടിയാണ് ടാമ്പാ ക്നാനായ കമ്യൂണിറ്റി സെന്ററിൽ ആഘോഷപരിപാടികൾക്കു തുടക്കമായത്. അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചേർന്ന സാംസ്കാരിക, സാമുദായിക, ഫൊക്കാന, ഫോമാ പ്രതിനിധികളുടെ സാന്നിദ്ധ്യം ശ്രദ്ധേയമായി.

മുൻ പ്രസിഡണ്ട് ജോൺ കല്ലോലിക്കൽ തന്റെ ആമുഖപ്രസംഗത്തിനു ശേഷം പുതുതായി സ്ഥാനമേൽക്കുന്ന ഭാരവാഹികളെ സ്റ്റേജിലേക്കു ക്ഷണിച്ചു. വിശിഷ്ടാതിഥികളായി എത്തിയ ഡോ. സൗമ്യ വിശ്വനാഥ്, ഗിരീഷ് നാരായണൻ എന്നിവരോടൊപ്പം വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ പുതുതായി തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട് ബിജോയ് ജോസഫും കമ്മിറ്റിയംഗങ്ങളും വേദിയിലെത്തി. മുൻ പ്രസിഡണ്ട് ശ്രീമതി സുനിതാ ഫ്ളൗവർഹിൽ ചൊല്ലിക്കൊടുത്ത സത്യവാചകം ഏറ്റുചൊല്ലി പുതിയ ഭാരവാഹികൾ ചുമതലയേറ്റു.

ക്ഷണിക്കപ്പെട്ട അതിഥികളോടൊപ്പം ഭദ്രദീപം തെളിയിച്ചതിനുശേഷം പ്രസിഡണ്ട് ബിജോയ് ജോസഫ് തന്നിൽ വിശ്വാസമർപ്പിച്ച് ഏല്പിച്ച ചുമതലകൾ കാര്യക്ഷമമായി ആത്മാർത്ഥതയോടു കൂടി പ്രാവർത്തികമാക്കുമെന്ന് ഉറപ്പു നല്കി. മാറ്റിന്റെ പ്രവർത്തനങ്ങൾ കമ്മിറ്റിയംഗങ്ങളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ കൂടുതൽ വ്യാപിപ്പിക്കുമെന്ന് അദ്ദേഹം പ്രസ്താവിച്ചു. കൂടുതൽ യുവജനപങ്കാളിത്തം, കൂടുതൽ വനിതാ പ്രതിനിധ്യം, ജീവകാരുണ്യപ്രവർത്തനം തുടങ്ങിയ വിഷയങ്ങൾക്ക് പ്രഥമ പരിഗണന നല്കുമെന്നും അദ്ദേഹം ഉറപ്പു നല്കി.



പ്രധാന അതിഥിയായി എത്തിയ ബേബി കെയർ മെഡിക്കൽ ഫിസിഷ്യൻ എക്സിക്യൂട്ടീവ് ഡോ. സൗമ്യ വിശ്വനാഥ് പാരമ്പര്യമായി കേരളത്തോട് തനിക്കുള്ള കുടുംബബന്ധം സദസ്യരുമായി പങ്കുവെച്ചു. മെഡിക്കൽ സേവനരംഗത്ത് ടാമ്പാ മലയാളികൾ ചെയ്യുന്ന മഹത്തായ സേവനങ്ങളെ അവർ പ്രശംസിച്ചു.

വിശിഷ്ടാതിഥിയായി എത്തിയ ഗിരീഷ് നാരായണന്റെ ഫ്യൂഷൻ സംഗീതം ഏവരും ആസ്വദിച്ചു. തുടർന്ന് മൂന്നു മണിക്കൂറോളം ഇടവേളകളില്ലാതെ അരങ്ങേറിയ കണ്ണഞ്ചിപ്പിക്കുന്ന കലാപ്രകടനങ്ങൾ കാണികളെ വിസ്മയഭരിതരാക്കി.

മിസ് ജിനിത ചാലയിൽ, ജോമോൻ തെക്കത്തോട്ടിൽ എന്നിവർ എംസിമാരായി പരിപാടികൾ നിയന്ത്രിച്ചു. ഇന്ത്യൻ വിഭവങ്ങളടങ്ങിയ ഡിന്നറോടു കൂടി പരിപാടികൾ സമാപിച്ചു.

# ടോൾപ്ലാസകൾ വനിതകൾ നിയന്ത്രിക്കും

കൊച്ചി: സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായി രാജ്യത്തുടനീളമുള്ള 1,140 ടോൾ പ്ലാസകളിലായി 5,100-ലധികം വനിതാജീവനക്കാരെ നാഷണൽ ഹൈവേ അഥോറിറ്റി ഓഫ് ഇന്ത്യ (എൻഎച്ച്എഐ) വിന്യസിക്കുന്നു.

രാജ്യത്തെ ദേശീയ പാതകളിലും എക്സ്പ്രസ് വേകളിലുമുള്ള ടോൾപ്ലാസകളുടെ നിയന്ത്രണം ഇനി വനിതകളുടെ കൈകളിലാകും. പകൽ ഷിഫ്റ്റുകളിൽ ടോൾബൂത്തുകൾ കൈകാര്യം ചെയ്യുന്നതിനാണ് വനിതകളെ നിയോഗിച്ചിരിക്കുന്നത്.

ലിംഗപരമായ സമത്വം പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം ടോൾപ്ലാസകളിലെ സേവനവിതരണം കൂടുതൽ മെച്ചപ്പെടുത്തുകയാണ് ഈ നീക്കത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് റോഡ് ഗതാഗത ഹൈവേ മന്ത്രാലയം വ്യക്തമാക്കുന്നു. പ്രധാന വ്യവസായ അസോസിയേഷനുകളുമായും ടോൽപ്ലാസ ഓപ്പറേറ്റർമാരുമായും നടത്തിയ വിശദമായ ചർച്ചകൾക്കു ശേഷമാണ് എൻഎച്ച്എഐ സുപ്രധാനമായ ഈ തീരുമാനമെടുത്തത്.

ഹൈവേ ഓപ്പറേറ്റേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ, നാഷണൽ ഹൈവേസ് ബിൽഡർ ഫെഡറേഷൻ തുടങ്ങിയ സംഘടനകൾ ടോൾപിരിവിനായി പകൽ ഷിഫ്റ്റുകളിൽ വനിതാ ജീവനക്കാരെ നിയോഗിക്കുന്നതിനെ ഏകകണ്ഠമായി പിന്തുണച്ചു.

നിലവിൽ വിന്യസിച്ചിട്ടുള്ള അയ്യായിരത്തിലധികം പേർക്ക് പുറമേ കൂടുതൽ വനിതകൾ ഈ മേഖലയിലേക്ക് കടന്നുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. പുതുതായി ചുമതലയേറ്റ ജീവനക്കാർക്ക് പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ളവർക്ക് തങ്ങളുടെ ജോലികൾ കാര്യക്ഷമമായി നിർവഹിക്കുന്നതിന് എൻഎച്ച്എഐ പ്രത്യേക പരിശീലനവും നല്കും.

യാത്രക്കാരോടുള്ള മാന്യമായ പെരുമാറ്റം, അടിയന്തര സാഹചര്യങ്ങൾ കൈകാര്യം ചെയ്യൽ, സുരക്ഷാ പ്രോട്ടോക്കോൾ, ടോൾ പ്രവർത്തനങ്ങളിലെ കൃത്യത തുടങ്ങിയ കാര്യങ്ങളിലാണ് പരിശീലനം കേന്ദ്രീകരിക്കുന്നത്.

സ്ത്രീകൾക്ക് സുരക്ഷിതവും പ്രഫഷണലുമായ തൊഴിൽ അന്തരീക്ഷം ഉറപ്പാക്കുന്നതിലൂടെ സാമൂഹിക ശാക്തീകരണം സാദ്ധ്യമാക്കാനാണ് അഥോറിറ്റി ലക്ഷ്യമിടുന്നതെന്ന് അധികൃതർ പറഞ്ഞു.

# ബംഗാൾ ഗവർണർ ആനന്ദ ബോസ് രാജിവെച്ചു



കൊൽക്കത്ത: പശ്ചിമബംഗാൾ ഗവർണർ സ്ഥാനത്തു നിന്നും ഡോ. സി.വി. ആനന്ദ ബോസിന്റെ അപ്രതീക്ഷിത രാജി. ചെന്നൈയിൽ നിന്നും ന്യൂഡൽഹിയിലെത്തിയ അദ്ദേഹം രാഷ്ട്രപതി ദ്രൗപദി മുർമുവിന് രാജിക്കത്ത് നൽകുകയായിരുന്നു. രാജി രാഷ്ട്രപതി സ്വീകരിച്ചു. തമിഴ്നാട് ഗവർണർ ഡോ. ആർ.എൻ. രവിയെ പശ്ചിമ ബംഗാളിലേക്ക് മാറ്റി. കേരള ഗവർണർ രാജേന്ദ്ര ആർലേക്കർക്ക് തമിഴ്നാടിന്റെ അധിക ചുമതല നൽകി. ബിഹാർ ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ മാറ്റി പകരം ലഫ്. ജനറൽ (റിട്ട.) സയ്യിദ് അതാ ഹസ്നൈനെ നിയമിച്ചു. പശ്ചിമ ബംഗാൾ ഗവർണർ സ്ഥാനത്ത് നല്ലയൊരു കാലയളവ് ചെലവിട്ടെന്നും മറ്റ് പ്രത്യേക കാരണങ്ങളൊന്നും രാജിക്ക് പിന്നിലില്ലെന്നും ഡോ. ആനന്ദബോസ് പറഞ്ഞു.

രാജിവാർത്ത ഞെട്ടിച്ചെന്നും തെരഞ്ഞെടുപ്പിനുമുൻപ് ഏതോ ഗൂഢാലോചന നടപ്പാക്കാനുള്ള കേന്ദ്ര ആഭ്യന്തരമന്ത്രിയുടെ പദ്ധതിയുടെ ഭാഗമാണോ ആനന്ദബോസിന്റെ രാജിയെന്നും പശ്ചിമബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി എക്സിൽ ആരോപിച്ചു. പകരക്കാരനായി ആർ.എൻ. രവിയെ നിയമിക്കുംമുൻപ് മുഖ്യമന്ത്രിയോട് ചർച്ചചെയ്യാൻപോലും തയ്യാറായില്ലെന്നും അവർ കുറ്റപ്പെടുത്തി.

# ഐഎഎസ് നിയമനം: കേരള സർക്കാരിനു തിരിച്ചടി

കൊച്ചി: ഐഎഎസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റങ്ങളും നിയമനങ്ങളും സിവിൽ സർവീസ് ബോർഡിന്റെ ശിപാർശ പ്രകാരമല്ലാതെ ഇനിമുതൽ പാടില്ലെന്നു കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (സിഎടി) ഉത്തരവ്. 2014-ൽ ഭേദഗതി ചെയ്ത ഐഎഎസ് കേഡർ ചട്ടപ്രകാരം ബോർഡിന്റെ യോഗം ഫലപ്രദമായി നടക്കുന്നില്ല. ബോർഡിനെ മറികടന്നാണ് സർക്കാർ ഇക്കാര്യത്തിൽ തീരുമാനങ്ങളെടുക്കുന്നതെന്നും ജസ്റ്റിസുമാരായ സുനിൽ തോമസ്, വി. രമ മാത്യു എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് പറഞ്ഞു.

കേഡർ തസ്തികകളിൽ ഐഎഎസ് ഉദ്യോഗസ്ഥരെ മാത്രമേ നിയമിക്കാവൂ. ഇത്തരം പോസ്റ്റുകളിൽ നിലവിൽ തുടരുന്ന ഐഎഎസ് ഇല്ലാത്തവർ സ്ഥാനമൊഴിയണം. മാനദണ്ഡങ്ങൾ പാലിക്കാതെയും ബോർഡ് യോഗം ചേരാതെയും സർക്കാർ സ്വന്തം താത്പര്യമനുസരിച്ചാണ് സ്ഥലംമാറ്റമടക്കം നടത്തുന്നതെന്ന് ഹർജിക്കാരായ കേരള സിവിൽ സർവീസ് അസോസിയേഷനും കൃഷി പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ബി. അശോകും ആരോപിച്ചു.

ഒരു തസ്തികയിൽ കുറഞ്ഞത് രണ്ടു വർഷമെങ്കിലും തുടരാൻ അനുവദിക്കണമെന്ന ചട്ടവും സർക്കാർ ലംഘിക്കുകയാണ്.

ഐഎഎസ് കേഡർ തസ്തികകളിൽ മറ്റു സർവീസിൽനിന്നുള്ളവരെയും വിരമിച്ചവരെയും നിയമിക്കുന്ന പ്രവണതയും ചൂണ്ടിക്കാട്ടി. എന്നാൽ, ഭരണപരമായ ആവശ്യങ്ങൾ മുൻനിർത്തിയാണു സ്ഥലംമാറ്റം നടത്തുന്നതെന്നും യോഗ്യരായ ഉദ്യോഗസ്ഥരുടെ കുറവുണ്ടെന്നും സർക്കാർ വാദിച്ചു. എന്നാൽ, കേരള കേഡറിൽ ആവശ്യത്തിനുള്ള ഉദ്യോഗസ്ഥരുണ്ടെന്ന് കണക്കുകൾ നിരത്തി ഹർജിക്കാർ ചൂണ്ടിക്കാട്ടി. തുടർന്ന് അസാധാരണ സാഹചര്യങ്ങളില്ലാതെ നിശ്ചിത കാലാവധി തികയാതെ ഐഎഎസ് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റരുതെന്ന് സിഎടി നിർദേശിച്ചു.

# സിവിൽ സർവീസ് പരീക്ഷാഫലം പ്രഖ്യാപിച്ചു ആദ്യ നൂറിൽ രണ്ടു മലയാളികൾ

ന്യൂഡൽഹി: യുപിഎസ്‌സി സിവിൽ സർവീസ് പരീക്ഷാഫലം പ്രഖ്യാപിച്ചു. രാജസ്ഥാനിലെ ജോധ്പുർ എയിംസിൽനിന്ന് എംബിബിഎസ് ബിരുദം നേടിയിട്ടുള്ള ഡോ. അനുജ് അഗ്നിഹോത്രിക്കാണ് ഒന്നാം റാങ്ക്. രണ്ടാം റാങ്ക് തമിഴ്നാട്ടിലെ മധുര ജില്ലയിൽപ്പെട്ട വാടിപാട്ടി സ്വദേശിനി രാജേശ്വരി സുവേയും മൂന്നാംറാങ്ക് ചണ്ഡിഗഡ് സ്വദേശി ആകാൻഷ് ധൂലും നേടി. ആദ്യ 100 റാങ്കിൽ രണ്ടു മലയാളികളുണ്ട്. 57-ാം റാങ്ക് നേടിയ ജെ.എസ്. ശ്രീജ, 68-ാം റാങ്ക് നേടിയ ആദിത്യ നാരായണൻ എന്നിവരാണ് കേരളത്തിന്റെ അഭിമാനമുയർത്തിയ പ്രതിഭകൾ. ജന്മനാ കാഴ്ചപരിമിതിയുള്ള കോഴിക്കോട് തൊട്ടിൽപ്പാലം സ്വദേശി അജയ് രാജ് 109-ാം റാങ്ക് നേടിയത് ഇരട്ടി മധുരമായി. ബി. ഗോപികയ്ക്ക് 105-ാം റാങ്കുണ്ട്. ജനറൽ വിഭാഗത്തിൽ 317 പേരുൾപ്പെടെ ആകെ 958 പേർ ഉൾപ്പെട്ട ഫലമാണ് യുപിഎസ്‌സി മാർച്ച് ആറിന് പ്രഖ്യാപിച്ചത്.

മലയാളികളായ വിനീത് ലോഹിതാക്ഷൻ (129), വി.സി. ശ്രീലക്ഷ്മി (133), വിഷ്ണുപ്രിയ (149), വി.കെ. സൂര്യ (162), എസ്. ദിവ്യ (166), നിതിൻ പ്രദീപ് (172), എസ്. പ്രദീപ് (218), ബി. അഞ്ജന (222) എന്നിവരും പട്ടികയിലുണ്ട്. കെഎഎസ് പരീക്ഷയിൽ ഒന്നാമതെത്തിയ സിദ്ധാർത്ഥ് എം. ജോയ്ക്ക് 271-ാം റാങ്കുണ്ട്.

ഇത്തവണത്തെ മെറിറ്റ് പട്ടികയിൽ ആകെ 958 ഉദ്യോഗാർത്ഥികളാണ് ഇടംപിടിച്ചിരിക്കുന്നത്. ഐഎഎസ്, ഐഎഫ്എസ്, ഐപിഎസ് തുടങ്ങി 23 വിവിധ സർവീസുകളിലേക്കാണ് ഇവരെ നിയമിക്കുക. 258 പേരെ റിസർവ് ലിസ്റ്റിലും ഉൾപ്പെടുത്തിയിട്ടുണ്ട്.


ഡോ. അനുജ് അഗ്നിഹോത്രി (1-ാം റാങ്ക്)


രാജേശ്വരി സുവേ (2-ാം റാങ്ക്)


ആകാൻഷ് ധൂൽ (3-ാം റാങ്ക്)


ജെ.എസ്. ശ്രീജ (57-ാം റാങ്ക്)


ആദിത്യ നാരായണൻ (68-ാം റാങ്ക്)

# ഫാർമസിസ്റ്റ് അല്ലാത്തവർക്കും മെഡിക്കൽ സ്റ്റോർ തുടങ്ങാം

ന്യൂഡൽഹി: രജിസ്റ്റേഡ് ഫാർമസിസ്റ്റ് അല്ലാത്തവർക്ക് മെഡിക്കൽ സ്റ്റോറുകൾ തുടങ്ങാൻ നിയന്ത്രിത ലൈസൻസ് അനുവദിക്കാൻ കേന്ദ്ര ആരോഗ്യ മന്ത്രാലയം. പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്ക് കീഴിൽ പ്രധാൻമന്ത്രി ഭാരതീയ ജൻ ഔഷധി കേന്ദ്രങ്ങൾ തുടങ്ങാനാണു ലൈസൻസ് അനുവദിക്കുക. വിഷയത്തിൽ സംസ്ഥാനങ്ങളിൽനിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽനിന്നും കേന്ദ്ര ആരോഗ്യ മന്ത്രാലയം അഭിപ്രായം തേടി.

1940-ലെ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് നിയമപ്രകാരം ഫാർമസിസ്റ്റുകൾക്കു മാത്രമേ മെഡിക്കൽ സ്റ്റോർ തുടങ്ങാൻ അനുമതിയുള്ളൂ. എന്നാൽ ഗ്രാമപ്രദേശങ്ങളിലും ഗോത്രമേഖലകളിലും ആവശ്യത്തിന് ഫാർമസിസ്റ്റുകൾ ഇല്ലാത്തതു മൂലം ഈ മേഖലകളിൽ മെഡിക്കൽ സ്റ്റോറുകളുടെ എണ്ണം കുറയുന്നത് പൊതുജനാരോഗ്യത്തെ ബാധിക്കുന്നുവെന്ന കണ്ടെത്തലിനെ തുടർന്നാണ് നടപടി. എന്നാൽ 12.40 ലക്ഷം രജിസ്റ്റേഡ് ഫാർമസിസ്റ്റുകളുള്ള രാജ്യത്ത് രോഗികളുടെ സുരക്ഷയെയും ദേശീയ ആരോഗ്യ സംവിധാനത്തിന്റെ സമഗ്രതയെയും അപകടത്തിലാക്കുന്ന നീക്കമാണിതെന്ന് ഓൾ ഇന്ത്യ ഓർഗനൈസേഷൻ ഓഫ് കെമിസ്റ്റ്സ് ആൻഡ് ഡ്രഗിസ്റ്റ്സ് ദേശീയ അദ്ധ്യക്ഷൻ ജെ.എസ്. ഷിൻഡെ പറഞ്ഞു.

# ശബരിപാത: ഭൂമി ഏറ്റെടുക്കാൻ 1,900 കോടി

കൊച്ചി: ശബരി റെയിൽപാതയ്ക്കായി ഭൂമി ഏറ്റെടുക്കലിന് ഉൾപ്പെടെ 1900 കോടി അനുവദിച്ച് സർക്കാർ ഉത്തരവിറക്കി. ആകെ പദ്ധതി ചെലവായ 3,800 കോടി രൂപയുടെ 50 ശതമാനം സംസ്ഥാനം വഹിക്കാമെന്ന മുൻ തീരുമാനത്തിന്റെ വെളിച്ചത്തിലാണ് തുക അനുവദിച്ചത്. കിഫ്ബി പിന്തുണയോടെയാകും തുക ലഭ്യമാക്കുക.

പദ്ധതിക്കായി നിർദിഷ്ട അലൈൻമെന്റ് അനുസരിച്ച് എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകളിൽ ഭൂമി ഏറ്റെടുക്കാനുള്ള ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുനരാരംഭിക്കാൻ അതതു ജില്ലാ കളക്ടർമാർക്കും റവന്യൂ വകുപ്പിനും നിർദേശം നൽകി.

എറണാകുളം ജില്ലയിൽ ആലുവ, കുന്നത്തുനാട്, കോതമംഗലം, മൂവാറ്റുപുഴ താലൂക്കുകളിലായി 152.05 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. കോട്ടയം ജില്ലയിൽ മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 119.89 ഹെക്ടറും ഇടുക്കിയിലെ തൊടുപുഴ താലൂക്കിൽ 33.77 ഹെക്ടറും ഏറ്റെടുക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കലിനുള്ള വിജ്ഞാപനവും തുടർനടപടികളും വേഗത്തിലാക്കാൻ റവന്യൂ അധികൃതർക്കു നിർദേശം നൽകിയതായും സർക്കാർ ഉത്തരവിൽ വ്യക്തമാക്കി. അങ്കമാലി മുതൽ എരുമേലി വരെ നിർമിക്കുന്ന ശബരി പാതയുടെ ആകെ ദൂരം 111 കിലോമീറ്ററാണ്. 1997-ലെ കേന്ദ്ര റെയിൽവേ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയിൽ ഇതുവരെ നിർമിച്ചത് അങ്കമാലി മുതൽ കാലടി വരെ റെയിൽപാതയും കാലടി റെയിൽവേ സ്റ്റേഷനും പെരിയാറിനു കുറുകെയുള്ള പാലവുമാണ്. പാതയ്ക്കായി വർഷങ്ങൾക്കുമുമ്പ് സർവേ നടത്തി അടയാളങ്ങൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിലെ ഭൂവുടമകൾ പദ്ധതി ഇഴഞ്ഞുനീങ്ങുന്നതിൽ ആശങ്കയിലായിരുന്നു.

പദ്ധതിച്ചെലവ് വഹിക്കുന്നതിൽ കേന്ദ്രവും സംസ്ഥാനവും തമ്മിലുണ്ടായിരുന്ന തർക്കമാണ് പാത നിർമാണ നടപടികൾ നീണ്ടുപോകാൻ കാരണം. ചെലവിൽ പകുതി വഹിക്കാൻ കേരളം സന്നദ്ധതയറിയിച്ചതോടെ ഇനി കാര്യങ്ങൾ വേഗത്തിലാകുമെന്നാണ് ഭൂവുടമകളുടെയും മറ്റുള്ളവരുടെയും പ്രതീക്ഷ.

# ശബരിമല സ്വർണക്കൊള്ള: എ. പദ്മകുമാറിനു ജാമ്യം

കൊല്ലം: ശബരിമല സ്വർണക്കൊള്ള കേസിൽ റിമാൻഡിൽ കഴിഞ്ഞിരുന്ന ദേവസ്വം ബോർഡ് മുൻ പ്രസിഡണ്ടും മുൻ കോന്നി എംഎൽഎയും സിപിഎം പത്തനംതിട്ട ജില്ലാ കമ്മിറ്റി അംഗവുമായ എ. പത്മകുമാർ ജയിലിനു പുറത്ത്.

കേസിൽ 2025 നവംബർ 20-നാണ് ദേവസ്വം ബോർഡ് മുൻ പ്രസിഡണ്ട് എ. പത്മകുമാർ അറസ്റ്റിലാകുന്നത്. കട്ടിളപ്പാളി കേസിൽ ആയിരുന്നു ആദ്യ അറസ്റ്റ്. പിന്നാലെ റിമാൻഡിൽ കഴിയവെ ദ്വാരപാലകപാളി കേസിലും അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു.

ഈ കേസിൽ 90 ദിവസം പൂർത്തിയായ സാഹചര്യത്തിലാണ് പത്മകുമാർ സ്വാഭാവിക ജാമ്യം തേടി കൊല്ലം വിജിലൻസ് കോടതിയെ സമീപിച്ചത്. വാദം പൂർത്തിയാക്കിയ കോടതി വിധി പറയുകയായിരുന്നു.

കേസുകളിൽ പ്രത്യേക അന്വേഷണസംഘം കുറ്റപത്രം സമർപ്പിക്കാത്തതിനാലാണ് സ്വാഭാവിക ജാമ്യം ലഭിച്ചത്.

അതിനിടെ പ്രതികൾ ഓരോരുത്തരായി പുറത്തുവരുന്നതു പ്രത്യേക അന്വേഷണസംഘത്തിന് വലിയ തിരിച്ചടിയായിട്ടുണ്ട്. തന്ത്രിക്കു ജാമ്യം ലഭിച്ചത് അന്വേഷണത്തെ ബാധിച്ചിരുന്നു. അന്വേഷണത്തെ ബാധിക്കുമെന്ന നിലപാട് എസ്ഐടി വ്യക്തമാക്കുമ്പോഴും പ്രാഥമിക കുറ്റപത്രം പോലും കോടതിയിൽ നൽകിയിട്ടില്ല.

ഈ മാസം 31-നകം കുറ്റമറ്റ കുറ്റപത്രം സമർപ്പിക്കണമെന്നാണ് ഹൈക്കോടതി ദേവസ്വം ബെഞ്ച് എസ്ഐടിക്കു നൽകിയിരിക്കുന്ന നിർദേശം.

അതേസമയം, നിയമസഭാ തെരഞ്ഞെടുപ്പ് അടുത്തുനിൽക്കുന്ന സാഹചര്യത്തിൽ പത്തനംതിട്ട ജില്ലയിലെ പ്രമുഖ നേതാവായ പത്മകുമാറിന്റെ ജയിൽമോചനം രാഷ്ട്രീയമായി വലിയ പ്രാധാന്യമർഹിക്കുന്നുണ്ട്.

വരുംദിവസങ്ങളിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അദ്ദേഹത്തെ ചോദ്യം ചെയ്യാനിരിക്കുന്നത് വലിയ രാഷ്ട്രീയ ചർച്ചകൾക്ക് വഴിവെക്കും.

# തോന്നിയ സ്ഥലത്ത് പ്രാർത്ഥന വേണ്ട: ബോംബെ ഹൈക്കോടതി

മുംബൈ: വിശ്വാസികൾക്ക് ഏതു സ്ഥലത്തും പ്രാർത്ഥനകൾ നടത്താൻ അവകാശമില്ലെന്നു ബോംബെ ഹൈക്കോടതി. വിമാനത്താവളത്തിനു സമീപമുള്ള സ്ഥലത്ത് നിസ്കരിക്കാൻ അനുവദിക്കണമെന്ന ടാക്സി, ഓട്ടോറിക്ഷ ഡ്രൈവർമാരുടെ ഹർജി പരിഗണിക്കുകയായിരുന്നു കോടതി. റംസാൻ മുസ്‌ലിംകളുടെ അവിഭാജ്യ ഘടകമാണെങ്കിലും എവിടെയും നിസ്കാരം നടത്താൻ അവകാശമില്ലെന്ന് ജസ്റ്റിസുമാരായ ബി.പി. കൊളാബവല്ല, ഫിർദോഷ് ഫിറോസ് പൂനിവല്ല എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി.






# ഫോമാ സെൻട്രൽ റീജിയന്റെ 'ഫീഡ് മൈ സ്റ്റാർവിങ് ചിൽഡ്രൻ പ്രോഗ്രാം' ശ്രദ്ധേയമായി



ചിക്കാഗോ: ഫോമാ റീജിയനുകളിൽ ചാരിറ്റി പ്രവർത്തനങ്ങളിൽ ഇപ്പോഴും മുൻപിൽ നിൽക്കുന്ന സെൻട്രൽ റീജിയൻ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ വീണ്ടും സമൂഹത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റുകയാണ്. ഏറ്റവുമൊടുവിൽ ഇക്കഴിഞ്ഞ ഫെബ്രുവരി 21-ന് ഷാംബർഗിലെ വിലിഫാം കോർട്ടിൽ വെച്ച് നിരവധി ആളുകളെ പങ്കെടുപ്പിച്ചു

**ബിജു മുണ്ടക്കൽ**

കൊണ്ട് നടന്ന 'ഫീഡ് മൈ സ്റ്റാർവിങ് ചിൽഡ്രൻ പ്രോഗ്രാം' വൻവിജയമായി. ഫോമാ സെൻട്രൽ റീജിയൻ വിമൻസ് ചെയർ ഡോ. റോസ് വടകരയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട പരിപാടിയിൽ സ്ത്രീകളും കുട്ടികളും ഉൾപ്പെടെ നിരവധി ആളുകൾ പങ്കെടുത്തു. റോസ് വടകര, സിബിൽ ഫിലിപ്പ്, ഷൈനി ഹരിദാസ്, നിശാന്ത് ആചാരി, ഡയാന സ്കറിയ, ലിസി പീറ്റേഴ്സ്, ജോയിസ് ചെറിയാൻ, ബീന കണ്ണൂക്കാടൻ, ശാന്തി ജെയ്സൺ, ജെയ്സൺ മാത്യു, ശയിനി സജൂ, ജാസ്മിൻ ഷിക്കൂർ, ബെറ്റി അഗസ്റ്റിൻ, ലതാ ബില്ലിച്ചെൻ എന്നിവർ പങ്കെടുത്തു.

# ബെൻസൻവിൽ ഇടവകയ്ക്ക് പുതിയ അല്മായ നേതൃത്വം





ചിക്കാഗോ: ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ദേവാലയത്തിന്റെ 2026-27 കാലയളവിലേക്കുള്ള ട്രസ്റ്റിമാരെ തെരഞ്ഞെടുത്തു. തോമസ് കുന്നുംപുത്ത്, മത്തിയാസ് പുല്ലാപ്പള്ളി, ഏബ്രഹാം അരീച്ചിറയിൽ, ജെയ്മോൻ പടിഞ്ഞാറേൽ, എബിൻ കുളത്തിൽകരോട്ട് എന്നിവരാണ് പുതിയ കൈക്കാരന്മാർ. പുതുതായി തെരഞ്ഞെടുക്കപ്പെട്ട ട്രസ്റ്റിമാരെ അഭിനന്ദിച്ചുകൊണ്ട് ഇടവകയുടെ സമഗ്ര പുരോഗതിക്കായി പുതിയ

**ലിൻസ് താന്നിച്ചുവട്ടിൽ**

ഭാരവാഹികൾക്ക് എല്ലാ ആശംസകളും ഇടവകയുടെ മദ്ധ്യസ്ഥനായ ഈശോയുടെ പരിശുദ്ധ തിരുഹൃദയത്തിന്റെ നാമത്തിൽ നേരുന്നതായി വികാരി ഫാ. ഏബ്രഹാം കളരിക്കൽ അറിയിച്ചു. മാർച്ച് ഒന്നിന് ഞായറാഴ്ച വിശുദ്ധ കുർബാനയെത്തുടർന്ന് പുതുതായി തെരഞ്ഞെടുക്കപ്പെട്ട പാരിഷ് കൗൺസിൽ അംഗങ്ങളും കൈക്കാരന്മാരും പ്രതിജ്ഞ ചെയ്ത് പുതിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തു.

സ്ഥാനമൊഴിഞ്ഞ എക്സിക്യൂട്ടീവിന് ഇടവകയുടെ ആദരവും വികാരിയച്ചൻ അർപ്പിച്ചു. കഴിഞ്ഞ രണ്ടു വർഷങ്ങളായി കൈക്കാരന്മാരായി സേവനമനുഷ്ഠിച്ച തോമസ് നെടുവാമ്പുഴ, മത്തിയാസ് പുല്ലാപ്പള്ളി, സാബു മുത്തോലം, കിഷോർ കണ്ണാല, ജെൻസൻ ഐക്കരപ്പറമ്പിൽ എന്നിവർക്കാണ് പ്രത്യേകമായി ആദരമർപ്പിച്ചത്.




# സീറോമലബാർ കാത്തലിക് കോൺഗ്രസിനു നവനേതൃത്വം

ഹൂസ്റ്റൺ: ചിക്കാഗോ സീറോമലബാർ രൂപതയുടെ അല്മായ സംഘടനയായ സീറോമലബാർ കാത്തലിക് കോൺഗ്രസ് (എസ്എംസിസി) പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഫെബ്രുവരി 21-ാം തീയതി ശനിയാഴ്ച ഹൂസ്റ്റൺ സെയിന്റ് ജോസഫ് കത്തോലിക്കാ ഫൊറോനാ ദേവാലയ പാരിഷ് ഹാളിൽ കൂടിയ നാഷണൽ ജനറൽ കൗൺസിൽ യോഗത്തിൽ വെച്ച് നടത്തപ്പെട്ടു.

പുതിയ പ്രസിഡണ്ടായി ജോർജ് വി. ജോർജും (ഫിലാഡൽഫിയ), ജനറൽ സെക്രട്ടറിയായി ഷോളി കുമ്പിളുവേലിയും (ന്യൂയോർക്ക്) തെരഞ്ഞെടുക്കപ്പെട്ടു. ടോമി തോമസ് (കാലിഫോർണിയ) ആണ് പുതിയ ട്രഷറർ.

മറ്റു ഭാരവാഹികൾ: മേഴ്സി കുര്യാക്കോസ് (ചിക്കാഗോ)-വൈസ് പ്രസിഡണ്ട് അഡ്മിനിസ്ട്രേഷൻ, സെബാസ്റ്റ്യൻ ഇമ്മാനുവേൽ (ചിക്കാഗോ)-വൈസ് പ്രസിഡണ്ട് ചാപ്റ്റർ ഡെവലപ്മെന്റ്, ജോജോ കോട്ടൂർ (ഫിലാഡൽഫിയ)-ജോയിന്റ് സെക്രട്ടറി, ആന്റോ കവലയ്ക്കൽ (ചിക്കാഗോ)-ജോയിന്റ് ട്രഷറർ. കൂടാതെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായി ജോസ് തോമസ് (ഫിലാഡൽഫിയ)-ചെയർ, എഡ്യൂക്കേഷൻ ആൻഡ് റിസേർച്ച്, റ്റീനോ തോമസ് (ന്യൂയോർക്ക്)-ചെയർ, സോഷ്യൽ ആൻഡ് കൾച്ചറൽ കമ്മിറ്റി, ഷൈജു കളത്തിൽ (ന്യൂയോർക്ക്) -ചെയർ, ഫാമിലി അഫയേഴ്സ്, ഷാജിമോൻ മിറ്റത്താനി (ഫിലാഡൽഫിയ) -ചെയർ, ചാരിറ്റബിൾ അഫയേഴ്സ്, ജോബി ചെറിയാൻ (ഫ്ളോറിഡ)-ചെയർ, മീഡിയ ആൻഡ് പബ്ലിക് റിലേഷൻസ്, ജിജി ജോൺ (ഫ്ളോറിഡ)-ചെയർ, യൂത്ത് അഫയേഴ്സ് എന്നിവരെയും തെരഞ്ഞെടുത്തു.

വിശുദ്ധ കുർബാനയ്ക്കുശേഷം നിലവിലെ പ്രസിഡണ്ട് സിജിൽ പാലക്കലോടിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപതാ ബിഷപ്പും എസ്എംസിസി പേട്രണുമായ മാർ ജോയി ആലപ്പാട്ട് ഓൺലൈൻ വഴി സന്ദേശം നല്കി. പുതിയ കാലഘട്ടത്തിൽ എസ്എംസിസിയെ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത മാർ ജോയി ആലപ്പാട്ട് തന്റെ സന്ദേശത്തിൽ വ്യക്തമാക്കി, രൂപതാ വികാരി ജനറാൾ റവ.ഫാ. ജോൺ മേലേപ്പുറം, എസ്എംസിസി ഡയറക്ടർ റവ.ഫാ. ജോർജ് (ജോഷി) എളമ്പാശേരിൽ, എസ്എംസിസി ഡയറക്ടർ ബോർഡ് ചെയർമാൻ ജോർജുകുട്ടി പുല്ലാപ്പള്ളി തുടങ്ങിയവർ സംസാരിച്ചു. ജനറൽ സെക്രട്ടറി മേഴ്സി കുര്യാക്കോസ് പ്രവർത്തന റിപ്പോർട്ടും ട്രഷറർ ജോസ് സെബാസ്റ്റ്യൻ ഫിനാൻസ് റിപ്പോർട്ടും അവതരിപ്പിച്ചു. എസ്എംസിസി ഹൂസ്റ്റൺ ചാപ്റ്റർ മുൻ പ്രസിഡണ്ടും ഡയറക്ടർ ബോർഡ് അംഗവുമായ ബാബു ചാക്കോ സ്വാഗതവും എസ്എംസിസി നാഷണൽ വൈസ് പ്രസിഡണ്ട് ജോൺസൺ കണ്ണൂക്കാടൻ നന്ദിയും പറഞ്ഞു.

തുടർന്നു നടന്ന ഭാരവാഹികളുടെ തെരഞ്ഞെടുപ്പിന് ചീഫ് ഇലക്ഷൻ കമ്മീഷണർ ബോസ് കുര്യൻ, കമ്മീഷൻ അംഗങ്ങളായ മിനി ജോസഫ്, ജോസഫ് കാഞ്ഞമല, ജോർജ് ജോസഫ് കൊട്ടുകാപ്പള്ളി തുടങ്ങിയവർ നേതൃത്വം നല്കി.

പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ജോർജ് വി. ജോർജ് (സണ്ണി) കഴിഞ്ഞ എസ്എംസിസി നാഷണൽ കമ്മിറ്റിയിൽ ജോയിന്റ് സെക്രട്ടറിയായിരുന്നു. 2024-ൽ ഫിലാഡൽഫിയയിൽ വെച്ചു നടന്ന എസ്എംസിസി സിൽവർ ജൂബിലി ആഘോഷ കമ്മിറ്റിയുടെ ട്രഷറർ ആയും 2019-ൽ ഹൂസ്റ്റണിൽ നടന്ന സീറോമലബാർ കൺവൻഷന്റെ കോ-ഓർഡിനേറ്ററായും നേതൃപാടവം തെളിയിച്ചിട്ടുണ്ട്. കൂടാതെ ഫിലാഡൽഫിയ സെയിന്റ് തോമസ് സീറോ മലബാർ ഫൊറോന ഇടവകയുടെ കൈക്കാരനായും പാരിഷ് കൗൺസിൽ അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. മലയാളി സാംസ്കാരിക സംഘടനയായ 'കല'യുടെ വൈസ് പ്രസിഡണ്ട് കൂടിയാണ്. ഫാർമസ്യൂട്ടിക്കൽ കമ്പനിയിൽ മാനേജരായി പ്രവർത്തിക്കുന്ന ജോർജ് വി. ജോർജ് ഫാലിഡൽഫിയയിലെ സാമൂഹിക, സാംസ്കാരിക രംഗത്തെ നിറസാന്നിദ്ധ്യമാണ്.

ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ഷോളി കുമ്പിളുവേലി എസ്എംസിസി ബ്രോങ്ക്സ് ചാപ്റ്റർ പ്രസിഡണ്ട്, 2011-ൽ ന്യൂയോർക്കിൽ നടന്ന നാഷണൽ ജനറൽ കൗൺസിലിന്റെ കോ-ഓർഡിനേറ്റർ, എസ്എംസിസി നാഷണൽ മീഡിയ & പബ്ലിസിറ്റി കമ്മിറ്റി ചെയർമാൻ തുടങ്ങിയ നിലകളിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ചിട്ടുണ്ട്. കൂടാതെ ചിക്കാഗോ രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗമായും എപ്പാർക്കി അസംബ്ലി അംഗമായും പ്രവർത്തിച്ചിട്ടുള്ള കുമ്പിളുവേലി 2026 ജൂലൈയിൽ നടക്കുന്ന ചിക്കാഗോ രൂപത സിൽവർ ജൂബിലി കൺവൻഷൻ സെൻട്രൽ കമ്മിറ്റി അംഗവും കൺവൻഷൻ സുവനീറിന്റെ ചീഫ് എഡിറ്ററായും നിലവിൽ പ്രവർത്തിക്കുന്നു. അമേരിക്കയിലെ മലയാളി മാധ്യമ പ്രവർത്തകരിൽ പ്രമുഖനും കോളമിസ്റ്റുമായ ഷോളി കുമ്പിളുവേലി മികച്ച സംഘാടകൻ കൂടിയാണ്.

ട്രഷറർ ടോമി തോമസ് പുല്ലാപ്പള്ളി നിലവിൽ എസ്എംസിസി കാലിഫോർണിയാ, ഓറഞ്ച് ചാപ്റ്റർ പ്രസിഡണ്ടാണ്. മികച്ച സംഘാടകനായ ടോമി പുല്ലാപ്പള്ളി 2018-2025 കാലയളവിൽ എസ്എംസിസി വെസ്റ്റേൺ റീജിയൻ കോ-ഓർഡിനേറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ ഓറഞ്ച്-സെയിന്റ് തോമസ് ഇടവക കൈക്കാരൻ, സൺഡേസ്കൂൾ പ്രിൻസിപ്പൽ, സേഫ് എൻവയോൺമെന്റ് അഡ്മിനിസ്ട്രേറ്റർ, രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം തുടങ്ങി നിരവധി മേഖലകളിൽ തന്റെ നേതൃപാടവം തെളിയിച്ചിട്ടുണ്ട്.

വൈസ് പ്രസിഡണ്ടായി (അഡ്മിനിസ്ട്രേഷൻ) തെരഞ്ഞെടുക്കപ്പെട്ട മേഴ്സി കുര്യാക്കോസ് എസ്എംസിസിയുടെ മുതിർന്ന നേതാവും നിലവിലെ സെക്രട്ടറിയുമായിരുന്നു. എസ്എംസിസി ചിക്കാഗോ കത്തീഡ്രൽ ചാപ്റ്റർ മുൻ പ്രസിഡണ്ടും പാരിഷ് കൗൺസിൽ അംഗവുമായ മേഴ്സി മികച്ച സംഘാടകയുമാണ്.

മറ്റൊരു വൈസ് പ്രസിഡണ്ട് (ചാപ്റ്റർ ഡെവലപ്മെന്റ്) സെബാസ്റ്റ്യൻ ഇമ്മാനുവേൽ എസ്എംസിസി ചിക്കാഗോ ചാപ്റ്ററിലെ നേതാവും സംഘാടകനുമാണ്. ചിക്കാഗോ രൂപത സിൽവർ ജൂബിലി കൺവൻഷൻ സെൻട്രൽ കമ്മിറ്റി അംഗമായും കൺവൻഷൻ സുവനീറിന്റെ കോ-ഓർഡിനേറ്ററായും സെബാസ്റ്റ്യൻ നിലവിൽ പ്രവർത്തിക്കുന്നു.

ജോയിന്റ് സെക്രട്ടറി ജോജോ കോട്ടൂർ നിലവിൽ എസ്എംസിസി നാഷണൽ കമ്മിറ്റി അംഗവും ഫിലാഡൽഫിയ ചാപ്റ്റർ മുൻ പ്രസിഡണ്ടുമാണ്. 2024-ൽ ഫിലാഡൽഫിയായിൽ വെച്ചു നടന്ന സിൽവർ ജൂബിലി സംഘാടകരിൽ പ്രമുഖനായ ജോജോ ഫിലാഡൽഫിയാ ഇടവക പാരിഷ് കൗൺസിൽ അംഗമായും സേവനം ചെയ്തിട്ടുണ്ട്.




ജോയിന്റ് ട്രഷററായി തെരഞ്ഞെടുക്കപ്പെട്ട ആന്റോ കവലയ്ക്കൽ എസ്എംസിസി ചിക്കാഗോ കത്തീഡ്രൽ ചാപ്റ്റർ മുൻ പ്രസിഡണ്ടും നിലവിൽ എസ്എംസിസിയുടെ ഓഡിറ്ററും ആണ്. ചിക്കാഗോയിലെ സാമൂഹിക, സാംസ്കാരിക രംഗത്തെ നിറസാന്നിദ്ധ്യമായ ആന്റോ കവലയ്ക്കൽ മികച്ച സംഘാടകനുമാണ്.

പുതിയ ദിശാബോധവും കാലഘട്ടത്തിനനുസരിച്ചുള്ള വെല്ലുവിളികളെ ഏറ്റെടുത്ത് സഭയ്ക്ക് ശക്തിയും സഹായകരവുമായിത്തീരാൻ എസ്എംസിസിക്ക് സാധിക്കട്ടെയെന്ന് രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് ആശംസിച്ചു. പുതിയ ഭാരവാഹികൾക്ക് രൂപതയുടെ എല്ലാവിധ പിന്തുണയും പ്രാർത്ഥനകളും നേരുന്നതായി മാർ ആലപ്പാട്ട് പറഞ്ഞു. വികാരി ജനറാൾ റവ.ഫാ. ജോൺ മേലേപ്പുറം, എസ്എംസിസി ഡയറക്ടർ റവ.ഫാ. ജോർജ് എളമ്പാശ്ശേരിൽ, മുൻ പ്രസിഡണ്ട് സിജിൽ പാലക്കലോടി, ട്രസ്റ്റി ബോർഡ് ചെയർമാൻ ജോർജുകുട്ടി പുല്ലാപ്പള്ളി എന്നിവരും പുതിയ ഭാരവാഹികൾക്ക് ആശംസകൾ നേർന്നു.







GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


CHICAGO MALAYALEE ASSOCIATION
ESTD. 1972
CHICAGO MALAYALEE ASSOCIATON
Organizing
NEWS MEDIA SEMINAR
Topic: Advantages of Social Media
Shri. SHAJAN SKARIA
Indian Journalist , Founder &
Chief Editor Marunadan Malayali
Date: March 10th Tuesday 8.00 PM
Venue: St. Mary's Knanaya Church Auditorium
( 7800 W. Lyons St. Morton Grove, IL - 60053)
Best Compliments
Mr. Thomas Aikaraparambil / Mr. Antony Valloor
For More Information
President
JOSE MANAKATTE
+1 (847) 830 4128
General Secretary
BIJU MUNDAKKAL
+1 (773) 673-8820
Treasurer
ACHENKUNJU MATHEW
1 (847) 912-2578
Vice President
LUKE (KOCHUMON) CHIRAYIL
+1 (630) 808-2125
Joint Secretary
SARAH ANIL
+1 (630) 914-0713
Joint Treasurer
PRINCE EAPEN
+1 (224) 659-0336


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200
773.685.7388
www.bmautocollision.com


KERALA EXPRESS പ്രവാസി താളുകൾ

# ചിക്കാഗോ സീറോമലബാർ രൂപത: ദൈവവിളികളുടെ വിളനിലം

## സിൽവർ ജൂബിലി പശ്ചാത്തലത്തിൽ ഒരു അവലോകനം

**ഷോളി കുമ്പിളുവേലി**

വളർച്ചയുടെ പാതയിൽ സിൽവർ ജൂബിലി ഒരു നാഴികക്കല്ലാണെങ്കിലും ഒരു രൂപതയുടെ പ്രയാണത്തിൽ ഇരുപത്തഞ്ചു വർഷങ്ങൾ വലിയൊരു അളവുകോലല്ല. എന്നാൽ, ഈ ചെറിയ കാലയളവിൽ ചിക്കാഗോ രൂപത കൈവരിച്ച ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്കൊപ്പം രൂപയിലുണ്ടായിട്ടുള്ള ദൈവവിളികളും എടുത്തുപറയേണ്ടതാണ്. സ്വർഗ്ഗീയനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പയാൽ, 2001 -ൽ സ്ഥാപിതമായ ചിക്കാഗോ സീറോമലബാർ രൂപതയ്ക്ക്, ഈ ചുരുങ്ങിയ കാലയളവിൽ തദ്ദേശ്യരായ പത്തോളം വൈദികർക്ക് ജന്മം നൽകുവാൻ സാധിച്ചത് തീവ്രമായ പ്രാർത്ഥനയുടെയും ചിട്ടയായ മതബോധനത്തിന്റെയും ഫലമാണ്.




കൂടാതെ നിലവിൽ ഏഴിൽപ്പരം യുവജനങ്ങൾ വിവിധ സെമിനാരികളിൽ പഠിക്കുന്നുയെന്നതും ചിക്കാഗോ രൂപതയുടെ ശോഭനമായ ദൈവവിളിയെയാണ് പ്രതിഫലിപ്പിക്കുന്നത്. അമേരിക്കയിൽ സ്ഥിരതാമസമാക്കിയ മാതാപിതാക്കളുടെ രണ്ടാം തലമുറകളിൽ നിന്നും എല്ലാവിധ പ്രലോഭനങ്ങളെയും വെല്ലുവിളികളെയും അതിജീവിച്ചുകൊണ്ട് അനസ്യൂതം ഉണ്ടായിക്കൊണ്ടിരിക്കുന്ന ദൈവവിളികൾ അനന്തമായ ദൈവപരിപാനയുടെ നേർ സാക്ഷ്യമാണ്.

2001 മാർച്ച് 13-ാം തീയതിയാണ് ചിക്കാഗോ രൂപത നിലവിൽ വന്നതും മാർ ജേക്കബ് അങ്ങാടിയത്തിനെ പ്രഥമ മെത്രാനായി മാർപ്പാപ്പ നിയോഗിച്ചതും. ഇന്ത്യയ്ക്കു പുറത്തു സ്ഥാപിതമായ ആദ്യ സീറോമലബാർ രൂപത എന്ന ഖ്യാതിയും ചിക്കാഗോ രൂപതയ്ക്ക് സ്വന്തം. ബാലാരിഷ്ടകൾ ഏറെയായിരുന്നെങ്കിലും തുടക്കം മുതലേ വിശുദ്ധ കുർബാനയ്ക്കൊപ്പം കുട്ടികൾക്കായി മതബോധന ക്ലാസുകൾ മാർ അങ്ങാടിയത്ത് കർക്കശമാക്കിയിരുന്നു.

സീറോമലബാർ സഭയുടെ പാരമ്പര്യവും രീതിയും അനുസരിച്ചുള്ള മതബോധനം ചിക്കാഗോ രൂപതയിലെ കുട്ടികൾക്കും പിതാവ് ഉറപ്പുവരുത്തി. കൂടാതെ, അൾത്താര ശുശ്രൂഷികളാകാനുള്ള അവസരവും ചെറുപുഷ്പ മിഷൻ ലീഗിലും പിന്നീട് യൂത്ത് അപ്പോസ്തോലേറ്റിലും പ്രവർത്തിക്കുന്നതിനുള്ള സാഹചര്യങ്ങളും കുട്ടികൾക്കും യുവജനങ്ങൾക്കും ലഭ്യമാക്കി. സഭയുടെ കരുത്തും പ്രതീക്ഷയും കുട്ടികളിലും യുവജനങ്ങളിലുമാണെന്നു മാർ അങ്ങാടിയത്ത് വിശ്വസിച്ചു. അതുകൊണ്ടുതന്നെ അവരിൽ ആത്മീയ അടിത്തറ പാകാൻ ആരംഭം മുതലേ ശ്രദ്ധിച്ചിരുന്നു. ഇതുതന്നെയാണ് രൂപതയുടെ ശൈശവാവസ്ഥയിൽ തന്നെ ദൈവവിളികൾ ഉണ്ടാകാനുള്ള അടിസ്ഥാന കാരണവും. അജപാലന ശുശ്രൂഷയിൽനിന്നും മാർ അങ്ങാടിയത്ത് വിരമിച്ചതിനെത്തുടർന്ന് അഭിഷിക്തനായ മാർ ജോയ് ആലപ്പാട്ടും അതേ പാതതന്നെയാണ് പിന്തുടരുന്നത്.

ചിക്കാഗോ രൂപത സ്ഥാപിതമായി ഏകദേശം ഒൻപതു വർഷമായപ്പോൾ തന്നെ ആദ്യ ദൈവവിളി ഉണ്ടായി. 2010-ൽ ന്യൂയോർക്കിലെ ബ്രോങ്ക്സ് സെന്റ് തോമസ് സീറോമലബാർ ഇടവകയിൽനിന്നും കെവിൻ മുണ്ടക്കൽ സെമിനാരിയിൽ ചേർന്നു. 2018 മെയ് അഞ്ചാം തീയതി കെവിൻ തിരുപ്പട്ടം സ്വീകരിച്ച് രൂപതയിലെ പ്രഥമ തദ്ദേശ വൈദികനായി. തുടർന്ന് സഹവികാരിയായും യൂത്ത് അപ്പസ്തോലേറ്റ് ഡയറക്ടറായും സേവനം ചെയ്ത ഫാ. കെവിൻ, നിലവിൽ വടവാതൂർ മേജർ സെമിനാരിയിൽ കാനൻ നിയമ പഠനം പൂർത്തിയാക്കുന്നു.

ഫാ. കെവിൻ പൗരോഹിത്യം സ്വീകരിച്ച അതേ വർഷം ജൂൺ അഞ്ചാം തീയതി ഫ്ളോറിഡയിലെ താമ്പാ സെന്റ് ജോസഫ് ഇടവകാംഗമായ ഫാ. രാജീവ് വലിയവീട്ടിലും വൈദികനായി. ഇപ്പോൾ നോർത്ത് കരോലിനയിലെ ഷാർലെറ്റ് സെന്റ് മേരീസ് ഇടവക വികാരിയായി സേവനം ചെയ്യുന്നു. 2020 മെയ് 16-ാം തീയതി ബാൾട്ടിമോർ സെന്റ് അൽഫോൻസാ ഇടവകയിൽ നിന്നുള്ള ഫാ. മെൽവിൻ പോൾ മംഗലത്തും, ജൂൺ 6-ാം തീയതി ടെക്സസ് എഡിൻബർഗ് ഡിവൈൻ മേഴ്സി ഇടവകയിൽനിന്നും ഫാ. തോമസ് പുളിക്കലും പൗരോഹിത്യം സ്വീകരിച്ചു. ഫാ. മെൽവിൻ യൂത്ത് അപ്പസ്തോലേറ്റ് ഡയറക്ടറായും ഫാമിലി അപ്പസ്തോലേറ്റിന്റെ അസിസ്റ്റന്റ് ഡയറക്ടറായും രൂപതയെ സേവിക്കുന്നു. ഫാ. തോമസ് പുളിക്കൽ ഇപ്പോൾ ഫ്ളോറിഡയിലെ അമോറിസ് ക്രിസ്റ്റി റിട്രീറ്റ് സെന്റർ പ്രസിഡണ്ടായും സെന്റ് വിൻസെന്റ് ഡി പോൾ സെമിനാരിയിലെ അസിസ്റ്റന്റ് പ്രൊഫസറായും പ്രവർത്തിക്കുന്നു. 2021 മെയ് 22-ാം തീയതി പൗരോഹിത്യം സ്വീകരിച്ച, കാലിഫോർണിയയിലെ ഓറഞ്ച് സെന്റ് തോമസ് ഇടവകയിൽ നിന്നുള്ള ഫാ. ജോബി ജോസഫ്, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് വൊക്കേഷൻസ് ആയി ചിക്കാഗോയിലെ മാൻഡലീൻ സെമിനാരിയിൽ പ്രവർത്തിക്കുന്നു. തുടർന്ന്, 2022 മെയ് 28-ാം തീയതി അറ്റ്ലാന്റാ സെന്റ് അൽഫോൻസാ ഇടവകാംഗമായ ഫാ. ജോയൽ പയസ് വൈദികനായി. ഇപ്പോൾ ചിക്കാഗോ മാർ തോമാ ശ്ലീഹാ കത്തീഡ്രലിൽ ദേവാലയത്തിൽ സഹവികാരിയാണ്. 2023 ജൂൺ 3-ാം തീയതി പൗരോഹിത്യം സ്വീകരിച്ച, ചിക്കാഗോ മാർ തോമാ ശ്ലീഹാ കത്തീഡ്രൽ ഇടവകയിൽ നിന്നുള്ള ഫാ. ജോർജ് പാറയിൽ, നിലവിൽ ഹൂസ്റ്റൺ സെന്റ് ജോസഫ് സീറോമലബാർ ഫൊറോന ഇടവകയിലെ സഹ വികാരിയായും സേവനം അനുഷ്ഠിക്കുന്നു.




ഈ ഏഴ് വൈദികരെ കൂടാതെ, രൂപത സിൽവർ ജൂബിലി ആഘോഷിക്കുന്ന ഈ വർഷം മെയ് 23-ാം തീയതി ഫ്ളോറിഡയിലെ കോറൽസ്പ്രിംഗ് ഔവർ ലേഡി ഓഫ് ഹെൽത്ത് ഇടവകയിൽ നിന്നും ഡീക്കൻ മാത്യു ജേക്കബും ജൂൺ 13-ാം തീയതി ന്യൂജേഴ്സിയിലെ പാറ്റേഴ്സൺ സെന്റ് ജോർജ് ഇടവകയിൽനിന്നുമുള്ള ഡീക്കൻ മൈക്കിൾ ജെയിംസും, ഡീക്കൻ സാം കുട്ടാപ്പശ്ശേരിയും തിരുപ്പട്ടം സ്വീകരിച്ചു പുരോഹിതരാകും.

ഇതോടൊപ്പം നിലവിൽ ഏഴിൽപ്പരം വൈദിക വിദ്യാർത്ഥികൾ വിവിധ സെമിനാരികളിൽ രൂപതയ്ക്കു വേണ്ടി പഠിക്കുന്നുണ്ട്. കൂടാതെ, ഈ രൂപതയിലെ ഇടവകകളിൽ നിന്നുമുള്ള അഞ്ചിലധികം യുവജനങ്ങൾ മറ്റു കോൺഗ്രിഗേഷനുകൾക്കായും സെമിനാരികളിൽ പഠിക്കുന്നു. ഇതുകൂടാതെ, പെൺകുട്ടികളുടെ ഇടയിൽ നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന ദൈവവിളികളും എടുത്തുപറയേണ്ടതാണ്. ഈ അവസരത്തിൽ ഇവരുടെ കുടുംബങ്ങളെയും, മാതാപിതാക്കളെയും, അവരുടെ തീക്ഷണമായ പ്രാർത്ഥനകളെയും ഹൃദയപൂർവം അനുമോദിക്കുന്നു. ഇരുപത്തഞ്ചു വർഷംകൊണ്ട് ഇരുപത്തഞ്ചിലധികം ദൈവവിളികൾ! എത്ര അനുഗ്രഹീതമാണ് ചിക്കാഗോ രൂപത!!

വർദ്ധിച്ചുവരുന്ന ദൈവവിളികൾ കൂടാതെ, അടിയുറച്ച മാർത്തോമ്മാ നസ്രാണി വിശ്വാസത്തിലൂന്നി, ശക്തമായി പ്രവർത്തിക്കുന്ന ഒരു യുവ തലമുറ ചിക്കാഗോ രൂപതയിൽ ഇപ്പോഴുമുണ്ട്. ഇടവകകളുടെ ദൈനംദിന കാര്യങ്ങളിലും ഭരണത്തിലും മാത്രമല്ല, രൂപതയുടെ പ്രവർത്തനങ്ങളിൽപ്പോലും അവർ സജീവമായി ഇടപെടുന്നു. യൂത്ത് അപ്പസ്തോലേറ്റിന്റെയും, ജീസസ് യൂത്തിന്റെയും ക്രിയാത്മകമായ പ്രവർത്തനങ്ങൾ അതിനു സഹായകരമായിട്ടുണ്ട്.

എന്നാൽ, അതിലുപരി രൂപതയുടെ തുടക്കത്തിൽ മാർ ജേക്കബ് അങ്ങാടിയത്തും, തുടർന്ന് മാർ ജോയ് ആലപ്പാട്ടും പുലർത്തിവന്ന പ്രത്യേക താല്പര്യവും പ്രോത്സാഹനവും യുവജനങ്ങളുടെ പ്രവർത്തനങ്ങളെ രൂപതയിൽ കൂടുതൽ സജീവവും, ചലനാത്മകവും ആക്കുന്നതിൽ വലിയ പങ്കു വഹിച്ചിട്ടുണ്ടെന്നു നിസ്സംശയം പറയാം. എങ്കിലും യുവജനങ്ങളെ സഭാപരമായി ബോധവൽക്കരിക്കുന്നതിനും വിശ്വാസത്തിൽ അവരെ കൂടുതൽ അടുപ്പിക്കുന്നതിനും നിലനിർത്തുന്നതിനും ശക്തമായ പ്രവർത്തനങ്ങൾ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കണം. അതിനു സഭാതലത്തിലുള്ള കൂട്ടായ്മകളും കൺവൻഷനുകളും വേദിയാകുമെന്നതിൽ സംശയമില്ല. അങ്ങനെ നോക്കിക്കാണുമ്പോൾ ജൂലൈ ഒൻപതു മുതൽ പന്ത്രണ്ടുവരെ ചിക്കാഗോയിൽ വെച്ച് നടക്കുന്ന സിൽവർ ജൂബിലി കൺവൻഷന് പുതിയ അർത്ഥവും മാനവും കൈവരുന്നു.

# അമ്മ



**ഉഷ നായർ**

അമ്മതൻ സ്നേഹത്തിനാഴമറിഞ്ഞിടാൻ
ആവില്ല മക്കളെന്ന് ഓർക്കണം നിങ്ങളും
അമ്മതൻ ഗർഭത്തിലാകുന്ന നാൾ മുതൽ
ആഹ്ലാദചിത്തയായ് കാത്തിരുന്നമ്മയും
പത്തു മാസത്തിലെ ഭാരവും ക്ഷീണവും
ആഹാര പാനീയമില്ലാത്തവസ്ഥയും
ഒന്നുമേ അമ്മയെ വേദനിപ്പിക്കില്ല
പൈതലിൻ പൊൻമുഖം കാത്തിരിക്കുന്നവൾ
ചത്തുജീവിക്കുന്ന വേദനക്കുള്ളിലായ്
പൊട്ടിപ്പുറപ്പെട്ടു വന്നു ആ പൈതലും
പൊൻമുഖം കണ്ട നിമിഷം മുതലമ്മ
സർവം മറന്നങ്ങു സന്തോഷചിത്തയായ്
അമ്മതൻ മാറിലെ ചൂടേറ്റൊരാ പൈതൽ
രാപ്പകലങ്ങനെ തത്തിക്കളിച്ചീടും
കണ്ണുകൾ ചിമ്മാതെ എപ്പോഴുമമ്മയും
തന്റെ പൊൻപൈതലെ കാത്തുകാത്തങ്ങനെ
കാലങ്ങൾ പോകവേ പൈതങ്ങൾ വളർന്നിതാ
ആധുനികത്തിന്റെ അടിമയായ് മാറുന്നു
അമ്മതൻ സ്നേഹമോ അച്ഛന്റെ വാത്സല്യം
ഒന്നുമേ കാണുവാൻ നേരമില്ലത്രമേൽ
സ്വന്തം വഴികളും സ്വന്തമാം നേട്ടങ്ങൾ
ഓട്ടത്തിരക്കിലായ് പോകുന്ന തൻ മക്കൾ
അമ്മതൻ സ്നേഹമോ ത്യാഗമോ കാണുവാൻ
പൊന്നുമകനൊട്ടുമേ നേരമില്ലെന്നുമായ്
കാലങ്ങൾ പോകവേ പെറ്റമ്മ ഇന്നങ്ങ്
ഭാരമായ് മാറി ഈ പൈതലിൻ ഹൃത്തിൽ
ഉള്ളിലെ ദുഃഖമായ് ഉണ്ണാതുറങ്ങാതെ
പൈതലിൻ കാലൊച്ച കാതോർത്തിരുന്നമ്മ
വേദന തിങ്ങും ഹൃദയമാണെങ്കിലും
പൈതലിൻ നന്മയ്ക്കായ് പ്രാർത്ഥന ചെയ്യുന്നു
പത്തു മക്കൾക്ക് ഒരമ്മയെ പോറ്റുവാൻ
പറ്റാത്ത ലോകമേ പാപമെന്നോർക്കുക
എല്ലാമറിയുന്ന ഈശ്വരൻ മുന്നിലായ്
ഉത്തരവാദി നീ എന്നങ്ങറിയുക
വന്ന വഴിയേ മറക്കാതെ നീ ഇന്നു
ചേർത്തുപിടിക്കുക നിന്റമ്മയെ എന്നുമായി!

കേരളാ എക്സ്പ്രസ്
KERALA EXPRESS
വഴിവിളക്കുകൾ

2

# ആശാൻ



**ഓ**ട്ടൻതുള്ളൽ കലാകാരന്മാരിലെ പ്രഗത്ഭൻ. കലാമണ്ഡലത്തിൽ സ്കോളർഷിപ്പോടുകൂടി പഠനം. സംസ്ഥാന സർക്കാരിന്റെ പെൻഷൻ. നിരവധി ശിഷ്യഗണങ്ങൾ. തികഞ്ഞ ഒരു കലാകാരൻ തന്നെയായിരുന്നു ആശാൻ!

ഞാൻ ഓട്ടൻതുള്ളൽ പഠിച്ചിട്ടില്ല. അതിനു ശ്രമിച്ചിട്ടുമില്ല. എങ്കിലും അദ്ദേഹം എന്റെ ആദ്യ ഔദ്യോഗിക ഗുരുവായി. കിൻ്റർഗാർട്ടനുകൾ ഇത്രമേൽ പ്രചാരത്തിൽ എത്തുന്നതിനു മുൻപ് ആശാൻ കളരി എന്നൊരു സംവിധാനം നാട്ടിലുണ്ടായിരുന്നു. അന്യംനിന്നു പൊയ്ക്കൊണ്ടിരുന്ന, ആശാൻ കളരിയിലെ ഒരുപക്ഷേ, അവസാന ബാച്ചിൽപ്പെട്ട ആളാവും ഞാൻ. എന്റെ അനിയത്തി പോലും ആശാൻ കളരി കണ്ടിട്ടില്ല. ഒരു വയസ്സിലെ തന്നെ ഡിക്ഷ്ണറിയിലെ ഒട്ടുമിക്ക വാക്കുകളും പറഞ്ഞിരുന്ന എന്നെ (അപ്പച്ചൻ എന്നെക്കുറിച്ച് പറഞ്ഞിരുന്നതാണ്) നേരത്തെതന്നെ എഴുത്തുകൂടി പഠിപ്പിക്കാമെന്ന അപ്പച്ചന്റെ തീരുമാനമാണ് ആശാനെ എന്റെ ആദ്യ ഔദ്യോഗിക ഗുരുവാക്കിയത്.

ആ സമയം കൊണ്ട് നാട്ടിലെ ആശാൻ കളരികളെല്ലാം അടച്ചുപൂട്ടിയിരുന്നതുകൊണ്ടും, ആശാന്മാർ ഉപജീവനത്തിനായി മറ്റു തൊഴിലുകളെ ആശ്രയിച്ചു തുടങ്ങിയിരുന്നതുകൊണ്ടും, എന്നെ ആശാൻ കളരിയിൽ അയക്കുക സാധ്യമല്ലായിരുന്നു. അങ്ങനെയാണ് എന്നെ അക്ഷരം പഠിപ്പിക്കാനുള്ള ദൗത്യവുമായി ആശാൻ ഞങ്ങളുടെ വീട്ടിലെത്തിയത്. കടുംനീല നിറത്തിലുള്ള 'NIVEA' എന്നെഴുതിയ (ആന്റിമാർ ആരോ ഉപയോഗിച്ച ക്രീമിന്റെ പെട്ടി) ലോഹപ്പാത്രത്തിൽ എഴുത്തുപഠിക്കാനുള്ള അടിസ്ഥാന അസംസ്കൃത വസ്തുവായ മണൽ അപ്പച്ചൻ നിറച്ചു തന്നു. പിന്നെയുള്ള കുറച്ചു ദിവസങ്ങൾ NIVEA-യുടെ ഈ മണൽപ്പാത്രവുമായി ഞാൻ ആശാനെ വരവേറ്റു. സാമാന്യം വേഗത്തിൽ തന്നെ ഞാൻ അക്ഷരങ്ങൾ പഠിച്ചതുകൊണ്ട് ആശാൻ കുറച്ചു ദിവസങ്ങൾ മാത്രമേ ഞങ്ങളുടെ വീട്ടിൽ വന്നുള്ളു.

പിന്നീട് ആശാനെ കാണുമ്പോഴൊക്കെ ഞാൻ അപ്പച്ചന്റെ നിർദ്ദേശമനുസരിച്ച് നമസ്തേ എന്നു പറഞ്ഞ് കൈകൂപ്പി ആശാനെ അഭിവാദനം ചെയ്തു. വർഷങ്ങളോളം തുടർന്നു ആ പതിവ്,

കുറേയധികം നല്ല കലാകാരന്മാർക്കുള്ളതുപോലെ ആശാനും ഒരു ബലഹീനത ഉണ്ടായിരുന്നു- മദ്യം. അത് അദ്ദേഹത്തെ ക്രമേണ നശിപ്പിക്കുന്നതാണ് പിന്നീട് കണ്ടത്. എല്ലാ ദിവസവും പതിവായി ഷാപ്പിൽ പോയി മൂക്കുമുട്ടെ മദ്യപിച്ച് വഴിയിൽ കിടക്കുന്ന കാഴ്ച പതിവായി. ആവശ്യത്തിന് സ്റ്റേജ് പരിപാടികളും, ഇടയ്ക്കും മുട്ടിനും ഒക്കെ കിട്ടിയിരുന്ന അവാർഡുകളും അതിന്റെ സമ്മാനത്തുകയും ആശാനെ സ്ഥിരം മദ്യപാനിയാക്കി.

വർഷങ്ങളോളം തുടർന്ന ഈ പതിവ് ആശാന്റെ ആരോഗ്യത്തെ സാരമായി ബാധിച്ചു. തുള്ളൽ പരിപാടികളുടെയും ശിഷ്യരുടെയും എണ്ണം നന്നേ കുറഞ്ഞു. മകൻ അച്ഛനോളമോ അതിലേറെയോ അറിയപ്പെടുന്ന കലാകാരനായി. ആശാന്റെ ശിഷ്യഗണങ്ങൾ എല്ലാം മകന്റെ പക്കലേക്ക് ചേക്കേറി. ആഹാരം, വസ്ത്രം, മരുന്ന് തുടങ്ങി ആശാന്റെ എല്ലാവിധ ആവശ്യങ്ങളും നിറവേറ്റിയിരുന്ന അദ്ദേഹത്തിന്റെ വീട്ടുകാർ, മദ്യം വാങ്ങാനുള്ള പണം മാത്രം നൽകിയില്ല.

മദ്യത്തിന് ആ സമയംകൊണ്ട് അടിമയായിക്കഴിഞ്ഞിരുന്ന ആശാൻ ഒന്നല്ലെങ്കിൽ മറ്റൊരു കാരണം പറഞ്ഞ് നാട്ടിലെ ഒരുമാതിരി വീടുകളിലെല്ലാം കയറി പണം കടം വാങ്ങി മദ്യപാനം തുടർന്നു. പതുക്കെ പതുക്കെ ആശാനെ കാണുമ്പോഴേ ആളുകൾ ഒഴിഞ്ഞുമാറിത്തുടങ്ങി. എങ്കിലും ആശാൻ പതിവായി ഞങ്ങളുടെ വീട്ടിൽ വന്നു. എന്നെ അക്ഷരം പഠിപ്പിച്ചതിന്റെ പേരിൽ സ്ഥിരമായി വീട്ടിൽനിന്നും പണം വാങ്ങി. ആശാനെ ആ അവസ്ഥയിൽ കാണുമ്പോഴൊക്കെയും മനസ്സിലൊരു വിങ്ങലായിരുന്നു. ആശാന്റെ ആരോഗ്യം ക്രമേണ മോശമായി വന്നു. ഓരോ തവണ കാണുമ്പോഴും, ആശാൻ എന്റെ പഠനത്തിന്റെ വിശദാംശങ്ങൾ തിരയും. എല്ലായ്പ്പോഴും അനുഗ്രഹവാക്കുകൾ ചൊരിയും. അപ്പോഴേക്കും ആശാൻ നാട്ടുകാരുടെയൊക്കെ പരിഹാസപാത്രമായിരുന്നെങ്കിലും എന്റെ മനസ്സിൽ അദ്ദേഹത്തോട് തികഞ്ഞ ബഹുമാനമായിരുന്നു.



ആൻസി സിറിയക് ഇലക്കാട്ട്

പി.ജി. കഴിഞ്ഞയുടനെ കോളജിൽ അദ്ധ്യാപികയായി ജോലിയിൽ പ്രവേശിച്ചപ്പോൾ, ആശാനെ കാണണം എന്ന് ഉറപ്പിച്ചു. ശമ്പളം കിട്ടി തുടങ്ങിയില്ലെങ്കിലും ജോലി കിട്ടിയതിന്റെ സന്തോഷം ആശാനെ അറിയിച്ച് കൈയിൽ ഏതാനും നോട്ടുകൾ വെച്ചുകൊടുത്തു. കുറച്ചുദിവസം ആശാന് കള്ളുഷാപ്പിൽ കൊടുക്കാൻ മാത്രമേ ആ തുക ഉപകാരപ്പെടൂ എന്ന് നന്നായി അറിയാമായിരുന്നെങ്കിലും ചെയ്തതിൽ കുറ്റബോധം തോന്നിയില്ല. ചില തെറ്റുകൾ ചില ശരികളേക്കാൾ സ്വാസ്ഥ്യം നൽകും!

**(ആൻസി സിറിയക് ഇലക്കാട്ട് (കോട്ടയം ബിസിഎം കോളജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക) രചിച്ച്, മഷിക്കൂട്ട് പബ്ലീഷേഴ്സ് പ്രസിദ്ധീകരിച്ച, നാട്ടുവഴിയിലെ വിളക്കുമരങ്ങൾ എന്ന പുസ്തകത്തിൽ നിന്ന്)**

# എസ്എംസിസിയുടെ പ്രവർത്തനോദ്ഘാടനം ബിഷപ് മാർ ജോയ് ആലപ്പാട്ട് നിർവഹിച്ചു

ചിക്കാഗോ: സീറോമലബാർ കാത്തലിക് കോൺഗ്രസ് എസ്എംസിസിയുടെ പ്രവർത്തനോദ്ഘാടനം 2026 മാർച്ച് ഒന്നാം തീയതി ഞായറാഴ്ച സീറോമലബാർ കത്തീഡ്രൽ പാരീഷ് ഹാളിൽവെച്ചു നടന്ന ചടങ്ങിൽ ബിഷപ് മാർ ജോയ് ആലപ്പാട്ട് നിർവഹിച്ചു. പിതാവിന്റെ ഉദ്ഘാടന പ്രസംഗത്തിൽ ഓരോ ഇടവക അംഗവും സഭയ്ക്കും, ഇടവകകൾക്കും, നിലനില്പിനും, വളർച്ചയ്ക്കും, ആദ്ധ്യാത്മിക വളർച്ചയ്ക്കും വളരെയേറെ വിലപ്പെട്ടതാണെന്ന് എടുത്തു പറയുകയുണ്ടായി. അമേരിക്കയിലെ എല്ലാ സീറോ മലബാർ ദേവാലയങ്ങളിലും എസ്എംസിസിയുടെ യൂണിറ്റുകൾ തുടങ്ങണമെന്നും എസ്എംസിസി ഇടവകതലത്തിലും രൂപതാ തലത്തിലും സജീവമായി പ്രവർത്തിക്കണമെന്നും ആഹ്വാനം ചെയ്തു. സ്ത്രീ ശാക്തീകരണത്തിനായി കൂടുതൽ വനിതകൾ നേതൃനിരയിലേക്ക് വരണമെന്ന് ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് അഭിപ്രായപ്പെട്ടു.

കത്തീഡ്രലിലെ അസ്സോസ്സിയേറ്റ് പാസ്റ്ററായ ഫാ. യൂജിൻ അച്ചൻ ലോകമെമ്പാടുമുള്ള ക്രിസ്ത്യാനികൾ അവരുടെ പ്രവർത്തന മേഖലകളിൽ ക്രിസ്തുവിനെ അനുകരിക്കാനും പ്രഘോഷിക്കാനുമുള്ള അവസരം വിനിയോഗിക്കേണ്ടതിനെക്കുറിച്ചുള്ള ആവശ്യകത ഓർമ്മിപ്പിച്ചു.




ബ്രിസ്റ്റോ സേവ്യർ പ്രാർത്ഥനാഗാനം ആലപിക്കുകയും മേഴ്സി കുര്യാക്കോസ് സ്വാഗതം പറയുകയും ചെയ്തു. 2026-2028-ലേക്ക് തെരഞ്ഞെടുക്കപ്പെട്ട ചാപ്റ്റർ പ്രസിഡണ്ട് ഷാബു മാത്യു അടുത്ത രണ്ടു വർഷത്തേക്കുള്ള കാര്യപരിപാടികൾ അവതരിപ്പിക്കുകയുണ്ടായി. 2026-2028 കാലയളവിലേക്ക് ഷാബു മാത്യു - പ്രസിണ്ട്, ജോണി മണ്ണഞ്ചേരി- വൈസ് പ്രസിഡണ്ട്, ജാസ്മിൻ ഇമ്മാനുവേൽ- സെക്രട്ടറി, ബിന്ദു വാഴപ്പറമ്പിൽ- ജോയിന്റ് സെക്രട്ടറി, ജോസഫ് ഒഴുകയിൽ- ട്രഷറർ, റോബിൻ ചെറുവള്ളി- ജോയിന്റ് ട്രഷറർ എന്നിവർ പിതാവിന്റെ സാന്നിദ്ധ്യത്തിൽ സത്യപ്രതിജ്ഞ ചെയ്തു.

ഫിലിപ്പ് കണ്ണൂക്കാടൻ ചടങ്ങിൽ ആശംസ പറയുകയും സെക്രട്ടറി ജാസ്മിൻ ഇമ്മാനുവേൽ എംസിയായി പ്രവർത്തിക്കുകയും ചെയ്തു. എസ്എംസിസി മുൻ ഭാരവാഹികളായ ആന്റോ കവലയ്ക്കൽ, ബിജി കൊല്ലാപുരം, ഷാജി ജോസഫ്, റോസമ്മ ജോസഫ്, ജോർജ്ജ് കൊട്ടുകാപ്പിള്ളി, ജോസഫ് തോട്ടുകണ്ടത്തിൽ, ജോസഫ് നാഴിയാംപാറ, സെബാസ്റ്റ്യൻ പുൽപ്പാറ, കുര്യാക്കോസ് തുണ്ടിപറമ്പിൽ, സണ്ണി വള്ളിക്കളം എന്നിവർ സന്നിഹിതരായിരുന്നു. ബെന്നി പാറയ്ക്കൽ, മരിയ സായി, ടിനു പുത്തൂർ, സോജോ പുറത്തൂർ, സിബി & മിനി ഏറനാട്ട് എന്നിവർ ഗാനങ്ങൾ ആലപിച്ച് ചടങ്ങിനെ വർണ്ണശബളമാക്കി.

കാര്യപരിപാടികളുടെ വിജയത്തിനായി കത്തീഡ്രൽ പള്ളിയിലെ ട്രസ്റ്റിമാരും സഹകരിക്കുകയുണ്ടായി. സൗണ്ട് മനീഷിന്റെയും ടോമിന്റെയും മേൽനോട്ടത്തിൽ കൈകാര്യം ചെയ്തു. ടോണി കണ്ടത്തിക്കുടി ഫോട്ടോഗ്രാഫി ചെയ്യുകയുണ്ടായി. ലഘുഭക്ഷണം റിപ്രെഷ്‌ന്റായി നൽകുകയുണ്ടായി.

മേഴ്സി കുര്യാക്കോസ്



# കേൾക്കാൻ ഒരിടം – ഏഴാം വർഷത്തിലേക്ക്

**സ്നേഹ ബാബു**

കോട്ടയം: വേൾഡ് പീസ് മിഷന്റെ കരുണ നിറഞ്ഞ സ്നേഹ പദ്ധതി 'കേൾക്കാൻ ഒരിടം' ഏഴാം വർഷത്തിലേക്ക് പ്രവേശിച്ചു. കോവിഡ് കാലത്ത് സങ്കീർണ്ണമായ പ്രതിസന്ധികളും വെല്ലുവിളികളും നേരിടുന്ന അനേകർക്ക് പ്രതീക്ഷയും പ്രത്യാശയും നല്കിക്കൊണ്ട് ആരംഭിച്ച ഈ പദ്ധതി ഏഴാം



വർഷത്തിലേക്ക് കടക്കുകയാണ്. 2020 മാർച്ച് അഞ്ചാം തീയതി ലളിതമായി ആരംഭിച്ച ഈ സംരംഭം എല്ലാം അവസാനിക്കുകയാണെന്ന് കരുതി വ്യഥയിലും വേദനയിലും നിരാശതയിലും അകപ്പെട്ടവർക്ക് പ്രത്യാശയുടെ തിരിനാളം തെളിയിക്കാൻ ആരംഭിച്ച ഈ ഉദ്യമത്തിൽ പ്രഗത്ഭരായ അനേകം വോളന്റിയേഴ്സ് വിവിധ രാജ്യങ്ങളിൽ നിന്ന് ഈ സൽകർമ്മങ്ങളിൽ പങ്കെടുക്കുന്നുണ്ട്.

വ്യക്തിഗതവും കുടുംബപരവും സാമൂഹിക, മാനസിക പ്രശ്നങ്ങളാലും ബുദ്ധിമുട്ടുന്ന അനേകർക്ക് വിശ്വസനീയമായ ആശ്രയകേന്ദ്രമായി വേൾഡ് പീസ് മിഷന്റെ 'കേൾക്കാൻ ഒരിടം' നിൽക്കുന്നു. നേരിട്ടുള്ള മുഖാമുഖം കൂടാതെ ടെലിഫോൺ കൗൺസിലിങ്ങിലൂടെയും ഈ സേവനം 9 ഭൂഖണ്ഡങ്ങളിൽ ഇന്ന് ലഭ്യമാണ്. സ്ഥലം, സാഹചര്യം എന്നിവയെ മറികടന്ന് ഏവർക്കും സഹായം ലഭിക്കുന്നതാണ് പദ്ധതിയുടെ പ്രത്യേകത, കുടുംബകലഹങ്ങൾ, സാമ്പത്തിക തകർച്ചകൾ, ഏകാന്തത, സാമൂഹികമായ ഒറ്റപ്പെടുത്തൽ തുടങ്ങിയ സങ്കീർണ്ണമായ പ്രശ്നങ്ങളും നിശബ്ദ ദുഃഖങ്ങളും അനുഭവിക്കുന്നവർക്ക് സുരക്ഷിതവും രഹസ്യപരവുമായ ആശ്വാസ വേദിയായി കേൾക്കാൻ ഒരിടം മാറിയിരിക്കുന്നു.

ഇന്നത്തെ അതിവേഗ ജീവിത സാഹചര്യത്തിൽ അനേക ദുഃഖങ്ങളുമായി വേദനയനുഭവിക്കുന്നവരുള്ള സാഹചര്യത്തിലാണ് ഈ പദ്ധതി ആരംഭിച്ചത്. ആരെങ്കിലും ആത്മാർത്ഥമായി നമ്മെ കേൾക്കുമ്പോഴാണ് പലപ്പോഴും സൗഖ്യം ആരംഭിക്കുന്നത്. ഒരു വിളിപ്പാടകലെ നിങ്ങളുടെ നിശബ്ദ വേദനകൾക്ക് സാന്ത്വനമേകാൻ ഞങ്ങളുണ്ട് എന്ന് വേൾഡ് മിഷൻ ചെയർമാൻ ഡോ. സണ്ണി സ്റ്റീഫൻ പറഞ്ഞു.

കഴിഞ്ഞ ഏഴു വർഷമായി വിവിധ രാജ്യങ്ങളിൽ നിന്നുള്ള അനേകർക്ക് ഈ സംരംഭം സഹായമായി ജീവിതത്തിലേക്ക് പുതിയ വൈവിധ്യവും വ്യക്തതയും ആത്മവിശ്വാസവും വീണ്ടെടുക്കാൻ 'കേൾക്കാൻ ഒരിടം' വഴിയൊരുക്കി. കർശനമായ രഹസ്യത്വവും മാന്യതയും സഹാനുഭൂതിയും മുൻവിധിയില്ലാത്ത സമീപനവുമാണ് ഈ സേവനത്തിന്റെ ആധാരം.

ഏഴാം വർഷത്തിലേക്ക് കടക്കുമ്പോൾ കേൾക്കാൻ ഒരിടം കൂടുതൽ വ്യാപിപ്പിക്കാനും സമൂഹത്തിന്റെ മുഖ്യധാരയിൽ മാനസിക പിന്തുണ ശക്തിപ്പെടുത്താനും സഹായം തേടുന്നത് ബലഹീനതയല്ലെന്ന ബോധം വളർത്താനും വേൾഡ് പീസ് മിഷൻ പ്രതിജ്ഞാബദ്ധമാണെന്ന് ചെയർമാൻ അറിയിച്ചു.

ഏഴാം വാർഷികാഘോഷത്തിൽ അനുഭവങ്ങൾ പങ്കുവെച്ചും കൂടുതൽ വളരുവാനും ലീഡേഴ്സിന്റെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പുതുക്കിയ തീരുമാനങ്ങളും ഉൾപ്പെടുത്തും.

കേൾക്കാൻ ഒരിടം ഒരു ഹെൽപ്പ് ലൈൻ മാത്രമല്ല, അത് പ്രത്യാശയുടെ ശബ്ദമാണ്. ആശ്വാസത്തിന്റെ വേദിയാണ് ജീവിതഭാരങ്ങൾ ഒരാൾ ഒറ്റയ്ക്ക് വഹിക്കേണ്ടതില്ലെന്നും, നമുക്കു ചുറ്റുമുള്ള സഹോദരങ്ങളിൽനിന്നു ക്രിയാത്മകമായി നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പുതിയ മാർഗങ്ങൾ കാട്ടിത്തരുമെന്നും, അങ്ങനെ ആഗോള മനുഷ്യ സാന്നിധ്യമായി വേൾഡ് പീസ് മിഷന്റെ ഈ ഉദ്യമം അടയാളപ്പെടുത്തുന്നു.

**Email:**
**wpmissionofficial@gmail.com.**
**mob: 91 623 591 9639**
**Website:**
**www.worldpeacemission.net**

# ചിക്കാഗോ സെന്റ് മേരീസിൽ വാർഷിക ധ്യാനം

**റോയി ചേലമലയിൽ**

ചിക്കാഗോ: മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ വലിയ നോമ്പിനോടനുബന്ധിച്ചുള്ള വാർഷിക ധ്യാനം മാർച്ച് 12 മുതൽ 15 വരെ തീയതികളിൽ നടത്തപ്പെടുന്നു.

പ്രസിദ്ധ വചനപ്രഘോഷകനായ ഫാ. മാത്യു ആശാരിപ്പറമ്പിൽ ആണ് ഈ വർഷത്തെ ധ്യാനത്തിന് നേതൃത്വം നല്കുന്നത്.

മാർച്ച് 12-ന് വൈകുന്നേരം 7 മുതൽ 9 വരെയും മാർച്ച് 13-ന് വെള്ളിയാഴ്ച രാവിലെ 10 മുതൽ വൈകുന്നേരം 6 വരെയും മാർച്ച് 14-ന് ശനിയാഴ്ച രാവിലെ 10 മുതൽ വൈകുന്നേരം 5 മണി വരെയും മാർച്ച് 15-ന് ഞായറാഴ്ച രാവിലെ 10 മുതൽ 5 മണി വരെയുമാണ് മുതിർന്നവർക്കുള്ള ഈ ധ്യാനം ക്രമീകരിച്ചിരിക്കുന്നത്.

സൺഡേസ്കൂൾ കുട്ടികൾക്കായി മാർച്ച് 14, 15 (ശനി, ഞായർ) ദിവസങ്ങളിൽ അനോയിന്റിങ് ഫയർ കാത്തലിക് യൂത്ത് മിനിസ്ട്രി നയിക്കുന്ന ധ്യാനവും ക്രമീകരിച്ചിട്ടുണ്ട്. ശനി, ഞായർ ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകുന്നേരം 5 വരെയാണ് കുട്ടികൾക്കുള്ള ഈ ധ്യാനം ക്രമീകരിച്ചിരിക്കുന്നത്.




ഇടവക ജനങ്ങളുടെ ആദ്ധ്യാത്മികമായ പുരോഗതിക്ക് വാർഷിക ധ്യാനം വലിയ പങ്കു വഹിക്കുന്നു എന്നും സാധിക്കുന്ന എല്ലാവരും തങ്ങളുടെ ഷെഡ്യൂൾ ക്രമീകരിച്ച് ഈ ധ്യാനത്തിൽ പങ്കെടുക്കണമെന്ന് വികാരി ഫാ. സിജു മുടക്കോടിൽ അഭ്യർത്ഥിച്ചു.

അതോടൊപ്പം എല്ലാ സൺഡേസ്കൂൾ കുട്ടികളെയും ശനി, ഞായർ ദിവസങ്ങളിൽ ധ്യാനത്തിൽ പങ്കെടുപ്പിക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണമെന്ന് അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുരയിലും ഡിആർഇ സജി പൂത്തൃക്കയിലും അഭ്യർത്ഥിച്ചു.

ധ്യാനത്തിന്റെ ക്രമീകരണങ്ങൾക്ക് സിസ്റ്റർ സിൽവേറിയോസ്, സിസ്റ്റർ ജസ്സീന, കൈക്കാരന്മാരായ സേവ്യർ നടുപ്പറമ്പിൽ, സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ എന്നിവരും പ്രാർത്ഥനാ ഗ്രൂപ്പ് അംഗങ്ങളും നേതൃത്വം നല്കും.


# പഴയ വീഞ്ഞ് പുതിയ കുപ്പിയിൽ...

**ചാണ്ടി കറുകപ്പറമ്പിൽ**

പ്രശസ്തരായ സംഗീത സംവിധായകർ സ്വന്തം ശബ്ദത്തിൽ പാടിയിട്ടുള്ള നിരവധി സിനിമ/നാടക ഗാനങ്ങൾ ഇന്നും മലയാളികൾ ഏറ്റുപാടാറാണ്ട്. ലക്ഷണമൊത്ത ആദ്യത്തെ മലയാള സിനിമ എന്നറിയപ്പെടുന്ന 1954-ൽ പുറത്തിറങ്ങിയ നീലക്കുയിലിലെ പാട്ടുകൾ മലയാളികൾ ഇന്നും നെഞ്ചോട് ചേർത്തുപിടിക്കുന്നു. മലയാളിത്തം തുളുമ്പുന്ന 'കായലരികത്ത് വലയെറിഞ്ഞപ്പോൾ' എന്ന് തുടങ്ങുന്ന



ലേഖകൻ




ഗാനം പാടിയത്, ആ സിനിമയിലെ പാട്ടുകൾക്ക് ഈണം നൽകിയ രാഘവൻ മാസ്റ്റർ തന്നെയാണ്.

കലാലയ ജീവിതകാലത്ത്, അടുത്ത സുഹൃത്തായ ഒ.എൻ.വി കുറുപ്പ് രചിച്ച ഒരു കവിതയ്ക്ക്, തന്റെ ഹാർമോണിയത്തിലെ കട്ടകളിൽ വിരലുകൾ ഓടിച്ചുകൊണ്ട് ദേവരാജൻ എന്ന ചെറുപ്പക്കാരൻ സ്വന്തം ശബ്ദത്തിൽ പാടിയ പാട്ടാണ് നമ്മുടെ നാട് കണ്ടിട്ടുള്ള വിപ്ലവ ഗാനങ്ങളിൽ ഏറ്റവും അതുല്യമായ 'പൊന്നരിവാൾ അമ്പിളിയില് കണ്ണെറിയുന്നോളെ'. പിന്നീട്, ദേവരാജൻ മലയാള സിനിമാ സംഗീതലോകത്തെ ചക്രവർത്തിയായി മാറി. ദക്ഷിണാമൂർത്തി സ്വാമിയും സ്വന്തം ശബ്ദത്തിൽ പാടിയ ഗാനങ്ങൾ നമ്മൾ കേട്ടിട്ടുണ്ട്. മലയാള ചലച്ചിത്ര ലോകത്തെ ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അധിപൻ എന്ന വിശേഷണത്തിന് അർഹനായ ഒരേയൊരു സംഗീതജ്ഞനേ ഉണ്ടായിട്ടുള്ളൂ. എം.എസ്. ബാബുരാജ് എന്ന ബാബുക്കയാണ് ആ സംഗീതജ്ഞൻ. ബാബുക്കായും ഏതാനും സിനിമാഗാനങ്ങൾ സ്വന്തം ശബ്ദത്തിൽ പാടിയിട്ടുണ്ട്. 1965-ൽ റിലീസ് ചെയ്ത കുപ്പിവള എന്ന സിനിമയിൽ ബാബുരാജ് പാടി അനശ്വരമാക്കിയ 'പേരാറ്റിൻ കരയിൽവെച്ച്' എന്ന ഗാനം ഇപ്പോൾ സാമൂഹ്യ മാധ്യമങ്ങളിൽ നവതരംഗമായി മാറുന്നു.

ബാബുക്കയുടെ പാട്ടുകൾ നിരവധി വേദികളിൽ പാടി ഏറെ കൈയ്യടികൾ ഏറ്റുവാങ്ങിയിട്ടുള്ള ആദം അലോഷിയാണ് ഈ പാട്ട് പാടിയിട്ടുള്ളത്. 'പേരക്ക' എന്ന പേരിൽ ഇറക്കിയ ഈ റീമിക്സ് സോങ് അലോഷിയുടെ ശബ്ദത്തിൽ കേൾക്കുമ്പോൾ നമ്മളും ആ പാട്ടിൽ ലയിച്ചു ചേരും...

# ഡാളസ് ഇടവക നോമ്പ്കാല വാർഷികധ്യാനം മാർച്ച് 13 മുതൽ 15 വരെ

**ജോക്കുട്ടി മേലേടത്ത്**

ഡാളസ്: ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്ക ഇടവകയിൽ നോമ്പ്കാല വാർഷികധ്യാനം മാർച്ച് 13-ന് വെള്ളിയാഴ്ച വൈകിട്ട് അഞ്ച് മുതൽ 15 ഞായർ വൈകിട്ട് അഞ്ച് വരെ നടത്തപ്പെടും.

മാർച്ച് 14, 15 ദിവസങ്ങളിൽ കുട്ടികൾക്കായി പ്രത്യേക ടീം അംഗങ്ങൾ ധ്യാനം നയിക്കും. മുതിർന്നവർക്കായി ഫാ. ബിനോജ് മുളവൊരിക്കൽ ധ്യാനശുശ്രൂഷയ്ക്ക് നേതൃത്വം വഹിക്കും.

മാർച്ച് 14-ന് ശനിയാഴ്ച എല്ലാവർക്കും അനുതാപ ശുശ്രൂഷയ്ക്ക് ഉള്ള അവസരം ഉണ്ടായിരിക്കും. പ്രയർ ഗ്രൂപ്പ് അംഗങ്ങളുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ നടത്തപ്പെടുന്നു.



# ഹൂസ്റ്റൺ കെസിഎസ് ഉദ്ഘാടനവും ക്നായി തൊമ്മൻ ഡേ ആഘോഷവും അവിസ്മരണീയമായി

**സാജൻ കണ്ണാലിൽ**

ഹൂസ്റ്റൺ: ഹൂസ്റ്റൺ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ (എച്ച്കെസിഎസ്) ഔദ്യോഗികമായ ഉദ്ഘാടനവും ക്നായി തൊമ്മൻ ഡേ ആഘോഷങ്ങളും വിശ്വാസദീപ്തിയിൽ വൻ ജനാവലിയുടെ സാന്നിദ്ധ്യത്തിൽ നടന്നു. ഫെബ്രുവരി 21-ാം തീയി ശനിയാഴ്ച വൈകിട്ട് അഞ്ചുമണിക്ക് ഹൂസ്റ്റൺ ക്നാനായ കമ്മ്യൂണിറ്റി സെന്ററിൽ (2210 Staffordshire Road, Missouri City, TX 77489) അരങ്ങേറിയ പരിപാടികളിൽ 900-ത്തോളം പേർ പങ്കെടുക്കുകയും പരസ്പരം പ്രാർത്ഥനാശംസകൾ കൈമാറുകയും ചെയ്തു.

സമ്മേളനത്തിൽ മുഖ്യാതിഥിയായ മെമ്മോറിയൽ ഹെർമൻ ഹെൽത്ത് സിസ്റ്റത്തിന്റെ ഇ.വി.പി.യും ചീഫ് സ്ട്രാറ്റജി & ഇന്നോവേഷൻസ് ഓഫീസറുമായ ഡോ. ഫെബി ഏബ്രഹാം പിഎച്ച്.ഡി നിലവിളക്ക് കൊളുത്തി ഉദ്ഘാടനം നിർവഹിച്ചു. പ്രസിഡണ്ട് സാബു ജോസഫ് മുളയാനിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട്, ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കാത്തലിക് ചർച്ച് വികാരി ഫാ. അബ്രാഹം മുത്തോലത്ത്, ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ എന്നിവർ ഗസ്റ്റ് സ്പീക്കർമാരായി പങ്കെടുക്കുകയും ഹൂസ്റ്റൺ കെസിഎസിന്റെ വിവിധ പദ്ധതികൾക്ക് ആശംസകൾ നേരുകയും ചെയ്തു. കമ്മ്യൂണിറ്റിയിലെ കലാപ്രതിഭകൾ അവതരിപ്പിച്ച വർണ്ണാഭമായ കൾച്ചറൽ പ്രോഗ്രാം ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റി.

## GUESTS


Dr. Feby Abraham Ph.D.


Fr. Abraham Mutholath (Vicar)


Robin Elackatt (Mayor, Missouri City)


Baby Manakunnel (President, FOMAA)

ക്നാനായ സഭയുടെ ശ്രേഷ്ഠ പിതാവ് ക്നായി തൊമ്മൻ ദിനാചരണത്തിൽ വിശ്വാസവും സംസ്കാരവും കൂട്ടായ്മയും സർവ്വോപരി തനിമയും മുഖമുദ്രയായി. ഈ സംഗമത്തിൽ സമുദായ അംഗങ്ങളുടെ സാന്നിദ്ധ്യത്തിനും പിന്തുണയ്ക്കും പ്രോത്സാഹനത്തിനും ഹൂസ്റ്റൺ കെസിഎസ് പ്രസിഡണ്ട് സാബു ജോസഫ് മുളയാനിക്കുന്നേൽ പ്രത്യേകം നന്ദി പ്രകാശിപ്പിച്ചു.

വരുന്ന ഏപ്രിൽ 18-ാം തീയതി നടത്തുന്ന സ്പ്രിംഗ് പിക്നിക്കിന് ഏവരും ഉത്സാഹത്തോടെ പങ്കെടുത്ത് അവസ്മരണീയമാക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

## EXECUTIVE


Sabu Joseph Mulayanikunnel President


Nekha Mathew Kariparampil Vice President


Abraham Vazhappillil Secretary


Riya Nellippallil Joint Secretary


Mathew Kalliduckil Treasurer


Sajan Kannalil Program Executive


Simon Peter Valimattathil, Social Media Executive


James Thannichuvattil BGB Secretary


Manu Chethalil BGB Treasurer































# സംഘാടനത്തിന്റെ വേറിട്ട ശൈലി ഫൊക്കാനയെ ശക്തിപ്പെടുത്തി: ശ്രീകുമാർ ഉണ്ണിത്താൻ

## (ഫൊക്കാന ജനറൽ സെക്രട്ടറി)



അഭിമുഖം



അനിൽ പെണ്ണുക്കര

അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാന അതിന്റെ പ്രവർത്തനങ്ങളുടെ ഒന്നര വർഷം പിന്നിടുമ്പോൾ 'ഫൊക്കാനയ്ക്ക് അസൂയാവഹമായ നേട്ടം സമ്മാനിച്ച ദിനങ്ങൾ' എന്ന് അടിവരയിട്ട് പറയുന്ന ഒരാളുണ്ട്. ഫൊക്കാനാ ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ. പന്തളം എൻ.എസ്.എസ് കോളജിൽ തുടങ്ങിയ സംഘടനാ പ്രവർത്തനം അമേരിക്കയിലെത്തിയപ്പോഴും അദ്ദേഹം തുടർന്നത് ജനസേവനത്തിന്റെ നന്മയിൽ അദ്ദേഹത്തിന് വിശ്വാസം ഉള്ളതുകൊണ്ടാണ്. ലോകത്തെ തന്നെ ഏറ്റവും മികച്ച പ്രവാസി സംഘടനയായ ഫൊക്കാനയുടെ അമരത്ത് തുടരുമ്പോൾ ശ്രീകുമാർ ഉണ്ണിത്താൻ സംഘടനയ്ക്ക് നൽകിയ സൽപ്പേര് ചെറുതല്ല. തൊട്ടതെല്ലാം പൊന്നാക്കിയ തന്റെ ടീമിന്റെ പ്രവർത്തനങ്ങളെ കുറിച്ച് അദ്ദേഹം മനസ്സ് തുറക്കുന്നു.

ചോദ്യം: വാഷിംഗ്ടൺ ഡിസിയിൽ നടന്ന തെരഞ്ഞെടുപ്പ് മുതൽ ഇന്നുവരെ ചിട്ടയായ പ്രവർത്തനങ്ങളാണല്ലോ സജിമോൻ ആന്റണി, ശ്രീകുമാർ ഉണ്ണിത്താൻ, ജോയി ചാക്കപ്പൻ ടീം നടത്തി വരുന്നത്. ഫൊക്കാന ജനറൽ സെക്രട്ടറി എന്ന നിലയിൽ ഈ ടീമിന്റെ പ്രവർത്തനങ്ങൾ എങ്ങനെ വിലയിരുത്തുന്നു?

ഒറ്റവാക്കിൽ പറഞ്ഞാൽ 'ഒരേ മനസ്സോടെ ഞങ്ങൾ എല്ലാവരും' എന്നാണ് എന്റെ ഉത്തരം. കാരണം ഞങ്ങളുടെ ടീം അധികാരത്തിൽ വന്ന ദിവസം മുതൽ ഇന്നുവരെ ഒരു തരത്തിലുള്ള ആശങ്കകൾക്കും ഇട നൽകാതെ ഒരേ മനസ്സോടെ ഞങ്ങൾക്കെല്ലാവർക്കും പ്രവർത്തിക്കാനാകുന്നു എന്നതാണ് നേട്ടം. ഫൊക്കാന പ്രസിഡന്റ് ഡോ. സജിമോൻ ആന്റണിയുടെ സമഗ്രമായ നേതൃത്വമാണ് ഇപ്പോൾ ഫൊക്കാനയുടെ കരുത്ത്. ഞങ്ങൾക്ക് എല്ലാവർക്കും ഒരേ മനസ്സാണ്. ഇവിടെ ഏകാധിപത്യമില്ല. എല്ലാവരേയും ഒരുപോലെ പ്രവർത്തനനിരതരാക്കുക എന്നതാണ് ഞങ്ങളുടെ ടീമിന്റെ ശൈലി. അതുകൊണ്ടാണ് കഴിഞ്ഞ ഒന്നര വർഷത്തിനുള്ളിൽ അമേരിക്കയിലും കേരളത്തിലും ജനോപകാരപ്രദമായ നിരവധി പദ്ധതികൾ നടപ്പിലാക്കി വിജയം വരിക്കുവാൻ ഞങ്ങൾക്കായത്.

ചോദ്യം: മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഫൊക്കാന നടപ്പിലാക്കിയത്?

കാലത്തിനനുസരിച്ച് നമ്മുടെ പ്രവർത്തനങ്ങളുടെ കാഴ്ചപ്പാടുകൾ മാറണം എന്നാണ് എന്റെ പക്ഷം. ഫൊക്കാനയുടെ പ്രവർത്തനങ്ങൾ അമേരിക്കയിൽ മാത്രമല്ല കേരളത്തിലും വ്യത്യസ്തത കൊണ്ട് ശ്രദ്ധ നേടിയ വർഷമാണ് കഴിഞ്ഞു പോയത്. ന്യൂജേഴ്സിയിലെ റോയൽ ആൽബർട്ട് പാലസിൽ നടന്ന അധികാര കൈമാറ്റം മുതൽ ഇന്നുവരെ ഒരു ചിട്ടയായ പ്രവർത്തനരീതി ഞങ്ങൾക്ക് സംഘടനയിലും പ്രവർത്തനങ്ങളിലും കൊണ്ടുവരാൻ സാധിച്ചു. അത് ഒരു ചെറിയ കാര്യമല്ല. മുൻപുള്ളതിനെ തുടരുക മാത്രമല്ല പുതിയതായി നിരവധി കാര്യങ്ങൾ സമൂഹത്തിന് വേണ്ടി ചെയ്യാൻ സാധിച്ചു. അത് വിജയത്തിലെത്തിക്കുവാൻ സാധിക്കുക മാത്രമല്ല നാളേയ്ക്ക് അവ മുതൽകൂട്ടായി മാറ്റുവാനും ഞങ്ങൾക്ക് സാധിച്ചു. പ്രധാനമായും പ്രവർത്തനങ്ങളുടെ തുടക്കത്തിൽ തന്നെ ഫൊക്കാനയുടെ എല്ലാ പ്രവർത്തകർക്കും സംഘടനാ പ്രവർത്തനത്തിൽ പ്രാധാന്യം വരത്തക്കവിധം വിവിധ പദവികളിൽ അവരുടെ സംഘാടനശൈലി മുന്നിൽ കണ്ട് നിയമനങ്ങൾ നടത്തി അവരെയൊക്കെ ഒരു സിസ്റ്റത്തിന്റെ ഭാഗമാക്കാൻ കഴിഞ്ഞു എന്നതാണ്. അത് ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഏറെ ഗുണം ചെയ്തു.

ഞങ്ങളുടെ കമ്മിറ്റി ഫൊക്കാനയ്ക്ക് നൽകിയ ചില മുതൽക്കൂട്ടുകൾ ഉണ്ട്. അവയെ വിശദീകരിക്കാം.

ഫൊക്കാന ഹെൽത്ത് കാർഡ്: കേരളത്തിലെ 6 പ്രമുഖ ആശുപത്രികളായ രാജഗിരി, പാലാ മെഡ്സിറ്റി, ബിലീവേഴ്സ്, ബേബി മെമ്മോറിയൽ, കിംസ്, കാരിത്താസ് എന്നിവയുമായി സഹകരിച്ച് മെഡിക്കൽ കാർഡ് പദ്ധതി ആരംഭിച്ചു. ഈ പദ്ധതിയിൽ നിരവധി അമേരിക്കൻ മലയാളികളും അവരുടെ ബന്ധുക്കളും പങ്കാളികളാകുന്നു. ഒരു ലക്ഷം രൂപവരെ ഡിസ്കൗണ്ട് കിട്ടിയ പലരും അവരുടെ സന്തോഷം നമ്മളുമായി പങ്കുവെച്ചിട്ടുണ്ട്. അതുകൊണ്ടു ആയിരകണക്കിന് ആളുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഭാരിച്ച ചികിത്സാ ചിലവുകൾക്ക് വലിയ ആശ്വാസമായി മാറിയിട്ടുണ്ട് ഫൊക്കാന ഹെൽത്ത് കാർഡ്.

ഭവന നിർമ്മാണം: ഞാൻ ഫൊക്കാനയ്ക്ക് ചിറ്റാറിൽ നൽകിയ അര ഏക്കർ സ്ഥലത്ത് ഭവന നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങത്തക്ക തരത്തിൽ പേപ്പർ വർക്കകൾ പുരോഗമിക്കുന്നു. നിർമ്മാണ പ്രവർത്തനം ഉടനെ തുടങ്ങും. ഫൊക്കാന ഭവനം പ്രോജക്ട് ഒരു തുടർ പ്രോജക്ട് ആണെങ്കിലും ഫൊക്കാന വില്ലേജ് എന്ന ആശയത്തിൽ ഒരു ഭവന പദ്ധതി ആദ്യമായിട്ടാണ് ഫൊക്കാന വിഭാവനം ചെയ്യുന്നത്.




ഫൊക്കാന ഹെൽത്ത് ക്ലിനിക്ക്: ഫൊക്കാനയുടെ ഡ്രീം പ്രൊജെക്റ്റുകളിൽ ഒന്നായ ഫൊക്കാന ഹെൽത്ത് ക്ലിനിക്ക് ഈ കമ്മിറ്റിയുടെ ഡ്രീം പ്രോജക്ട് ആയിരുന്നു. നാട്ടിൽനിന്നും വരുന്ന ഇൻഷുറൻസ് പരിരക്ഷയില്ലാത്ത ആളുകൾക്കും അതുപോലെ അമേരിക്കയിലുള്ള ഇൻഷുറൻസ് പരിരക്ഷയില്ലാത്ത മലയാളികൾക്ക് ബേസിക് ചികിത്സ നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഫൊക്കാന ഹെൽത്ത് ക്ലിനിക്ക് നിലവിൽ വന്നിരിക്കുന്നത്. ഇതിന് ന്യൂജേഴ്സിയിലും ബോസ്റ്റണിലെ ഓഫീസുകൾ പ്രവർത്തനം തുടങ്ങി, മറ്റുള്ള സിറ്റികളിലേക്കും ഓഫീസുകൾ തുറന്നുകൊണ്ടിരിക്കുന്നു. അമേരിക്കയിലെ എല്ലാ മേജർ സിറ്റികളിലും ഹെൽത്ത് ക്ലിനിക്ക് തുടങ്ങുക എന്നതാണ് ഫൊക്കാനയുടെ ലക്ഷ്യം. ഇതൊരു ചെറിയ കാര്യമല്ല. കാരണം നിരവധി ആളുകൾ ഈ ക്ലിനിക്കുകളുടെ ഗുണഭോക്താക്കളായി മാറിയത് ഞങ്ങൾ അഭിമാനത്തോടെയാണ് കാണുന്നത്.

100 അംഗസംഘടനകൾ: ഫൊക്കാന ചരിത്രത്തിൽ ആദ്യമായി 100 അംഗസംഘടനകൾ എന്ന നാഴികക്കല്ല് പിന്നിട്ടു. ഇതിന്റെ ഭാഗമായി പുതിയ ലോഗോയും അവതരിപ്പിച്ചു. ലോകത്തിലേക്കും ഏറ്റവും വലിയതും പുരാതനവുമായ സംഘടനയായി ഫൊക്കാന മാറി. കൂടുതൽ സംഘടനകളെ ഫൊക്കാനയിലേക്ക് എത്തിക്കുവാൻ സാധിച്ചത് സംഘടന ശക്തിയായി മുന്നോട്ടു പോകുന്നതിന്റെ തെളിവാണ്.

ഫൊക്കാന മെൻസ് ഫോറം: വിമെൻസ് ഫോറത്തിനെപോലെ തന്നെ മെൻസ് ഫോറവും ഫൊക്കാനയിൽ ആരംഭിച്ചു നല്ല പ്രവത്തനവുമായി മുന്നോട്ട് പോകുന്നു. ഇത് ഒരു വ്യത്യസ്ത കാഴ്ചപ്പാടോടെ തുടങ്ങിയതാണ്. ഭാവിയിൽ മെൻസ് ഫോറത്തിന്റെ പ്രവർത്തനവും സജീവമാകും.

**ചോദ്യം: ഫൊക്കാന കേരളാ കൺവൻഷന്റെ വിജയത്തിന് ജനറൽ സെക്രട്ടറി എന്ന നിലയിൽ വഹിച്ച പങ്ക് ഏറെ ചർച്ച ചെയ്തിരുന്നു. എന്താണ് ഈ വിജയ രഹസ്യം?**



കൂട്ടായ പ്രവർത്തനം. കൃത്യമായ സംഘാടനം. മുൻ കാലങ്ങളെ അപേക്ഷിച്ച് വളരെ ടൈറ്റ് ഷെഡ്യൂളിൽ നിരവധി പരിപാടികൾ സംഘടിപ്പിച്ച കൺവൻഷൻ ആയിരുന്നു ഫൊക്കാന കുമരകത്ത് നടത്തിയത്.

ആയിരത്തിലധികം കാഴ്ചക്കാരെ മൂന്ന് ദിവസങ്ങളിലായി ഒരു പ്രോഗ്രാമിന്റെ ഭാഗമാക്കാൻ സാധിച്ചതാണ് ഒരു പ്രധാന കാര്യം. 2025 ഓഗസ്റ്റ് 1, 2, 3 തീയതികളിൽ കുമരകം ഗോകുലം ഗ്രാന്റ് റിസോർട്ടിൽ നടന്ന ഫൊക്കാന കേരളാ കൺവൻഷൻ ഉദ്ഘാടനം മുതൽ സമാപനം വരെ ചരിത്രം തിരുത്തിയ പരിപാടികൾ കൊണ്ട് സമൃദ്ധമായിരുന്നു. ഫൊക്കാനയുടെ അംബാസിഡർ കൂടിയായ മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്ത കൺവൻഷനിൽ നിരവധി മന്ത്രിമാർ, പതിനഞ്ചിലധികം എം.എൽ.എമാർ, സാഹിത്യ സാംസ്കാരിക രംഗത്തെ പ്രമുഖർ പങ്കെടുത്ത ചടങ്ങിൽ മലയാളത്തിന്റെ വിഖ്യാത സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ മുഖ്യാതിഥി ആയത് ഏറെ വ്യത്യസ്തത നൽകി. ജോർജി വർഗീസിന്റെ നേതൃത്വത്തിൽ 'ഭാഷയ്ക്കൊരു ഡോളർ' അവാർഡുകൾ വിതരണം ചെയ്തു. 26 വിദ്യാർത്ഥികൾക്ക് 50,000 രൂപ വീതം സ്കോളർഷിപ്പു വിമെൻസ് ഫോറം ചെയർ രേവതി പിള്ളയുടെ നേതൃത്വത്തിൽ വിമെൻസ് ഫോറം സെമിനാറിൽ നൽകി.

ലൈഫ് ആൻഡ് ലിമ്പുമായി സഹകരിച്ചു 44 പേർക്ക് കൃത്രിമക്കാൽ വിതരണവും നടത്തി. കാലില്ലാതെ വന്ന 44 ആളുകൾ കാലുമായാണ് തിരിച്ചു പോയത്.

നിരവധി ആളുകൾക്ക് ചികിത്സ സഹായവും ഒരാൾക്ക് ഓട്ടോറിക്ഷ നൽകി ഒരു തൊഴിലിന് അവസരമൊരുക്കുകയും ചെയ്തു.

കേരളത്തിലെ ജലസംബന്ധമായ മുങ്ങിമരണങ്ങൾ നിയന്ത്രിക്കുവാൻ ഫൊക്കാനയുടെ നേതൃത്വത്തിൽ കേരളത്തിലെ വിവിധ ജില്ലകളിൽ കുട്ടികൾക്കും യുവതി യുവാക്കൾക്കുമായി നൽകിവരുന്ന സൗജന്യ നീന്തൽ പരിശീലനമായ സ്വിം കേരളാ സ്വിം പദ്ധതിക്ക് തുടക്കമിട്ടു. രാജ്യാന്തര നീന്തൽ താരം എസ്.പി. മുരളീധരന്റെ നേതൃത്വത്തിൽ സ്വിം കേരളാ സ്വിം ട്രെയിൻ ചെയ്ത 150-തിലധികം കുട്ടികളുടെ നീന്തൽ പ്രകടനം നടന്നു. സ്വിം കേരളാ സ്വിം ന്റെ നാലാം ഘട്ടം പാലാ സെന്റ് തോമസ് കോളജിന്റെ നീന്തൽകുളത്തിൽ നടത്തി.

പ്രസിദ്ധ സാഹിത്യകാരനും വയലാർ അവാർഡ് ജേതാവുമായ കെ.വി. മോഹൻ കുമാറിന്റെ നേതൃത്വത്തിൽ നടത്തിയ പ്രസിദ്ധ സാഹിത്യകാരന്മാരെ ഉൾപ്പെടുത്തി നടത്തിയ സാഹിത്യ സമ്മേളനം ഏവരുടെയും പ്രശംസ ഏറ്റുവാങ്ങിയ ഒന്നായിരുന്നു. മലയാളത്തെയും മലയാള സാഹിത്യത്തെയും പ്രോത്സാഹിപ്പിക്കുക എന്നത് ഫൊക്കാനയുടെ ഒരു ലക്ഷ്യമാണ്. സാഹിത്യ സമ്മേളനത്തിൽ കേരളത്തിൽ നിന്നുമുള്ള രചനകൾക്ക് അവാർഡുകൾ നൽകി ആദരിക്കുകയുണ്ടായി. കേരളത്തിലെ പ്രമുഖ മാധ്യമങ്ങളിലെ വ്യക്തികളെ ഒരു വേദിയിൽ എത്തിച്ച് നടത്തിയ മാധ്യമ സെമിനാർ ഏറെ ശ്രദ്ധേയമായി.

ഫൊക്കാന എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് പ്രവീൺ തോമസിന്റെ നേതൃത്വത്തിൽ നടന്ന ബിസിനസ്സ് സെമിനാർ, ഡ്രഗ്സ്നെതിരെ ഫൊക്കാനയും കേരളാ ഗവൺമെന്റും ലേബർ ഇന്ത്യ സ്കൂളുകളുമായി സംയുക്ത സംരംഭം, കാരിക്കേച്ചർ ഷോ, നിരവധി കലാപരിപാടികൾ എന്നിവകൊണ്ട് ഗംഭീരമായ കേരളാ കൺവൻഷൻ ഫൊക്കാനയുടെ ചരിത്രം തിരുത്തിയ കൺവൻഷൻ തന്നെയായിരുന്നു. ഈ വിജയം ഞങ്ങളുടെ കൂട്ടായ്മയുടെ വിജയമായിരുന്നു എന്ന് പറയാനാണ് എനിക്കിഷ്ടം.

**ചോദ്യം: ഫൊക്കാന അന്തർദേശീയ കൺവൻഷന്റെ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞുവല്ലോ? പുതിയ അപ്ഡേറ്റുകൾ എന്തെല്ലാമാണ്?**

ന്യൂജേഴ്സി കലഹാരിയിൽ 2026 ഓഗസ്റ്റ് 6 മുതൽ 9 വരെ നടക്കുന്ന കൺവൻഷൻ ഏറ്റവും കൂടുതൽ ജനപ്രാതിനിധ്യം കൊണ്ട് ശ്രദ്ധേയമാകുന്ന കൺവൻഷനായിരിക്കും നടക്കുക. ഫൊക്കാനയുടെ രണ്ട് വർഷത്തെ പ്രവർത്തനങ്ങളുടെ സമാപനവും പുതിയവയുടെ തുടക്കവുമാകും കലഹാരി കൺവൻഷൻ.

ഫൊക്കാനയുടെ ചരിത്രത്തിൽ ആദ്യമായി ഫൊക്കാന കൺവൻഷന് വേണ്ടി ബുക്ക് ചെയ്ത റൂമുകൾ എല്ലാം 2025ഡിസംബർ 31-ന് മുൻപ് സോൾഡ് ഔട്ട് ആയി ചരിത്രം തിരുത്തി കുറിച്ചു. നിരവധി പ്രോഗ്രാമുകൾ അണിയറയിൽ തയ്യാറാകുന്നു. അതിഥികളുടെ ഒരു നിര തന്നെ കൺവൻഷന് എത്തുന്നു. കലാ, സാംസ്കാരിക, ചലച്ചിത്ര, സാഹിത്യ രംഗത്തെ പ്രഗത്ഭരുടെ സാന്നിധ്യം. അമേരിക്കൻ യുവ സമൂഹത്തിന്റെ നിരവധി പരിപാടികൾ എന്നിവകൊണ്ട് ഉജ്വലമായ കൺവൻഷനായിരിക്കും ഫൊക്കാന അന്തർദ്ദേശീയ കൺവൻഷൻ.

**ചോദ്യം: മികച്ച ഒരു സംഘാടന പാരമ്പര്യം താങ്കൾക്കുണ്ട്. ഫൊക്കാന പ്രസിഡന്റ് പദത്തിലേക്ക് നോട്ടമുണ്ടോ?**

ഒരു പദവിയും ഞാൻ തേടി പോയിട്ടില്ല ഇതുവരെ. എന്റെ സാന്നിദ്ധ്യം ആവശ്യമുള്ള പദവികൾ എന്നെ തേടി വരാറുണ്ട്. ഒരു പദവിയും ഇല്ലാതെ ഫൊക്കാനയുടെ പ്രവർത്തനങ്ങളിൽ ഞാൻ എക്കാലവും സജീവമാണ്. സംഘടനാ പ്രവർത്തനങ്ങൾ എനിക്ക് എന്നും ഇഷ്ടമാണ്. നല്ലൊരു ടീം ഒപ്പമുണ്ടെങ്കിൽ കുറേക്കൂടി ഓജസോടെ പ്രവർത്തിക്കുവാൻ സാധിക്കും. സജിമോൻ, ജോയി ചാക്കപ്പൻ എന്നിവർക്കൊപ്പം ഇപ്പോൾ സന്തോഷത്തോടെ മുന്നോട്ടു പോകട്ടെ. ബാക്കിയൊക്കെ വരട്ടെ. നോക്കാം.

കഴിവുറ്റ സംഘാടകൻ, മാധ്യമ പ്രവർത്തകൻ, എഴുത്തുകാരൻ എന്നീ നിലകളിലെല്ലാം തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ശ്രീകുമാർ ഉണ്ണിത്താൻ എക്കാലവും ഫൊക്കാനയ്ക്ക് ഒരു മുതൽകൂട്ടാണ് എന്ന് തെളിയിച്ചത് തന്റെ ആത്മാർത്ഥമായ പ്രവർത്തനത്തിലൂടെയാണ്. അത് തുടരട്ടെ ആശംസകൾ....

## സീറോമലബാർ ജൂബിലി കൺവൻഷൻ:
# വാഷിങ്ടണിൽ ആവേശകരമായ കിക്കോഫ് മാർ ജോയി ആലപ്പാട്ട് നിർവഹിച്ചു

ബീനാ വള്ളിക്കളം

ചിക്കാഗോ: 2026 ജൂലൈ 9 മുതൽ 12 വരെ ചിക്കാഗോയിലെ ചരിത്രപ്രസിദ്ധമായ മക്കോർമിക് പ്ലേസിൽ നടക്കുന്ന സീറോമലബാർ കൺവൻഷന്റെ രജിസ്ട്രേഷൻ കിക്കോഫ് വാഷിങ്ടൺ ഡിസി ഔവർ ലേഡി ഓഫ് പെർപെചൽ ഹെൽപ്പ് മിഷനിൽ അതിമനോഹരമായി നടന്നു. കിക്കോഫിനായി എത്തിയ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ടിനെയും കോ-ഓർഡിനേറ്റർ ജേക്കബ് തോമസിനെയും ഇടവക വികാരി ഫാ. റിജോ ജീരകത്തിൽ ദേവസ്സിയുടെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ സ്വീകരിച്ചു.





കൺവൻഷന്റെ ഇടവകയിൽ നിന്നുള്ള പ്രതിനിധികളായ മനോജ് മാത്യു, തോമസ് ഏബ്രഹാം, ജെൻസൻ ജോസ് എന്നിവരോടൊപ്പം റെക്സ് തോമസും കിക്കോഫ് മനോഹരമാക്കുവാൻ നേതൃത്വം നല്കി. കൺവൻഷന്റെ ആവശ്യകതയെക്കുറിച്ചും യുവജനപങ്കാളിത്തത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പിതാവ് പറയുകയുണ്ടായി. ജേക്കബ് കൺവൻഷന്റെ വിവിധ വശങ്ങളെക്കുറിച്ച് സംസാരിച്ചു. കൺവൻഷന്റെ വിജയത്തിന് ഇടവകയുടെ പരിപൂർണ്ണ പിന്തുണ വികാരി ഫാ. റിജോ ഉറപ്പു നല്കി.

സീറോമലബാർ കൺവൻഷൻ രൂപതയുടെ ചരിത്രത്തിൽ തന്നെ സ്ഥാനം പിടിക്കുന്ന തരത്തിൽ വിജയകരമാക്കിത്തീർക്കുവാൻ വിപുലമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കൺവൻഷനോടനുബന്ധിച്ച് രൂപതയുടെ പ്രഥമ ഇടയനായ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേകത്തിന്റെ ജൂബിലിയും കൊണ്ടാടുന്നു. അമേരിക്കയിലെ എല്ലായിടത്തുമുള്ള സീറോമലബാർ വിശ്വാസികളെ ഒരു കുടക്കീഴിൽ ഒന്നിച്ചു ചേർക്കുന്ന ഈ മഹാസമ്മേളനം കടലുകൾക്കപ്പുറവും വിശ്വാസവും സംസ്കാരവും ഹൃദയത്തിൽ ചേർത്തു നിർത്തുന്ന ഏവർക്കും ഒന്നിച്ചുചേരാനും പരസ്പരം സ്നേഹം പങ്കുവെക്കാനും വിശ്വാസ പ്രഘോഷണം നടത്തുവാനുമുള്ള അവസരമായിരിക്കും.

നാല് ദിവസങ്ങളായി നടത്തുന്ന ഈ കൺവൻഷനിൽ ദിവസേനയുള്ള ദിവ്യബലി, ആരാധനകൾ, ധ്യാനങ്ങൾ എന്നിവയ്ക്കൊപ്പം വിദഗ്ദ്ധർ നയിക്കുന്ന ക്ലാസുകളും ബിസിനസ് മീറ്റുകളും വിവിധ സംഘടനകളും കൂട്ടായ്മകളും നാളിതുവരെ ഇടവകയെ നയിച്ചിട്ടുവർക്കുള്ള ആദരവും വൈവിധ്യമാർന്ന കലാപരിപാടികളും യുവജനങ്ങൾക്കുള്ള പ്രത്യേക പരിപാടികളും ഒരുക്കിയിരിക്കുന്നു.

രൂപതാദ്ധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് എല്ലാ വിശ്വാസികളെയും ഈ കൂട്ടായ്മയിലേക്ക് ക്ഷണിക്കുന്നതായും രൂപത ഒന്നാകെ ഈ മഹത്തായ കൂട്ടായ്മയിലേക്ക് വന്നു ചേരണമെന്നാണ് തന്റെ ആഗ്രഹമെന്നും തദവസരത്തിൽ പറഞ്ഞു.

രൂപതയിലെ എല്ലാ പള്ളികളിലെയും കൺവൻഷൻ പ്രതിനിധികളോടു ചേർന്ന് രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടത്തുവാനുള്ള സംവിധാനത്തിന്റെ ഭാഗമായി കൺവൻഷൻ പ്രതിനിധികൾ എല്ലാ ഇടവകകളിലും എത്തിച്ചേരുന്നതിന്റെ ഭാഗമായാണ് വാഷിങ്ടണിലും എത്തിയത്. വാഷിങ്ടൺ ഇടവകയിലെ വികാരിയച്ചന്റെയും ഇടവകാംഗങ്ങളുടെയും ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.Syroconvention.-org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

## ടോം വിരിപ്പൻ ഫോർട്ട് ബെൻഡ് കൗണ്ടി റിപ്പബ്ലിക്കൻ പാർട്ടിയുടെ പ്രിസിങ്ക്റ്റ് ചെയറായി

ഫിന്നി രാജു

ഫോർട്ട് ബെൻഡ് കൗണ്ടി: ടെക്സസ് കൺസർവേറ്റീവ് ഫോറത്തിന്റെ പ്രസിഡണ്ടായ ടോം വിരിപ്പൻ പ്രാദേശിക റിപ്പബ്ലിക്കൻ വോട്ടർമാരുടെ ശക്തമായ പിന്തുണയോടെ പ്രിസിങ്ക്റ്റ് ചെയർ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

ഈ വിജയത്തോടെ, ഫോർട്ട് ബെൻഡ് കൗണ്ടിയിലെ റിപ്പബ്ലിക്കൻ പാർട്ടിയുടെ ഗ്രാസ്റൂട്ട് പ്രവർത്തനങ്ങളിൽ കൂടുതൽ സജീവമായ നേതൃത്വ പങ്ക് അദ്ദേഹം ഏറ്റെടുക്കും. പ്രിസിങ്ക്റ്റ് ചെയർ എന്ന നിലയിൽ, പ്രാദേശിക വോട്ടർമാരുമായി ബന്ധം ശക്തിപ്പെടുത്തുകയും പാർട്ടി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യും.



ഇതോടൊപ്പം, ഫോർട്ട് ബെൻഡ് കൗണ്ടി റിപ്പബ്ലിക്കൻ പാർട്ടിയുടെ കൗണ്ടി ചെയർ Greg Barnes-ന്റെ നേതൃത്വത്തിലുള്ള പാർട്ടിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലും ടോം വിരിപ്പൻ അംഗമായി സേവനം അനുഷ്ഠിക്കും. ഈ സ്ഥാനത്തിലൂടെ കൗണ്ടി തലത്തിലുള്ള പാർട്ടി തന്ത്രങ്ങളും പ്രവർത്തനങ്ങളും രൂപപ്പെടുത്തുന്നതിൽ അദ്ദേഹം പങ്കാളിയാകും.

തെരഞ്ഞെടുപ്പിന് ശേഷം പ്രതികരിച്ച ടോം വിരിപ്പൻ, തനിക്കു പിന്തുണ നൽകിയ റിപ്പബ്ലിക്കൻ പ്രവർത്തകർക്കും വോട്ടർമാർക്കും നന്ദി രേഖപ്പെടുത്തി.

കൺസർവേറ്റീവ് മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഗ്രാസ്റൂട്ട് തലത്തിലുള്ള പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുമായി തുടർന്നും പ്രവർത്തിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

ഫോർട്ട് ബെൻഡ് കൗണ്ടിയിലെ റിപ്പബ്ലിക്കൻ പ്രവർത്തകരുടെ അഭിപ്രായത്തിൽ, ടോം വിരിപ്പന്റെ തെരഞ്ഞെടുപ്പ് പാർട്ടിയുടെ ഭാവി പ്രവർത്തനങ്ങൾക്ക് പുതിയ ഉണർവ് നൽകുമെന്നാണ് വിലയിരുത്തൽ.

## 'ഗ്ലോറിയ ഇൻ എക്സിൽസിസ്' പുൽക്കൂട് നിർമാണ മത്സര വിജയികൾ

സിജോയി പറപ്പള്ളിൽ

ചിക്കാഗോ: ചെറുപുഷ്പ മിഷൻ ലീഗ് (സി.എം.എൽ) ചിക്കാഗോ രൂപത സമിതി സംഘടിപ്പിച്ച 'ഗ്ലോറിയ ഇൻ എക്സിൽസിസ്' പുൽക്കൂട് നിർമാണ ഫാമിലി വീഡിയോ മത്സരത്തിന്റെ വിജയികളെ പ്രഖ്യാപിച്ചു.

ജൂഡ് പാലാട്ടി ആൻഡ് ഫാമിലി (സെന്റ് അൽഫോൻസാ സീറോ-മലബാർ കത്തോലിക്ക പള്ളി, ഓസ്റ്റിൻ, ടെക്സസ്) ഒന്നാം സ്ഥാനവും ഇസബെൽ റോസ് വടകര ആൻഡ് ഫാമിലി (മാർ തോമാ ശ്ലീഹാ സീറോ മലബാർ കത്തീഡ്രൽ പള്ളി, ചിക്കാഗോ, ഇല്ലിനോയി) രണ്ടാം സ്ഥാനവും ഇയാൻ സ്റ്റാർ ആൻഡ് ഫാമിലി (സെന്റ് ജൂഡ് സീറോ മലബാർ കത്തോലിക്ക പള്ളി, ചാന്റിലി, വിർജീനിയ) മൂന്നാം സ്ഥാനവും നേടി.

ക്രിസ്തുവാണ് ക്രിസ്മസിന്റെ കേന്ദ്രമെന്നുള്ള വസ്തുത ഏവരേയും ഓർമപ്പെടുത്തുന്നതിനു വേണ്ടിയാണ് ചിക്കാഗോ രൂപതയിലെ കുടുംബങ്ങൾക്കായി 'ഗ്ലോറിയ ഇൻ എക്സിൽസിസ്' എന്ന പേരിൽ ചെറുപുഷ്പ മിഷൻ ലീഗ് പുൽക്കൂട് നിർമാണ മത്സരം സംഘടിപ്പിച്ചത്.




സോണിയ ബിനോയ് മത്സരത്തിന്റെ കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചു. സി.എം.എൽ രൂപത ഡയറക്ടർ ഫാ. ജോർജ് ദാനവേലിൽ, പ്രസിഡണ്ട് സിജോയി സിറിയക് പറപ്പള്ളിൽ, ജനറൽ സെക്രട്ടറി ടിസൺ തോമസ് എന്നിവരുടെ നേതൃത്വത്തിലുള്ള രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി മത്സരം ക്രമീകരിച്ചു.

# സുവർണ്ണ ശോഭയിൽ ന്യൂയോർക്ക് ഐകെസിസി

കവിത ചെമ്മാശ്ശേരിൽ

ന്യൂയോർക്ക്...ന്യൂയോർക്ക്... Frank Sinatra-യുടെ വാക്കുകൾ കടമെടുത്താൽ 'സിറ്റി ദാറ്റ് നെവർ സ്ലീപ്സ്'. വിവിധ തരത്തിലുള്ള അംബരചുംബികളും സസ്യ ലതാദികളാൽ നിബിഡവുമായ സെൻട്രൽ പാർക്കും തോളോട് തോൾ ചേർന്ന് നിൽക്കുന്ന മഹാനഗരം. ലോകത്തിന്റെ ഏതു കോണിൽ നിന്നുമുള്ള മനുഷ്യരുടെ പ്രതിനിധികളെയും കാണാൻ പറ്റുന്ന അത്ഭുതനഗരം. മനുഷ്യരാശിയുടെ എല്ലാ വർണ്ണങ്ങളിലും ഉള്ളവർ തിങ്ങിപ്പാർക്കുന്ന ഒരിടം. ഒരർത്ഥത്തിൽ 'ലോകത്തിന്റെ ഛേദം' എന്നും പറയാവുന്ന നഗരം. എല്ലാ മനുഷ്യരെയും ജാതി, മതം, ഭാഷ, നിറം, വലിപ്പം എന്നിവയിലുള്ള വൈജാത്യങ്ങളോടെയും അവരുടേതായ എല്ലാ പ്രത്യേകതകളോടുകൂടെയും ഒരുപോലെ ആശ്ലേഷിക്കുന്ന ലോകത്തിലെ അത്ഭുത സ്ഥലം. ഫ്രാങ്കിയുടെ ഭാഷയിൽ 'If you can make it in New York, You can make it anywhere in the world'. ലോക ഘടനയ്ക്കു തന്നെ മാറ്റം വരുത്താൻ തക്ക കെല്പുള്ള സാമ്പത്തിക, സാമൂഹിക, സാങ്കേതിക, സാംസ്കാരിക മേഖലകളിലെ ഒരു പ്രബല ശക്തി. ഈ വൈവിധ്യങ്ങൾക്കിടയിലും അവരവരുടെ വ്യക്തിസ്വാതന്ത്ര്യത്തിലും ചിന്താശക്തിയിലും ബോദ്ധ്യങ്ങളിലും ഉറച്ചുനിൽക്കുവാൻ ഓരോരുത്തരെയും 'സ്റ്റാച്യു ഓഫ് ലിബർട്ടി' ഓർമ്മിപ്പിക്കുന്നു. അങ്ങനെയുള്ള ഒരിടത്തേക്കാണ് നമ്മുടെ ഈ കൊച്ചു കേരളത്തിൽ നിന്നും ക്നാനായ സമുദായ അംഗങ്ങൾ 1970-കളിൽ കുടിയേറ്റം നടത്താൻ ആരംഭിക്കുന്നത്.

ക്നാനായക്കാരെ സംബന്ധിച്ചിടത്തോളം കുടിയേറ്റം എന്നുള്ളത് അവരുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിട്ടുള്ള കാര്യമാണ്. അതുകൊണ്ടാണ് നമ്മുടെ സമുദായത്തിലെ വനിതാരത്നങ്ങൾ ആതുര സേവനരംഗത്തെ ജോലികൾക്കായി നോർത്ത് അമേരിക്കയുടെ വിവിധ ഭാഗങ്ങളിലേക്ക് കുടിയേറിയത്. അറിയാത്ത നാട്, ആളുകൾ,



ലേഖിക

ജീവിതരീതി, ഭാഷ, യാത്രയുടെ ബുദ്ധിമുട്ടുകൾ അതിലുപരി പ്രതികൂല കാലാവസ്ഥ എന്നിങ്ങനെ നിരവധി പ്രതിസന്ധികൾ അവർക്കു മുൻപിൽ ഉണ്ടായിരുന്നു. എന്നിട്ടും അതിനെയെല്ലാം തരണം ചെയ്തു പുതിയൊരു ജീവിതം കെട്ടിപ്പടുക്കാൻ തയ്യാറായ ആദ്യകാല കുടിയേറ്റക്കാരെ പ്രത്യേകം അഭിനന്ദിക്കാതെ വയ്യ.

ക്നാനായ സമുദായത്തിന്റെ പ്രത്യേകതകളായി പണ്ടുമുതലേ പറയപ്പെടുന്ന കാര്യങ്ങളാണ് സമുദായ അംഗങ്ങൾ തമ്മിലുള്ള കുടുംബ ബന്ധങ്ങൾ, ഇഴയടുപ്പം, സമുദായ സ്നേഹം എന്നിവ. 'ഹിന്ദുവിൽ പോയാലും മക്കളെ നമ്മുടെ ബന്ധങ്ങൾ കൈവിടാതോർക്കണം എപ്പോഴും' എന്നാണ് കാരണവന്മാരിൽ നിന്നും നമ്മൾ കേട്ടിട്ടുള്ളത്. മേല്പ്പറഞ്ഞ ഐക്യവും കൂട്ടായ്മയും നിലനിർത്തുന്നതിന്റെയും തുടരുന്നതിന്റെയും ഭാഗമായി 1976-ൽ നോർത്ത് അമേരിക്കയിലെ ആദ്യത്തെ ക്നാനായ സാമുദായിക സംഘടനയായ ഐ.കെ.സി.സി രൂപംകൊണ്ടു. പരിമിതമായ സൗകര്യങ്ങളിലും അംഗബലത്തിലും ആയിരുന്നു ആരംഭം. എന്നാൽ, പിന്നീടങ്ങോട്ട് നോർത്ത് അമേരിക്കയിലെ പല നഗരങ്ങളിലും ഉള്ള ലോക്കൽ ക്നാനായ സംഘടനകളുടെ രൂപീകരണത്തിനും കെസിസിഎൻഎ പോലുള്ള വലിയ സംഘടനകളുടെ ഉത്ഭവത്തിനുമെല്ലാം മൂലക്കല്ലായി പരിണമിച്ചത് ന്യൂയോർക്ക് ഐകെസിസിയാണ്.

1976-ൽ രൂപംകൊണ്ട ഐകെസിസി 50 വർഷങ്ങൾ വിജയകരമായി പൂർത്തിയാക്കി ഗോൾഡൻ ജൂബിലി ആഘോഷങ്ങൾക്കായി ഒരുങ്ങുന്നു. നോർത്ത് അമേരിക്കയിലെ ക്നാനായക്കാരെ സംബന്ധിച്ചിടത്തോളം ന്യൂയോർക്ക് ഒരു മഹാനഗരം മാത്രമല്ല പല സമുദായ അംഗങ്ങളെയും ഇരുകൈകളും നീട്ടി സ്വീകരിച്ച ആദ്യ ഭവനം കൂടെയാണ്. അതുവഴി ഐകെസിസിയും അനേകർക്ക് സുപരിചിതമാണ്. ഒരു സാമുദായിക സംഘടനയായിട്ടാണ് ഐകെസിസി രൂപംകൊണ്ടത്. അതേ ആശയത്തിൽ തന്നെ ഇപ്പോഴും ഉറച്ചുനിൽക്കുന്നു.




ഐകെസിസി, കെസിസിഎൻഎ എന്നീ സംഘടനകളുടെ ആരംഭം മുതൽ ഇതുവരെയുള്ള നാൾവഴികളിൽ നേതൃസ്ഥാനത്തു നിന്നുകൊണ്ട് നിസ്വാർത്ഥ സേവനം കാഴ്ചവെച്ച എല്ലാ നേതാക്കളുടെയും സേവനങ്ങളെ അനുസ്മരിക്കാനും ആദരിക്കാനും ആയി 2026 ഏപ്രിൽ 18-ന് ഐകെസിസി ഗോൾഡൻ ജൂബിലി സെലിബ്രേഷൻ നടത്തപ്പെടുകയാണ്. അതോടൊപ്പം തന്നെ ഐകെസിസിയുടെ വിവിധ പോഷക സംഘടനകളിൽപ്പെട്ട കലാകാരന്മാരുടെ വൈവിധ്യങ്ങളായ കലാപരിപാടികളും ഉൾപ്പെടുത്തിയിരിക്കുന്നു. തദവസരത്തിലേക്ക് നോർത്തമേരിക്കയിലെ എല്ലാ ക്നാനായക്കാരെയും വളരെയധികം സ്നേഹത്തോടെ, സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു.

വരൂ, സമുദായ കൂട്ടായ്മയിൽ പങ്കാളികളാകൂ...!

# മിന്നലേ.... അടി മിന്നലേ....

ഒരു രഹസ്യം: കേരള സർക്കാർ 'മിന്നൽ മാജിക്' എന്ന പേരിൽ, ഒരു മുന്തിയ ഇനം ബ്രാൻഡി വിപണിയിലെത്തിക്കുന്നു എന്ന വാർത്ത കേട്ടപ്പോൾ, അതിന്റെ ലഹരിയിൽ ഏതാനും ദിവസങ്ങൾക്കു മുൻപ് എഴുതിയതാണീ കുറിപ്പ്. എന്നാൽ, ഒട്ടും നിനച്ചിരിക്കാതെ സർക്കാർ സംവി



ധാനത്തിൽ, 'വീണ, വീണാ' എന്ന പേരിൽ ഒരു ആക്ഷൻ ത്രില്ലർ ഇറക്കി കളം നിറച്ചപ്പോൾ, ഞാനീ കുറിപ്പ് നാലായി മടക്കി പോക്കറ്റിലിട്ടു. വലിയ വലിയ വാർത്തകൾക്കിടയിൽ ഈ ചെറിയ കുറിപ്പിനു എന്തു പ്രസക്തി? ഒരു ബിഗ് ബജറ്റ് മോഹൻലാൽ ചിത്രം വെറും രണ്ടു ദിവസം കൊണ്ട് 'നൂറു കോടി ക്ലബി'ലെത്തുന്നതുപോലെ 'വീണ-വീണായും' ബോക്സോഫീസിൽ വൻ വിജയം നേടി.

ചില 'പഴയ' പരിചയക്കാർ, വല്ലപ്പോഴുമൊരിക്കൽ കാണുമ്പോൾ 'ഈയിടെയായി ഒന്നും എഴുതാറില്ലേ?' എന്നു ചോദിക്കാറുണ്ട്. 'ഞാൻ എഴുതാറുണ്ട്. പക്ഷേ, ആരും വായിക്കുന്നില്ല' എന്നു പറയണമെന്നു തോന്നുമെങ്കിലും ഒരു വിളറിയ ചിരികൊണ്ടു ഞാൻ മറുപടി ഒതുക്കും.

എന്നാൽ, ഇനി ഇതു പ്രസിദ്ധീകരിക്കാമെന്നു കരുതിയപ്പോൾ, അതാ വീണ്ടും വരുന്നു, 'വീണ-വീണാ'യുടെ രണ്ടാം ഭാഗം.

പട്ടാപ്പകൽ, പോലീസ് സുരക്ഷിത വലയത്തിൽ നിന്ന നായികയെ, ചില കിരാതന്മാർ അതിസാഹസികമായി വധിക്കുവാൻ ശ്രമിക്കുന്നു- 'കഴുത്തു പിടിച്ചു ഞെരിക്കുകയും, കൈപിടിച്ചു തിരിക്കുകയും ചെയ്യുന്ന' ചില ഭീകരദൃശ്യങ്ങൾ ഈ സിനിമയിലുണ്ട്. കൊലപാതക ശ്രമത്തെ, ഉണ്ണിയാർച്ചയുടെ ശൗര്യത്തോടെ എതിർത്തു തോൽപ്പിച്ചെങ്കിലും, കഴുത്തിനു ഗുരുതരമായ ക്ഷതമേറ്റ അവരെ നേരെ ICU-വിൽ പ്രവേശിപ്പിച്ചു. ഒരു വിദഗ്ദ്ധ സംഘം ഡോക്ടർമാരുടെ പരിശോധനയ്ക്കു ശേഷം, ഒരു മാസത്തെ പരിപൂർണ്ണ വിശ്രമം നിർദ്ദേശിച്ചു.

അപ്പോഴിതാ കഥയ്ക്കൊരു സർപ്രൈസ് ട്വിസ്റ്റ്.

ഇരുട്ടിന്റെ മറവിൽ സകലരുടെയും കണ്ണുവെട്ടിച്ച് കഴുത്ത് അനക്കാൻ പറ്റാത്ത നായികയുടെ അതിസാഹസികമായ നൂറു മൈൽ കരമാർഗ്ഗം കാറിലൂടെയുള്ള യാത്ര.

വീട്ടിലെത്തിയ നായികയോട്, 'ഈ പടി ചവിട്ടിപ്പോകരുത്' എന്ന് ഭർത്താവിന്റെ ഉഗ്രശാസന.

'ദൃശ്യം' സിനിമയുടെ മൂന്നാം ഭാഗം പോലെ 'വീണ- വീണാ'യുടെ അടുത്ത റിലീസിംഗ് ഉടനെ പ്രതീക്ഷിക്കാം.

ഇനി കാത്തിരുന്നിട്ടു കാര്യമില്ല. ഒരു മമ്മൂട്ടി ചിത്രത്തോട്, ഒരു മാമുക്കോയ ചിത്രം ഏറ്റുമുട്ടിയാലുള്ള അവസ്ഥ.

ഏതായാലും എന്റെ കുറിപ്പ് പ്രസിദ്ധീകരണ




ത്തിന് അയയ്ക്കുന്നു. ആരെങ്കിലും വായിക്കുന്നുണ്ടെങ്കിൽ, ഒരു പത്തു ദിവസം മുൻപുള്ള മാനസികാവസ്ഥയിൽ വായിക്കണമെന്നപേക്ഷിക്കുന്നു.

ഇനി 'മിന്നലേ.... അടി മിന്നലേ' ആരംഭിക്കാം.

***

ഒരു ഉദ്ഘാടന വേദി: (അനൗൺസ്മെന്റ്)



രാജു മൈലപ്ര

സഹൃദയരേ! നല്ലവരായ നാട്ടുകാരേ! കേരള സർക്കാരിന്റെ താങ്ങും തണലുമായി നിൽക്കുന്ന സാമ്പത്തിക സ്രോതസ്സുകളെ! മീറ്റിംഗ് ഉടൻതന്നെ ആരംഭിക്കും. മന്ത്രി ഗസ്റ്റ് ഹൗസിൽ എത്തിയിട്ടുണ്ട്. ഊണിനു 'ചൂരക്കറി' വിളമ്പിയതിൽ അദ്ദേഹം അതൃപ്തിയിലാണ്. നെയ്മീൻ കറിയും വരാൽ വറുത്തതും തയ്യാറായാൽ ഉടൻതന്നെ, ഊണു കഴിച്ചിട്ട് അദ്ദേഹം ഇവിടേക്ക് എഴുന്നള്ളുന്നതാണ്. അതുവരെ നിങ്ങൾ അക്ഷമരായി കാത്തിരിക്കുവാൻ അപേക്ഷിക്കുന്നു. കൂട്ടത്തിൽ ഒരു സന്തോഷവാർത്ത കൂടിയുണ്ട്; മീറ്റിംഗിൽ ആദ്യാവസാനം പങ്കെടുക്കുന്നവർക്ക് 'പൊതിച്ചോർ' നൽകുന്നതാണ്. ഒരു കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഇതിൽ പങ്കെടുക്കുവാൻ എത്തിയിരിക്കുന്ന ബംഗാളികൾ മുദ്രാവാക്യം വിളിക്കുമ്പോൾ തെറ്റിക്കരുത്. അവർക്കുള്ള പരിശീലനം മൈതാനത്തിന്റെ കിഴക്കുവശത്തു നടക്കുന്നുണ്ട്.

(മൈക്കുകാരനോട്: പാട്ടുവെയ്ക്കടാ തെണ്ടി) ഉച്ചഭാഷിണിയിൽക്കൂടി ഒരു ഗാനം ഒഴുകിയെത്തുന്നു.

'നീയറിഞ്ഞോ മേലേ മാനത്ത്
ആയിരം ഷാപ്പുകൾ തുറക്കുന്നുണ്ട്

(ശേഷം 28-ാം പേജിൽ)

# മുറ്റത്തെ മുല്ല സംഗമം ഊഷ്മളമാക്കി ഡാളസ് സീനിയർ മിനിസ്ട്രി

**ജോക്കുട്ടി മേലേടത്ത്**

ഡാളസ്: ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവകയിൽ സീനിയർ ജോയ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ "മുറ്റത്തെ മുല്ല" സംഗമം മാർച്ച് 1-ന് ഞായറാഴ്ച വിവിധവും പുതുമയാർന്നതുമായ പരിപാടികളോടെ നടത്തപ്പെട്ടു. സീനിയർ ഗ്രൂപ്പ് അംഗങ്ങളുടെ നേതൃത്വത്തിൽ പുതിയ അംഗങ്ങളെ ചേർക്കുകയും തുടർന്ന് എല്ലാ അംഗങ്ങളുടെയും ഒത്തുചേരൽ പയസ് ടെന്റ് ഹാളിൽവെച്ച് നടത്തപ്പെടുകയും ചെയ്തു. മുറ്റത്തെ മുല്ല സംഗമം വികാരി ഫാ. ബിൻസ് ചേത്തലിൽ ഉദ്ഘാടനം ചെയ്ത് മുതിർന്നവർക്ക് സെമിനാർ നടത്തി. പ്രസിഡന്റ് തിയോഫിൽ ചാമക്കാല കർമ്മ പരിപാടികൾ പ്രത്യേകം അവതരിപ്പിച്ചു. കമ്മിറ്റി അംഗങ്ങളായ തോമസ് ചാമക്കാല, ജോയി വരകാലായിൽ, അലക്സ് മാക്കിൽ കല്ലിടുക്കിൽ, മാത്യു കട്ടപ്പുറം, തോമസ് മുകളേൽ, ഗ്രേസി ഊരാളിൽ എന്നിവർ ചർച്ചകൾക്കും സംഗമത്തിനും നേതൃത്വം നൽകി. ഈ വർഷം പുതിയ അംഗങ്ങളെ ചേർക്കുന്നതോടൊപ്പം കൂടുതൽ കർമ്മ പരിപാടികളും സീനിയർ മിനിസ്ട്രി അംഗങ്ങളുടെ നേതൃത്വത്തിൽ ആവിഷ്കരിക്കുന്നതാണ്.



കഴിഞ്ഞ വർഷം സീനിയർ മിനിസ്ട്രി അംഗങ്ങൾക്ക് ശക്തമായ നേതൃത്വം നൽകിയ പഴയ എക്സിക്യൂട്ടീവ് അംഗങ്ങളെ ഇന്നേ ദിവസം പ്രത്യേകം ആദരിച്ചു.

"മുറ്റത്തെ മുല്ലയ്ക്ക്" മണമുണ്ട് എന്ന് സീനിയർ ജീവിതം വഴി തെളിയിക്കാനുള്ള കരുത്തേകുക എനതാണ് ഈ ഒത്തുചേരൽ വഴി ലക്ഷ്യം വെച്ചത്. തുടർന്ന് ഹാപ്പി മിനിസ്ട്രിയുടെ നേതൃത്വത്തിൽ സ്നേഹവിരുന്നു നടന്നു.







# സീറോ മലബാർ കൺവൻഷനിൽ മെഗാ മാർഗംകളി

**ജോർജ് അമ്പാട്ട്**

ചിക്കാഗോ: 2001-ൽ സ്ഥാപിതമായ, സീറോ മലബാർ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ജൂലൈ 9,10,11,12 തീയതികളിൽ നടക്കുന്ന കൺവൻഷനിൽ രൂപതാതലത്തിൽ നിറപ്പകിട്ടാർന്ന കലാപരിപാടികൾ സംഘടിപ്പിക്കുന്നു.




ജൂലൈ 10, വെള്ളിയാഴ്ച സായാഹ്നത്തിൽ രൂപതയിലെ എല്ലാ ഇടവകകളെയും സംഘടിപ്പിച്ച് വിമൻസ് ഫോറം മെഗാ മാർഗംകളി നടത്തുന്നു. വിശ്വാസികൾ ഒന്നുചേർന്ന് അവരുടെ വിശ്വാസവും കൂട്ടായ്മയും കലാഭിരുചികളും കോർത്തിണക്കി വേദിയിലെത്തുന്നു എന്നതുതന്നെ ഈ സായാഹ്നത്തെ ഏറെ മനോഹരമാക്കുമെന്നതിൽ സംശയമില്ല. മാർഗംകളി കേരളത്തിലെ ക്രൈസ്തവ പാരമ്പര്യത്തിന്റെ തനിമയാർന്ന ഒരു കലാരൂപമാണ്. തോമാശ്ലീഹായുടെ കേരളത്തിലേക്കുള്ള ആഗമനത്തെയും തുടർന്നുള്ള ക്രൈസ്തവ വിശ്വാസത്തിന്റെ വ്യാപനത്തെയും ആസ്പദമാക്കിയുള്ള പാട്ടുകളും ചുവടുകളുമാണ് ഇതിൽ ഉൾക്കൊള്ളുന്നത്. സ്ത്രീകൾ അവതരിപ്പിക്കുമ്പോൾ, ഇത് കൂടുതൽ ഭക്തിനിർഭരവും മനോഹരവുമാകുന്നു.

മാർഗംകളി എന്നത് കേരളത്തിലെ ക്രൈസ്തവ പാരമ്പര്യത്തിന്റെ തനിമയാർന്ന ഒരു കലാരൂപമാണ്. ഇതിന്റെ ഉത്ഭവം തോമാശ്ലീഹായുടെ ആഗമനവുമായി ബന്ധപ്പെട്ടതാണെന്ന് വിശ്വസിക്കപ്പെടുന്നു. യഹൂദ ക്രൈസ്തവ ചരിത്രത്തിലെ പ്രധാന സംഭവങ്ങളെ ആസ്പദമാക്കിയുള്ള പാട്ടുകളും ചുവടുകളുമാണ് മാർഗംകളിയെ സവിശേഷമാക്കുന്നത്. ചിക്കാഗോയിലെ മെഗാ കൺവൻഷനിൽ, വിവിധ ഇടവകകളിൽ നിന്നുള്ള സ്ത്രീകൾ ചേർന്നുള്ള ഈ അവതരണം, സമുദായത്തിന്റെ ഐക്യത്തെയും പാരമ്പര്യത്തെയും ഓർമ്മിപ്പിക്കുന്ന ഒന്നായിരിക്കും. പാരിഷ് ഫെസ്റ്റ്, മെഗാ ഡാൻസ് പ്രോഗ്രാം പരിപാടികളുടെ കൂടുതൽ വിവരങ്ങൾക്കായി വിളിക്കുക: കൾച്ചറൽ കോ-ഓർഡിനേറ്റർ ജൂഡി റോസ് ജെയിംസ് (317) 490-5839 പ്രോഗ്രാം കോ-ഓർഡിനേറ്റേഴ്സ് റോസ് വടകര (708) 662-0774, ഷീബ ഷാബു (630) 730-622. ഈ കലാസന്ധ്യയിൽ ഒരുക്കിയിരിക്കുന്ന പരിപാടികളിലേക്ക് പങ്കെടുക്കാനും സഹകരിക്കുന്നതിനുമായി താല്പര്യപ്പെടുന്നവർ എത്രയും വേഗം പേര് രജിസ്റ്റർ ചെയ്യണമെന്ന് സംഘാടകർ അഭ്യർത്ഥിക്കുന്നു.

ജൂബിലി ആഘോഷങ്ങളോടൊപ്പംതന്നെ രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും ആഘോഷിക്കുന്നതായിരിക്കും. വിശ്വാസക്കൂട്ടായ്മയുടെ പ്രതീകമായ ഈ കൺവൻഷൻ, ചിക്കാഗോ നഗരഹൃദയത്തിൽ സ്ഥിതിചെയ്യുന്ന മക്കോർമിക്ക് പ്ലേസ് കൺവൻഷൻ സെന്ററിലും അതിനോട് ചേർന്ന മൂന്നു ഹോട്ടലുകളിലുമായാണ് നടക്കുന്നത്. കഴിഞ്ഞ 25 വർഷങ്ങളായി അമേരിക്കയിൽ സീറോ മലബാർ സഭ കൈവരിച്ച ആത്മീയ വളർച്ചയും ദൈവകൃപയും ഓർക്കുന്നതിനോടൊപ്പം ഭാവിയെ വിശ്വാസത്തോടും പ്രതീക്ഷയോടെയും നോക്കിക്കാണുന്നതിനുള്ള വേദിയാവുകയാണ് ഈ മഹാകൺവൻഷൻ.

ദിവസേനയുള്ള വിശുദ്ധ കുർബാന, ആരാധന എന്നിവയ്ക്കൊപ്പം ആഴമുള്ള വിഷയാവതരണങ്ങൾ, കുടുംബ-യുവജന സെഷനുകൾ, സംഘടനാ കൂട്ടായ്മകൾ, കലാപരിപാടികൾ, മത്സരങ്ങൾ എന്നിവയും കൺവൻഷന്റെ ഭാഗമായി ഒരുക്കിയിരിക്കുന്നു.

അമേരിക്കയുടെ വിവിധ ഭാഗങ്ങളിലായി കഴിയുന്ന എല്ലാ സീറോ മലബാർ വിശ്വാസികളും ഈ വിശ്വാസ സംഗമത്തിലേക്ക് എത്തണമെന്ന് രൂപതാദ്ധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് തന്റെ സന്ദേശത്തിൽ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്റ്റർ ചെയ്യുവാനും www.syro-convention.org സന്ദർശിക്കാവുന്നതാണ്.

# മാർത്തോമ്മാ ഭദ്രാസന സീനിയർ ഫെലോഷിപ് ഭാരവാഹികൾ

**പി.പി. ചെറിയാൻ**

ന്യൂയോർക്ക്: നോർത്ത് അമേരിക്ക-യൂറോപ്പ് മാർത്തോമ്മാ ഭദ്രാസന സീനിയർ ഫെല്ലോഷിപ്പിന്റെ 2026-2029 പ്രവർത്തന കാലയളവിലേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പോസ്റ്റൽ വോട്ടുകളിലൂടെ നടന്ന തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ഫെബ്രുവരി 26-ന് വൈകിട്ട് 5 മണിക്ക് ന്യൂയോർക്കിലെ സിനായ് സെന്ററിൽ വെച്ച് നടന്നു. ഭദ്രാസന എപ്പിസ്കോപ്പ അഭിവന്ദ്യ ഡോ.







ഏബ്രഹാം മാർ പൗലോസ്, ഭദ്രാസന സെക്രട്ടറി റവ. ജോയൽ സാമുവൽ തോമസ്, സീനിയർ ഫെല്ലോഷിപ് വൈസ് പ്രസിഡണ്ടും വരണാധികാരിയുമായ റവ.ഡോ. പ്രമോദ് സക്കറിയ എന്നിവരുടെ നേതൃത്വത്തിലാണ് വോട്ടെണ്ണൽ നടന്നത്. സെക്രട്ടറി ഡോ. തോമസ് ജോസ് (ന്യൂയോർക്ക്), ട്രഷറർ സാമുവൽ ചാക്കോ (ന്യൂയോർക്ക്), ഭദ്രാസന അസംബ്ലി പ്രതിനിധി ഈശോ മാളിയേക്കൽ (ഡാളസ്) എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ.

അടുത്ത മൂന്നു വർഷത്തേക്കുള്ള ഭദ്രാസനത്തിലെ മുതിർന്നവരുടെ കൂട്ടായ്മയെ നയിക്കാൻ ഈ പുതിയ സമിതി നേതൃത്വം നല്കും. തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഭദ്രാസന നേതൃത്വം ആശംസകൾ അറിയിച്ചു.

KERALA EXPRESS പ്രവാസി താളുകൾ

# സെന്റ് ജോർജ് യാക്കോബായ പള്ളിയിൽ ഗീവർഗീസ് തോമസ് ചട്ടത്തിൽ കോർ എപ്പിസ്കോപ്പയുടെ പൗരോഹിത്യ സുവർണ ജൂബിലി ആഘോഷിച്ചു

ജിനു കുര്യൻ പാമ്പാടി



ന്യൂയോർക്ക്: ന്യൂസിറ്റി സെന്റ് ജോർജ് യാക്കോബായ സുറിയാനി പള്ളിയിൽ വന്ദ്യ ഗീവർഗീസ് തോമസ് ചട്ടത്തിൽ കോർ എപ്പിസ്കോപ്പയുടെ പൗരോഹിത്യ സുവർണ ജൂബിലി ഭക്തിനിറഞ്ഞ അന്തരീക്ഷത്തിൽ ആഘോഷിച്ചു. കഴിഞ്ഞ പതിനാറ് വർഷമായി പള്ളിയിൽ വികാരിയായി സമർപ്പിത സേവനം അനുഷ്ഠിച്ചുവരുന്ന വന്ദ്യ അച്ചന്റെ അമ്പത് വർഷത്തെ പുരോഹിതജീവിതസാക്ഷ്യത്തെ അനുസ്മരിച്ച് ആദരവും അനുമോദന സമ്മേളനവും നടത്തി.

അമ്പത് വർഷങ്ങളായി സഭയ്ക്കും സമൂഹത്തിനും ആത്മീയ മാർഗ്ഗദർശകനായും കരുണാപൂർണ്ണനായ ഇടയനായും സേവനം ചെയ്ത വന്ദ്യ അച്ചന്റെ ദീർഘകാല ആത്മീയ സേവനത്തെ സ്മരിച്ചുകൊണ്ടായിരുന്നു സമ്മേളനം സംഘടിപ്പിച്ചത്.

ഇടവകാംഗമായ റവ. ഫാ. വർഗീസ് കോര പരിത്തുവയലിൽ അർപ്പിച്ച വിശുദ്ധബലിയോടെ ചടങ്ങുകൾക്ക്











തുടക്കം കുറിച്ചു. തുടർന്ന് അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന അനുമോദന സമ്മേളനം ഏറെ സ്നേഹസാന്ദ്രമായിരുന്നു.

പള്ളിയുടെ വൈസ് പ്രസിഡണ്ട് വിജയൻ ദാനിയേൽ, മുൻ സെക്രട്ടറി ജോർജ് ഐസക്, വനിതാ സമാജം ട്രഷറർ കുസുമം ദാനിയേൽ, സൺഡേ സ്കൂൾ ഹെഡ്മിസ്ട്രസ് ലീനാ മാത്യു, യൂത്ത് അസോസിയേഷൻ പ്രതിനിധികളായ എബി കണ്ണേത്, ജോയൽ കണ്ണേത് എന്നിവർ വന്ദ്യ അച്ചൻ ഇടവകയുടെ ആത്മീയ വളർച്ചയ്ക്കും സംഘടനാ പുരോഗതിക്കും യുവജനങ്ങളുടെ മാർഗ്ഗനിർദേശത്തിനും കുടുംബ ഐക്യത്തിനും നൽകിയ സംഭാവനകളെ അനുസ്മരിച്ചു സംസാരിച്ചു. അദ്ദേഹത്തിന്റെ വിനയം, ആത്മീയ ആഴം, നേതൃത്വപാടവം എന്നിവ പ്രത്യേകം പരാമർശിച്ചു. അലൈന വർഗീസ്, ജെയ്ഡൻ പൗലോസ് എന്നിവർ ചേർന്ന് ഭക്തിഗാനം ആലപിച്ച് സമ്മേളനത്തിന് കൂടുതൽ ആത്മീയ തേജസ് നൽകി. ഇടവകയുടെ നന്ദി സൂചകമായി പാരിതോഷികവും സ്മാരക ഫലകവും സമർപ്പിച്ചു. വനിതാ സമാജത്തിന്റെ വകയായി പ്രത്യേക ആദരസമ്മാനവും നൽകി.

ഇടവകാംഗങ്ങളുടെ ഹൃദയത്തിലെ സ്നേഹവും ആദരവും പ്രതിഫലിപ്പിക്കുന്നതായിരുന്നു ഈ അനുമോദനങ്ങൾ.



പള്ളി മാനേജിങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന സമ്മേളനത്തിൽ വൈസ് പ്രസിഡണ്ട് വിജയൻ ദാനിയേൽ, സെക്രട്ടറി സണ്ണി പൗലോസ്, ട്രഷറർ ലാൻസ് പൗലോസ്, ജോയിന്റ് സെക്രട്ടറി സനൽ പാടിയേടത്ത്, ജോയിന്റ് ട്രഷറർ സഞ്ജു ഇട്ടൻ പാടിയേടത്ത് എന്നിവരോടൊപ്പം കമ്മിറ്റി അംഗങ്ങളായ ജോർജ് ഐസക്, ഡ്യൂക്ക് ദാനിയേൽ, സണ്ണി വെള്ളാവള്ളിൽ, ടോണി മാത്യു എന്നിവർ സജീവമായി നേതൃത്വം നൽകി.

പള്ളിയിലെ എല്ലാ ആത്മീയ സംഘടനകളും വിശ്വാസികളും ഒരുമിച്ചുചേർന്ന ഈ സമ്മേളനം ഇടവകയുടെ ഐക്യത്തിന്റെയും ആത്മീയതയുടെയും ശക്തമായ സാക്ഷ്യമായി മാറി.

അനുമോദന സമ്മേളനത്തിനുശേഷം കേക്ക് മുറിക്കൽ ചടങ്ങും നടന്നു. തുടർന്ന് വന്ദ്യ ഗീവർഗീസ് തോമസ് ചട്ടത്തിൽ കോർ എപ്പിസ്കോപ്പ ഇടവകാംഗങ്ങൾ കാണിച്ച സ്നേഹത്തിനും പ്രാർത്ഥനാപിന്തുണയ്ക്കും ദീർഘകാല സഹകരണത്തിനും ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തി പ്രസംഗിച്ചു.

ഇടവകയുടെ ആത്മീയ ഐക്യത്തോടൊപ്പം അച്ചനോടുള്ള സ്നേഹവും ആദരവും നിറഞ്ഞ ചടങ്ങുകൾ സ്നേഹവിരുന്നോടുകൂടി സമാപിച്ചു.




CW Citywide Mortgage of America Corp.

Servicing Illinois, Florida, California, and Indiana

We can provide you a PRE-APPROVAL IN MINUTES

Purchase
Jumbo Loan
Refinance
Cashout

WWW.CITYWIDEMA.COM

EQUAL HOUSING LENDER
Illinois Residential Mortgage Licensee

Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296

4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

Mullappallil Law Group



Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241

General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

# ഫൊക്കാന ടീം ഇന്റഗ്രറ്റി പാനലിനു ഒർലാന്റോയിൽ വമ്പിച്ച സ്വീകരണവും ആവേശകരമായ പിന്തുണയും

ഒർലാന്റോ: ഫൊക്കാന ഇലക്ഷനിൽ മത്സരിക്കുന്ന ടീം ഇന്റഗ്രറ്റി പാനലിനു ഒർലാന്റോയിൽ വമ്പിച്ച സ്വീകരണവും ആവേശകരമായ പിന്തുണയും. പാനൽ അംഗങ്ങൾ പങ്കെടുത്ത എല്ലാ ചടങ്ങുകളിലും വലിയ ജനപിന്തുണയാണ് ഉണ്ടായത്.






ടീം ഇന്റഗ്രറ്റിയുടെ കിക്കോഫ് കാമ്പയിന്റെ ഉദ്ഘാടനം വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു. കിക്കോഫിന്റെ നേതൃത്വം വഹിച്ചത് ഒർലാന്റോ ഏരിയയിലെ പ്രമുഖ മലയാളി സംഘടനകളായ ഓർമ്മ, ഒരുമ എന്നിവയും ഡേറ്റോണയിലെ 'മാഡ്' എന്ന സംഘടനയുടെ നേതാക്കളായ ലിന്റോ ജോളി, രാജീവ് കുമാരൻ, ചാക്കോ കുര്യൻ എന്നിവരുമാണ്. സംഘടനകളുടെ പൂർണ്ണപിന്തുണയോടെ ഡെലിഗേറ്റുകൾ ആവുന്നവരും അഭ്യുദയകാംക്ഷികളുമായി അനേകം നേതാക്കൾ പങ്കെടുത്തു.




കിക്കോഫിൽ ടീം ഇന്റഗ്രറ്റിയുടെ പ്രസിഡണ്ട് സ്ഥാനാർത്ഥി ഫിലിപ്പോസ് ഫിലിപ്പ്, സെക്രട്ടറി സ്ഥാനാർത്ഥി സന്തോഷ് നായർ, ട്രഷറർ സ്ഥാനാർത്ഥി ആന്റോ വർക്കി, എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് സ്ഥാനാർത്ഥി ലിന്റോ ജോളി, വൈസ് പ്രസിഡണ്ട് സ്ഥാനാർത്ഥി ജോസി കാരക്കാട്ട്, അഡീഷണൽ അസോസിയേറ്റ് ട്രഷറർ ഗ്രേസ് മരിയ ജോസഫ്, റീജണൽ









വൈസ് പ്രസിഡണ്ട് രാജീവ് കുമാരൻ, കമ്മിറ്റി മെമ്പർ ആയി മത്സരിക്കുന്ന ആന്റണി മാത്യു എന്നിവർ പങ്കെടുത്തു. ടീം ഇന്റഗ്രറ്റിയുടെ ലക്ഷ്യങ്ങളെപ്പറ്റി അവർ വിശദമായി സംസാരിച്ചു.

ഫൊക്കാനയുടെ യശസ്സ് ഒരുപടി കൂടി ഉയർത്തുന്നതിനുള്ള എല്ലാ നടപടികളും ഈ പാനൽ സ്വീകരിക്കും. ഫൊക്കാനയെ ഒരു പുതിയ പ്രഭാതത്തിലേക്ക് നയിക്കാൻ ഫിലിപ്പോസ് ഫിലിപ്പിന്റെ പാനലിനെ വിജയിപ്പിക്കണമെന്ന് പ്രസംഗകർ അഭ്യർത്ഥിച്ചു.

ഫൊക്കാനക്കെതിരെ പ്രവർത്തിക്കുകയും പല പ്രാവശ്യം കേസ് കൊടുക്കുകയും ചെയ്തശേഷവും വീണ്ടും വീണ്ടും സ്ഥാനാർത്ഥിയാവുന്ന ദുഃസ്ഥിതിയും പ്രസംഗകർ ചൂണ്ടിക്കാട്ടി.

ഫോമാ ആർ.വി.പി. ചാക്കോച്ചൻ ജോസഫ്, ഒരുമ പ്രസിഡണ്ട് ബിനുസ്, ഓർമ്മയുടെ മുൻ പ്രസിഡണ്ട് രാജീവ് കുമാരൻ, മലയാളി അസോസിയേഷൻ ഓഫ് ഡേറ്റോണ പ്രസിഡണ്ട് ജെറി കാമ്പിൽ, മുൻ പ്രസിഡണ്ട് സാവിയോ, ഓർമ്മയുടെ മുൻ പ്രസിഡണ്ടും ഫൊക്കാനയുടെ അനിഷേദ്ധ്യ നേതാവുമായ ചാക്കോ കുര്യൻ, ഒരുമയുടെ 2027-ലെ പ്രസിഡണ്ട് അനുരാധ, ഒരുമയുടെ മുൻ പ്രസിഡണ്ടും ഇപ്പോൾ കെ.എച്ച്.എൻ.എയുടെ ട്രഷററുമായ അശോക് മേനോൻ, ഒരുമയുടെ മുൻ പ്രസിഡണ്ട് ജയ കാമ്പിൽ എന്നിവർ സംസാരിച്ചു.

സാവിയോ, മനീഷ്, മനോജ് എന്നിവരുടെ നേതൃത്വത്തിൽ നടന്ന ഗാനമേള കിക്കോഫിന്റെ മാധുര്യം ഇരട്ടിപ്പിച്ചു.

# NEAL KATYAL: AN INDIAN IMMIGRANT'S SON DEFEATED TARRIF



**Joseph Kurian, Houston**

Regardless of our political stand or support, we should be all proud of Neal Katyal, who is the son of an Indian immigrant parents. He argued the pet project Tariff of PresidentTrump in front of the US Supreme Court, argued, presented reasons and convinced six of nine Supreme Court Justices to rule against Tariff which was a crushing defeat for US President DonaldTrump.

I am so proud of this fiftysix (56) year old Yale Law School American lawyer and legal scholar, who is the son of Punjabi immigrants Pratibha, his mother a pediatrician and late Surender, his dad who was an engineer. Neal Katyal is married to Joanna Rosen, a physician.

He was born on March 12, 1970 in Chicago, Illinois, educated at Yale Law School, graduate in high honor and became a powerful US lawyer. Can you believe his hourly rate is almost $3, 250.00 as a lawyer? I do not belong to any political party and I am an independent voter, who likes to support and vote candidates with decency, character and moral values. I have voted for candidates on both parties based on my principles.

As an Indian immigrant, I thought we should be proud of our people coming to this Country, going to school, learn well and become very successful doctors, engineers, lawyers, scientists and even politicians.



**Neal Katyal**

On February 20, 2026, The US Supreme Court handed this Indian origin attorney and former acting US Solicitor General, Neal Katyal a decisive victory. In a six to three decision, the court struck down President Donald Trump's sweeping tariff ruling that he has exceeded the authority under the International Emergency Economic Power Act ( IEEPA).


Mr. Katyal stated after the victory, "Presidents are powerful, but our Constitutionis more powerful". This is not an easy task for anyone to go to the US Supreme Court and face nine Justices in the court and answer the tough questions and debate the views of the opposite attorney in front of the Supreme Court justices and convince them to overrule the US President, when some of those justices are even appointed by the same US President.

So no one is above the law or Constitution of this Nation. This is a good lesson for anyone who is violating the law of the land. No one in this Nation can make up their own laws and ignore the Courts or the Constitution. Not only in this Nation, all leaders must follow and abide the written laws, policies and constitution of a Nation, a religious organization, educational organization or major business organizations. This will avoid many conflicts and run things peacefully. Violation of laws and policies by leaders will lead to chaos, confusions, conflicts and major consequences.

Let us all be proud of this Indian immigrant regardless of our party affiliation or loyalty. Let our people in this Nation be elevated to higher positions and may be one day to a Supreme Court Justice or to be the President of United States of America. We must rejoice when people from India come to this country and through their hard work, education and efforts become very powerful business men, politician, lawyer, judges or any other prestigious positions. Mr. Katyal, we are so proud of you. Hope you will accomplish many more major victories arguing cases for both political parties and organizations. Hope you will be appointed one day as a US Supreme Court justice. God bless.

# എസ്.ബി. കോളജിനു സമ്മാനമായി പൂർവ്വ വിദ്യാർത്ഥിയുടെ ഗവേഷണകേന്ദ്രം

കോട്ടയം: തന്റെ മാതൃകലാലയമായ ചങ്ങനാശേരി സെന്റ് ബർക്കുമാൻസ് കോളജിൽ ഗവേഷണകേന്ദ്രം ആരംഭിക്കുവാൻ മുൻ വിദ്യാർത്ഥിയും അന്താരാഷ്ട്ര പ്രസിദ്ധിയാർജിച്ച ലിഥിയം ബാറ്ററി ശാസ്ത്രജ്ഞനുമായ ഡോ. കെ.എം. ഏബ്രഹാമിന്റെ ധന സഹായം. ഏകദേശം 1.5 കോടി രൂപ ചെലവ് കണക്കാക്കുന്ന ഈ പദ്ധതി ചങ്ങനാശേരി സെന്റ് ബർക്കുമാൻസ് കോളജിലെ രസതന്ത്ര വിഭാഗത്തിന്റെ കീഴിൽ ഊർജവും പരിസ്ഥിതിയും സംബന്ധിച്ച ഗവേഷണകേന്ദ്രം സ്ഥാപിക്കുന്നതിനായാണ് സമർപ്പിച്ചിരിക്കുന്നത്. ഡോ. കെ.എം. ഏബ്രഹാമിന്റെ സെന്റർ ഫോർ എനർജി ആൻഡ് എൻവയോൺമെന്റ് എന്ന പേരിൽ അറിയപ്പെടുന്ന




ഈ അത്യാധുനിക ഗവേഷണകേന്ദ്രം എസ്.ബി. കോളജിന്റെ ശതാബ്ദി ആഘോഷത്തോട് അനുബന്ധിച്ചു ഫെബ്രുവരി 28-ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

റിസർച്ച് ലബോറട്ടറി, പദാർത്ഥങ്ങളുടെ മോളിക്കുലർ ഘടന പരിശോധിക്കുന്ന FTIR സ്പെക്ട്രോമീറ്റർ, ഫ്ളൂറസൻസ് സ്പെക്ട്രോമീറ്റർ, യു.വി. വിസിബിൾ സ്പെക്ട്രോമീറ്റർ, ഉയർന്ന താപനിലയിൽ പരിശോധന നടത്തുവാൻ സഹായകമായ ട്യൂബുലർ ഫർണസ് തുടങ്ങിയ അത്യാധുനിക ഉപകരണങ്ങളാൽ സജ്ജമാക്കപ്പെട്ട ഈ ഗവേഷണകേന്ദ്രം ഗവേഷണ പ്രവർത്തനങ്ങളോടൊപ്പം സർട്ടിഫിക്കറ്റ് കോഴ്സുകൾ, സെമിനാറുകൾ, ഔട്ട്റീച്ച് പ്രോഗ്രാമുകൾ എന്നിവയും സംഘടിപ്പിക്കും. രണ്ട് ഗവേഷണ ലബോറട്ടറികൾ സ്ഥാപിക്കാനുള്ള പദ്ധതികൾ പുരോഗമിച്ചുവരുന്നു. പുതിയ ഊർജവസ്തുക്കൾ, പരിസ്ഥിതി സംരക്ഷണം, ഗ്രീൻ കെമിസ്ട്രി, കംപ്യൂട്ടേഷണൽ കെമിസ്ട്രി എന്നിവയാണ് കേന്ദ്രത്തിന്റെ പ്രധാന ഗവേഷണ മേഖലകൾ.

റാന്നിക്കു സമീപം കണ്ണമ്പള്ളി കുഴികാലായിൽ പരേതനായ കെ.എ. മാത്യുവിന്റെ (പെന്തെക്കോസ്തു കുഞ്ഞച്ചൻ) മകനാണ് ഡോ. ഏബ്രഹാം. 1965-ൽ എസ്.ബി. കോളജിൽ നിന്ന് മികച്ച വിദ്യാർത്ഥിക്കുള്ള തേവർകാട് ഗോൾഡ് മെഡലോടെ കെമിസ്ട്രിയിൽ ബി.എസ്സി. 1967-ൽ എസ്.ബി. കോളജിൽ നിന്ന് നാഷണൽ മെറിറ്റ് സ്കോളർഷിപ്പോടെ എം.എസ്സി (കെമിസ്ട്രി) എന്നിവ പൂർത്തിയാക്കി. തുടർന്ന് 1972-ൽ അമേരിക്കയിലെ ബോസ്റ്റണിൽ ഉള്ള Tufts University-യിൽ നിന്ന് കെമിസ്ട്രിയിൽ ഡോക്ടറേറ്റ് നേടി.


തുടർന്ന് ബോസ്റ്റണിൽ MITയിൽ രണ്ട് വർഷം പോസ്റ്റ് ഡോക്ടറൽ ഗവേഷണവും പൂർത്തിയാക്കിയ ഡോ. ഏബ്രഹാം ദീർഘകാലം മാസച്ച്യുസെറ്റ്സിലെ നോർത്ത് ഈസ്റ്റേൺ യൂണിവേഴ്സിറ്റിയിൽ പ്രഫസറായും ബാറ്ററി കൺസൾട്ടൻസി സ്ഥാപനമായ EKem-Science-ന്റെ പ്രിൻസിപ്പലായും സേവനം അനുഷ്ഠിച്ചു. ഇപ്പോൾ അദ്ദേഹം പെൻസിൽവേനിയയിൽ താമസിക്കുന്നു.

1972-ൽ Ph.D ബിരുദം നേടിയ ഡോ. ഏബ്രഹാം മലയാളി പെന്തെക്കോസ്തുകാരുടെ ഇടയിൽ നിന്നും ആദ്യമായി Ph.D




നേടിയ വ്യക്തിയാണ്.

അന്താരാഷ്ട്ര ജേർണലുകളിൽ ഏകദേശം 200 ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള ഡോ. ഏബ്രഹാം ലിഥിയം ബാറ്ററി ഗവേഷണവുമായി ബന്ധപ്പെട്ട 15 പേറ്റന്റുകൾ സ്വന്തമാക്കിയിട്ടുണ്ടെന്നതും ശ്രദ്ധേയമാണ്. അമേരിക്കൻ ഇലക്ട്രോകെമിക്കൽ സൊസൈറ്റിയുടെ ചെയർമാനായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. Tufts University Outstanding Achivement Award, ഇലക്ട്രോകെമിക്കൽ സൊസൈറ്റി റിസർച്ച് അവാർഡ്, ഇന്റർനാഷണൽ ബാറ്ററി അസോസിയേഷൻ അവാർഡ് (ദക്ഷിണ കൊറിയ), NASA Group Achivement Award തുടങ്ങി നിരവധി ബഹുമതികൾ അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്.



2020-ൽ ഡോ. ഏബ്രഹാം 33 ലക്ഷം രൂപ സംഭാവനയായി നല്കി കോളജിനോടുള്ള അദ്ദേഹത്തിന്റെ ആഴത്തിലുള്ള സ്നേഹം പ്രകടിപ്പിച്ചു. ഈ തുക ഉപയോഗിച്ച് അവസാനവർഷ കെമിസ്ട്രി ബിരുദക്ലാസ് റൂം ഒരു സ്മാർട്ട് ക്ലാസ് റൂം ആക്കി മാറ്റി. കൂടാതെ പ്രതിവർഷം ഏകദേശം 1.5 ലക്ഷം രൂപ സ്കോളർഷിപ്പുകൾക്കും അവാർഡുകൾക്കുമായി ചെലവഴിക്കുന്നു. തന്റെ ബിരുദ പഠനകാലത്ത് ലഭിച്ച മികച്ച Outgoing Student ഗോൾഡ് മെഡലിന്റെ സ്മരണാർത്ഥം കെമിസ്ട്രി ബിരുദാനന്തര വിദ്യാർത്ഥികൾക്കായി ഡോ. ഏബ്രഹാം ഗോൾഡ് മെഡലുകളും സ്ഥാപിച്ചിട്ടുണ്ട്.

# തുലുക്കനും ക്രിസ്തുവും

**പാസ്റ്റർ സേവ്യർ ജെയിംസ്**

ഇസ്ലാം മതവിശ്വാസത്തിൽ നിന്ന് ക്രിസ്തീയ വിശ്വാസത്തിലേക്ക് വന്ന ഒരു സുവിശേഷകനെ ഈയടുത്ത കാലത്ത് മറ്റൊരാൾ അപഹസിച്ച പദമാണ്- ആ തുലുക്കൻ. ഈ പദപ്രയോഗം വളരെ ചിന്തനീയമാണ്. ഇതൊരു വ്യക്തിയുടെ കാഴ്ചപ്പാടായോ നിലപാടായോ മാത്രം കാണുന്നത് തീർത്തും ഉപരിപ്ലവം ആണ്. ക്രിസ്തുമാർഗ്ഗത്തിന്റെ മഹത്വത്തിനു നേരെയുള്ള ദുഃഖകരമായ ആക്രമണമാണിത്. ദൈവസഭ മാനവകുലത്തിൽ എന്ത് മാറ്റമാണ് വരുത്തിയത്? വരുത്തുന്നത്? ക്രിസ്തുമാർഗ്ഗം മറ്റൊരു മതമായിട്ടല്ല രൂപപ്പെട്ടത്. അതൊരു പുതുവഴി ആയിരുന്നു. നവീന മാനവികതയായിരുന്നു. ലോകത്തിന് അത് പുതിയൊരു നൈതികതയായിരുന്നു സമ്മാനിച്ചത്. ജാതിയും മതവും ധനവും അതിരുകെട്ടി മനസ്സുകളെ ചുരുക്കിയപ്പോൾ ജാതിവ്യത്യാസമില്ലാതെ ധനവാനും ദരിദ്രനും പണ്ഡിതനും പാമരനും കറുത്തവനും വെളുത്തവനും വൈദ്യനും മീൻപിടുത്തക്കാരനും ഒരുമിച്ചു പങ്കിടുന്ന മേശ ഒരു മഹാവിപ്ലവം ഹൃദയങ്ങളിൽ ഉണ്ടാക്കി. അവർ കർത്തൃമേശയിലൂടെ ക്രൂശിതന്റെ സ്നേഹം ഒരുമിച്ച് അനുഭവിക്കുകയായിരുന്നു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളുംമൂലം ഇരുണ്ടുപോയ ജീവിതങ്ങൾ സുവിശേഷത്തിലൂടെ സ്നേഹത്തിന്റെ വെളിച്ചം കണ്ടു. ക്രിസ്തുമാർഗം സ്ഥാപനവത്കരിക്കപ്പെടുകയും ആത്മീയത മതാത്മകതയായി ശോഷിക്കുകയും ചെയ്തതോടെ മതഭേദങ്ങൾ ദൈവസഭയിൽ നുഴഞ്ഞുകയറി. ഭാരത ക്രൈസ്തവ മനസ്സുകളിൽ ഇന്നും ജാതിചിന്ത വാഴുന്നുണ്ട് എന്നത് പൊള്ളുന്ന സത്യമാണ്. നമ്മുടെ വിവാഹപരസ്യങ്ങൾ അത് വിളിച്ചുപറയുന്നു. 'സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത്, ക്നാനായ പെന്തെക്കോസ്തും ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്തു' ഇങ്ങനെയുള്ള പ്രയോഗങ്ങൾ വായിക്കുമ്പോൾ നമുക്ക് ലജ്ജയോ ഖേദമോ തോന്നാറില്ല. കാരണം, അത് നമുക്ക് സാധാരണവത്കരിക്കപ്പെട്ട ചിന്തകളാണ്. ഗലാത്യസഭയിലെ വിഭാഗീയതയ്ക്കെതിരെ പൗലോസ് എഴുതി. യെഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല. ആണും പെണ്ണു എന്നുമില്ല. നിങ്ങൾ എല്ലാവരും ക്രിസ്തുവിൽ ഒന്നത്രേ. (ഗലാ 3: 28) സുവിശേഷത്തിന്റെ തിരസ്കരണമാണ് ജാതിചിന്ത.

ദൈവസഭയിൽ ജാതിചിന്ത വളർന്നാൽ ക്രൂശിന്റെ ശക്തി തുച്ഛീകരിക്കപ്പെട്ടും. തുലുക്കൻ എന്ന് ഒരുവൻ ഉച്ചത്തിൽ പറഞ്ഞുവെങ്കിലും അത് മൃദുസ്വരത്തിൽ ഹൃദയത്തിൽ പേറുന്നവരാണ് പലരും. മറ്റൊരു മതവിഭാഗത്തിൽനിന്നും വിശ്വാസമാർഗ്ഗം സ്വീകരിക്കുന്നവരെ സംശയത്തോടെ വീക്ഷിക്കുകയും അത്തരക്കാരുമായുള്ള വിവാഹബന്ധങ്ങൾ പ്രോത്സാഹിപ്പിക്കാതിരിക്കുകയും ചെയ്യുന്നത് നമ്മുടെ സമൂഹത്തിലെ പരസ്യമായ പ്രവണതയാണ്. വിശ്വാസമാർഗ്ഗം സ്വീകരിച്ച മറ്റൊരു മതസ്ഥനെ പുച്ഛത്തോടെ വീക്ഷിക്കുന്ന ഒരുവന് സുവിശേഷത്തിന്റെ മഹത്വമോ മാനവികതയോ ഒരിക്കലും മനസ്സിലായിട്ടില്ല. അത്തരക്കാർ ക്രിസ്തുമതക്കാർ മാത്രമാണ്. ക്രിസ്തു ആരെന്ന ബോധം അവർക്കില്ലെന്നു മാത്രമല്ല, പരീശ ശക്തിയെന്ന മാരക വിഷവാഹികളാണവർ. ഗാർഡിനെർ സ്പ്രിംഗ് തന്റെ Distinguishing Traits of Christian Character എന്ന മഹത്തായ പുസ്തകത്തിൽ മതത്തിന്റെ രൂപം (Form of religion) എന്നൊരു പരാമർശം നടത്തുന്നുണ്ട്. അദ്ദേഹം പറയുന്നു: "വേദപുസ്തകത്തിലെ മതത്തിനു ദേഹവും ആത്മാവും ഉണ്ട്. അത് പ്രകടവും യഥാർത്ഥവും ആണ്. അത് രൂപവും ശക്തിയും ധരിച്ചിരിക്കുന്നു. ദൃശ്യമായ ദേഹം, ശക്തിയുടെ ഉറവിടമായ അദൃശ്യമായ ആത്മാവിൽ നിന്ന് വ്യത്യസ്തമാണ്. ഭക്തിയുടെ വേഷം മാത്രം ധരിച്ചവർക്ക് അതിന്റെ ശക്തി ഉൾക്കൊള്ളാനാകില്ല." മറ്റു ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവരെ പെന്തെക്കോസ്തു സംഘത്തിൽ ആക്കുന്നതാണോ നമ്മുടെ സുവിശേഷീകരണം. അങ്ങനെ ആക്കിയാൽപ്പോലും അതിലും നാം വിഭാഗീയത കണ്ടെത്തുന്നു. അക്കൂട്ടത്തിൽ ചിലർ ഏതു വിഭാഗത്തിൽ നിന്നു വന്നുവോ അത്തരക്കാരുമായി മാത്രം വിവാഹബന്ധം ഉണ്ടാക്കാൻ യത്നിക്കുന്നുവെന്നു മാത്രമല്ല അതിൽ അഭിമാനിക്കുകയും ചെയ്യുന്നു. ഇത്തരക്കാർക്ക് വീണ്ടും ജനനം എന്ന വാക്കിന്റെ അർത്ഥം ആരെങ്കിലും എന്നെങ്കിലും പറഞ്ഞുകൊടുത്തിട്ടുണ്ടോ?

യേശുകർത്താവ് എല്ലാ സാമൂഹ്യമതിൽക്കെട്ടുകളെയും പൊളിച്ചുകളഞ്ഞു. അവിടുന്നു കുഷ്ഠരോഗികളെ തൊട്ടു, ശമര്യാക്കാരത്തിയോട് സംസാരിച്ചു. നല്ല ശമര്യാക്കാരന്റെ ഉപമ പറഞ്ഞു. ചുങ്കക്കാരോടും പാപികളോടും കൂടെ പന്തിയിൽ ഇരുന്ന് സ്ത്രീകളെ പരസ്യമായി പഠിപ്പിച്ചു. റോമൻ ശതാധിപന്റെ ദാസനെ സൗഖ്യമാക്കി. മതത്തിന്റെ പേരിൽ നടത്തുന്ന പരിഹാസം ഭാരതീയ ന്യായസംഹിത സെക്ഷൻ 300 പ്രകാരം ശിക്ഷാർഹമാണെങ്കിലും ഹൈന്ദവ സംസ്കാരത്തിന്റെ വിഷമുള്ളാണ് ജാതിവ്യവസ്ഥ. സുവിശേഷത്തെ ഏതു മാർഗ്ഗവും ഉപയോഗിച്ച് തടുക്കാൻ മതശക്തികൾ ശ്രമിക്കുന്നതിന്റെ പ്രധാന കാരണം സുവിശേഷം മനുഷ്യനെ ജാതിബന്ധനത്തിൽ നിന്നും സ്വതന്ത്രമാക്കുന്നുവെന്ന ഭീതി മൂലമാണ്. ക്രിസ്തുമതത്തിലും ഇതിന്റെ അർബുദനാമ്പുകൾ ഇന്നും തുടരുന്നു. മേൽജാതിക്കാർ വിശ്വാസികളായി മാറിയാൽ പ്രത്യേക മാന്യത നാം നല്കി കൊടുക്കാറില്ലേ? മാനസാന്തരം ഒരുവനെ പുതിയ സൃഷ്ടിയാക്കുന്നുവെങ്കിൽ നിങ്ങൾ ഏതു സമുദായക്കാരനാണ് എന്ന ചോദ്യം ഒരു ക്രിസ്തുഭക്തന്റെ നാവിൽനിന്നും ഉയരാമോ? ഓരോ ക്രൈസ്തവനും തീരുമാനിക്കേണ്ടതുണ്ട്, സംസ്കാരമോ ക്രിസ്തുവോ പാരമ്പര്യമോ വചനമോ, ജാതിഅഹന്തയോ ക്രൂശിന്റെ താഴ്മയോ ഏതാണ് തെരഞ്ഞെടുക്കേണ്ടതെന്ന്, എല്ലാവരും പാപികളാണെന്നും എല്ലാവർക്കും കൃപ ലഭിക്കുമെന്നും എല്ലാവരും ക്രിസ്തുവിൽ ഒന്നാണെന്നും തിരുവെഴുത്തു നമ്മെ പഠിപ്പിച്ചപ്പോൾ, നാമോ ക്രിസ്തുമാർഗ്ഗത്തിലേക്കു ധനത്തിന്റെയും ജാതീയാധിപത്യത്തിന്റെയും രോഗാണുക്കൾ കുത്തിനിറച്ചു. പ്രാകൃതമായ ലോകവീക്ഷണത്തെ താലോലിക്കുന്ന മറ്റൊരു മതമാക്കി നാം അതിനെ മാറ്റി. ദൈവസഭകൾ ജാതീയ വിഭാഗീയതയിൽ മുറിച്ചുവിറ്റു. ഇതൊക്കെ ഇന്നത്തെ മേലാളന്മാർ നിഷേധിച്ചേക്കാം. പക്ഷേ, അവ ചരിത്രജ്ഞാപകങ്ങളാണ്. ക്രിസ്തുമാർഗ്ഗത്തിന്റെ മഹത്വകരമായ രജതരേഖ, അത് മനുഷ്യനെ മനുഷ്യനായി കാണുന്നു എന്നതാണെങ്കിൽ ജാതിചിന്തയുടെ വിഴുപ്പും ഇന്നും അകത്തളങ്ങളിൽ സൂക്ഷിക്കുകയും അതിൽ അഭിമാനിക്കുകയും ചെയ്യുന്നവർ ക്രൂശിതനെ വീണ്ടും മുറിവേല്പ്പിക്കുന്നു.



ലേഖകൻ

തമിഴ്നാട്ടിലെ തരംഗമ്പാടിയിൽ സുവിശേഷവേല ചെയ്ത, തമിഴിൽ പുതിയനിയമം രചിച്ച ബർത്തലോമെയൂസ് സീഗൻ ബാൽഗ് (1678–1719) ഇങ്ങനെ കുറിച്ചിട്ടു: "മേൽജാതി ക്രൈസ്തവർ വേറിട്ട കൂട്ടായ്മകൾ രൂപപ്പെടുത്തുകയും ആത്മീയ സമത്വത്തെ എതിർക്കുകയും ചെയ്തു." വില്യം കേറിയുടെ ജീവചരിത്രത്തിൽ ജെയിംസ് കളറോസ് രേഖപ്പെടുത്തിയത് "മുൻകാല മിഷനറിമാർ വിശ്വാസികളുടെ സാമൂഹിക ജീവിതത്തിലെ ജാതിവ്യവസ്ഥയോട് സഹിഷ്ണുത കാണിക്കുക മാത്രമല്ല, കർത്തൃമേശയിലും ഈ വിഭാഗീയത വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

എന്നാൽ, വില്യം കേറിയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും തുടക്കത്തിൽ തന്നെ ഇതിനെ തിരുത്താൻ തീരുമാനമെടുത്തു. കൃഷ്ണപ്രസാദ് എന്ന ബ്രാഹ്മണൻ സ്നാനമെടുത്ത ദിനംതന്നെ ശൂദ്രനായ കൃഷ്ണുവിനെ കൊണ്ട് പാനപാത്രം പങ്കിട്ടുകൊണ്ട് ക്രിസ്തീയ സാഹോദര്യത്തിൽ ജാതിവ്യവസ്ഥ ഇല്ലെന്ന് അദ്ദേഹം ബോദ്ധ്യപ്പെടുത്തി." പൂണൂൽ ഊരാൻ അദ്ദേഹം ആവശ്യപ്പെട്ടില്ല എന്നത് ശ്രദ്ധേയമാണ്. മൂന്നു വർഷത്തിനു ശേഷം കൃഷ്ണപ്രസാദ് സ്വയം അത് ഉപേക്ഷിച്ചു. പുറമെയുള്ള പൂണൂൽ സമ്മർദ്ദം കൊണ്ട് മാറ്റിയാലും ഹൃദയത്തിലെ പൂണൂൽ സ്വയമല്ലേ മാറ്റുവാൻ കഴിയൂ.

2024-ൽ പ്രസിദ്ധീകരിച്ച ക്രിസ്തുവതിൽ ജാതി (Caste in Christianity) എന്ന ഗവേഷണ സ്വഭാവമുള്ള പുസ്തകത്തിൽ നിവേദിത ലൂയിസ് പറയുന്നത്, ഭാരത സമൂഹത്തിൽ ആഴത്തിൽ വേരൂന്നിയ ജാതി മനോഭാവം ഭാരതസഭയിലും തുടരുന്നു. പദവികളിലും ഭരണസമിതികളിലും മേൽജാതി സ്വാധീനം പ്രകടമാണെന്നു മാത്രമല്ല, വിവാഹബന്ധങ്ങളിലും ജാതി ഒരു പ്രധാന ഘടകമാണ്. മേൽപ്പറഞ്ഞ വിവാഹ പരസ്യവരികൾ അതിന്റെ ബാക്കിപത്രമാണ്. തന്നെ പിന്തുടരുന്നവരുമായി തനിക്കുള്ള ആത്മബന്ധമാണ് രക്തബന്ധത്തെക്കാൾ പ്രധാനമെന്ന് യേശുകർത്താവ് വെളിപ്പെടുത്തി. "എന്റെ അമ്മ ആര്, എന്റെ സഹോദരൻ ആര്" എന്ന് ചോദിച്ചു. ശിഷ്യന്മാരുടെ നേരെ കൈനീട്ടി "ഇതാ എന്റെ അമ്മയും എന്റെ സഹോദരന്മാരും" (മത്താ. 12: 48,49) മനുഷ്യബന്ധങ്ങൾക്ക് നവീന വർണശോഭ ചാലിച്ചെഴുതിയ ഇടമാണ് ക്രൂശ്. "ആ ശിഷ്യൻ അവളെ തന്റെ വീട്ടിൽ കൈക്കൊണ്ടു" (യോഹ. 19:27) ക്രൈസ്തവ മാനവികതയുടെ മഹത്വത്തിന്റെ രേഖാചിത്രവുമാണിത്. അതിന്റെ പിന്തുടർച്ചയല്ലേ പണ്ഡിത രമാഭായ് വേശ്യകളുടെ കണ്ണീർ ഒപ്പിയതും കൽക്കത്തയിലെ തെരുവിൽ മദർ തെരേസ എന്ന വൃദ്ധ ആർക്കും വേണ്ടാത്തവരെ നെഞ്ചോട് ചേർത്തതും. അവർ ക്രിസ്തുവിനെ സ്വന്തം ജീവിതത്തിലൂടെ ലോകത്തിനു കാട്ടിക്കൊടുത്തു. എന്നാൽ, ഇവിടെ ഇതാ ക്രിസ്തുവിനെ അനുഭവിച്ചിട്ടില്ലാത്തവർ, തുലുക്കൻ വിളിയിലൂടെ മറ്റൊരു മതത്തിൽ നിന്നും ക്രിസ്തുമാർഗ്ഗം സ്വീകരിച്ച എല്ലാവരുടെയും മുഖത്ത് ആഞ്ഞു തുപ്പുകയാണ്. ഇത്തരക്കാർ ഇന്നും നസറായന് ക്രൂശൊരുക്കുന്നു. തന്നെ രൂപാന്തരപ്പെടുത്തിയ യേശുവിനെ ലജ്ജയോ ഭയമോ ഇല്ലാതെ വഴിയോരങ്ങളിൽ നിന്ന് വിളിച്ചു പറയുന്ന ഒരു സുവിശേഷകന്റെ ഹൃദയത്തിനേറ്റ മുറിവ് ആര് ഉണക്കും? സഹോദരാ മാപ്പ് ചോദിക്കുന്നു. നിന്നെ വേദനിപ്പിച്ചതിന്...നിന്റെ ധീരതയെ മാനിക്കാത്തതിന്... ക്രിസ്തു തുലുക്കനോടൊപ്പം നടക്കുമെന്ന് തിരിച്ചറിയാതിരുന്നതിന്...


## ഡാളസ് ഇടവക യംഗ് കപ്പിൾസ് ഫാമിലി കൂട്ടായ്മ നടത്തപ്പെട്ടു

**ജോക്കുട്ടി മേലേടത്ത്**



ഡാളസ്: ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവക ദൈവാലയത്തിൽ യംഗ് കപ്പിൾസിന്റെ രണ്ടാമത് സംഗമം ഫെബ്രുവരി 28-ന് ശനിയാഴ്ച വൈകിട്ട് 6-ന് നടത്തപ്പെട്ടു. അമ്പത് നോമ്പിന്റെ നിറവിൽ കൂട്ടായ്മയുടെ ആരംഭത്തിൽ നോമ്പുകാല ചിന്തകൾ വികാരി ഫാ. ബിൻസ് ചേത്തലിൽ പങ്കുവെച്ചു. തുടർന്ന് പൊതുചർച്ചകളും ഭാവിപരിപാടികളും പങ്കുവെക്കപ്പെട്ടു. അന്നേദിവസം യംഗ് കപ്പിൾസ് ഒന്നിച്ചുള്ള പുതുമയാർന്ന വ്യത്യസ്ത മത്സരങ്ങളും സംഘടിപ്പിച്ചു. യംഗ് കപ്പിൾസിന്റെ കുട്ടികൾക്കായി യുവജനങ്ങളുടെ നേതൃത്വത്തിൽ വ്യത്യസ്ത കൂട്ടായ്മയും സംഘടിപ്പിക്കപ്പെട്ടു. എല്ലാവർക്കും പ്രത്യേകമായി സ്നേഹവിരുന്നും ക്രമീകരിച്ചു. വിവിധ കമ്മിറ്റികളുടെ നേതൃത്വത്തിലാണ് രജിസ്ട്രേഷനും വിവിധ പ്ലാനിങ്ങും നടത്തപ്പെട്ടത്. ഫാമിലി ഒരുമിച്ച് നോമ്പ്കാല ചിന്ത വിചിന്തനവും ക്യാമ്പ് ഫയർ കൂട്ടായ്മയും മത്സരങ്ങളും ഹോം മെയിഡ് ഭക്ഷണവും വേറിട്ട അനുഭവങ്ങൾ ഏവർക്കും നല്കി.

# INTERNATIONAL WOMEN'S DAY 2026




The International Women's Day (IWD) 2026 theme is: 'Give To Gain', focusing on fostering gender equality through intentional, collaborative action and resource sharing. This campaign emphasizes that supporting women through mentorship, investment, and advocacy leads to mutual growth and a more equitable world.

**International Women's Day is Powered by the Collective Efforts of All**

Collective action and shared ownership for driving gender parity is what makes International Women's Day impactful. Gloria Steinem, world-renowned feminist, journalist, and activist once explained "The story of women's struggle for equality belongs to no single feminist nor to any one organization but to the collective efforts of all who care about human rights." So, make International Women's Day your day and do what you can to truly make a positive difference for women.

**When We Give, We Gain**

The IWD 2026 Give To Gain Campaign encourages a mindset of generosity and collaboration. It emphasizes the power of reciprocity and support. When people, organizations, and communities give generously, opportunities and support for women increase. Giving is not a subtraction, it's intentional multiplication. When women thrive, we all rise. Whether through donations, knowledge, resources, infrastructure, visibility, advocacy, education, training, mentoring, or time, contributing to women's advancement helps create a more supportive and interconnected world.

**Key Aspects of the IWD 2026 'Give To Gain' Campaign:**

Action-Oriented: The theme encourages moving beyond awareness to concrete actions, such as investing in women's education, health, and economic empowerment.

Collaboration: It highlights that when individuals and organizations "give" (time, resources, visibility), they "gain" a more equitable and thriving society.

Inclusive Approach: The campaign invites everyone to participate in accelerating progress, aiming to dismantle barriers to women's advancement.

Focus Areas: Activities often revolve around building inclusive workplaces, championing women in technology and innovation, and improving health outcomes.

**What Will You Give to Gain Gender Equality?**

We can all give our support to gain advancement for women and girls.

Give respect, Give safety, Give visibility, Give knowledge, Give funding, Give justice, Give resources, Give a voice, Give protection, Give truth, Give equal pay, Give celebration, Give sponsorship, Give mentoring, Give credit, Give budget, Give introductions, Give workshops, Give opportunities, Give training, Give stretch assignments, Give momentum, Give role models, Give growth, Give access, Give time.

As individuals, giving support means calling out stereotypes, challenging discrimination, questioning bias, celebrating women's success, and more. Sharing our knowledge and encouragement with others is also key. At work, at home, and in the community, there are many ways to overtly advance women whatever way is most impactful. Let's Give To Gain gender equality by giving visibility to other women is a powerful way to support their growth and empowerment. Here are some ways to do so:

Amplify their work: Share their projects, articles, or achievements on social media and with your network.

Mentorship: Offer guidance and support to women looking to advance in their careers.

Networking: Introduce women to your professional network, creating opportunities for collaboration and growth.

Feature them: Highlight women in your industry or community through interviews, podcasts, or blog posts.



Dr. Divya Vallippadavil

Support women-led initiatives: Invest in or promote businesses and projects led by women.

Remember, visibility is a powerful tool for growth. Let's support and uplift each other!

**Happy International Women's Day!**

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 92.31 |
| യൂറോ | 106.20 |
| സ്റ്റെർലിംഗ്പൗണ്ട് | 122.85 |
| സ്വിസ് ഫ്രാങ്ക് | 119.05 |
| സിംഗപ്പൂർ ഡോളർ | 71.52 |
| കനേഡിയൻ ഡോളർ | 67.89 |
| ഒമാൻ റിയാൽ | 240.09 |
| ബഹ്റൈൻ ദിനാർ | 244.62 |
| സൗദി റിയാൽ | 24.60 |
| യു.എ.ഇ. ദിർഹം | 25.14 |
| കുവൈത്ത് ദിനാർ | 300.21 |

## എച്ച്.കെ. ദുവ അന്തരിച്ചു



ന്യൂഡൽഹി: മുതിർന്ന മാധ്യമപ്രവർത്തകനും പദ്മഭൂഷൺ അവാർഡ് ജേതാവുമായ എച്ച്.കെ. ദുവ (88) അന്തരിച്ചു. പ്രായാധിക്യത്തെത്തുടർന്ന് അസുഖബാധിതനായി കഴിഞ്ഞ മൂന്നാഴ്ചയായി ഡൽഹിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. 'ഹിന്ദുസ്ഥാൻ ടൈംസി'ന്റെ എഡിറ്റർ, ഇന്ത്യൻ എക്സ്പ്രസിന്റെയും ദ ട്രൈബ്യൂണിന്റെയും എഡിറ്റർ ഇൻ ചീഫ്, ടൈംസ് ഓഫ് ഇന്ത്യയുടെ എഡിറ്റോറിയൽ അഡ്വൈസർ എന്നീ നിലകളിൽ നാലു പതിറ്റാണ്ടായി മാധ്യമരംഗത്തു നിറഞ്ഞുനിന്ന ദുവെ, അടൽ ബിഹാരി വാജ്പേയി, എച്ച്.ഡി. ദേവഗൗഡ എന്നീ പ്രധാനമന്ത്രിമാരുടെ മാധ്യമ ഉപദേഷ്ടാവായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. രാഷ്ട്രപതിയുടെ നാമനിർദേശത്തിലൂടെ 2009-ൽ രാജ്യസഭയിലെത്തി. 2015 വരെ ഉപരിസഭയിൽ തുടർന്നു. രാജ്യസുരക്ഷ, വിദേശകാര്യം തുടങ്ങിയ വിഷയങ്ങളിൽ പാർലമെന്റ് ചർച്ചകളിൽ സജീവമായിരുന്നു. മാധ്യമരംഗത്തെ സമഗ്ര സംഭാവനകൾക്ക് നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുള്ള അദ്ദേഹത്തിന് 2008-ൽ പദ്മഭൂഷൺ നൽകി ഇന്ത്യ ആദരിച്ചിട്ടുണ്ട്. 2001-2003 കാലഘട്ടത്തിൽ ഡെന്മാർക്കിലെ അംബാസഡറായും അദ്ദേഹം ഇന്ത്യയെ പ്രതിനിധീകരിച്ചു. ദുവെയുടെ നിര്യാണത്തിൽ കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, ശിരോമണി അകാലിദൾ പ്രസിഡണ്ട് സുഖ്ബീർ സിംഗ് ബാദൽ, ശശി തരൂർ എംപി, രാഷ്ട്രീയ-സാമൂഹ്യരംഗത്തെ പ്രമുഖർ, മാധ്യമപ്രവർത്തകർ തുടങ്ങി നിരവധിപ്പേർഅനുശോചനം അറിയിച്ചു.



# INTERNATIONAL WOMEN'S DAY 2026 – GIVE TO GAIN

## EMPOWERING WOMEN THROUGH FAITH, SUPPORT, AND ACTION

**Danny Pallattumadam**

Behind every strong family, thriving community, and hopeful future, there are women quietly giving their strength, wisdom, and love. International Women's Day reminds us to pause and recognize these contributions while also encouraging us to continue building a world where every woman and girl has the opportunity to grow and succeed.

International Women's Day is not only a time to celebrate achievements but also a moment to reflect on how we can support and uplift one another. Women carry many roles in life — as mothers, daughters, professionals, leaders, and caregivers — and through all these roles they continue to shape families and communities with compassion and resilience.

The theme for International Women's Day 2026, **"Give To Gain,"** carries a powerful message. It reminds us that progress often begins with generosity — the willingness to share our time, knowledge, encouragement, and opportunities with others. When women invest in one another, they create a culture where everyone has the chance to thrive.

This year's global call for **"Rights, Justice, and Action for All Women and Girls"** also reminds us that empowerment is not only about celebration but about commitment. Around the world, many women and girls still face barriers to education, leadership, and opportunity. Ensuring fairness, dignity, and equal opportunities for every woman and girl requires awareness, advocacy, and meaningful action from all of us.

Every woman's journey is influenced by someone who helped along the way. Many of us can think of a mentor, teacher, friend, or family member who believed in us and encouraged us to take the next step. Sometimes it is a simple word of encouragement that gives someone the confidence to pursue a dream. Sometimes it is guidance that helps someone navigate a challenge. These moments of support may seem small, but they have the power to change lives.

One of the most beautiful examples of giving is **motherhood**. Mothers give their time, strength, patience, and unconditional love every single day. Motherhood is a unique power of women — nurturing families, shaping values, and guiding the next generation with compassion and sacrifice. Much of this work happens quietly and often without recognition, yet its impact on society is immeasurable. Through motherhood and caregiving, women help build the foundation of strong families and communities.

At the same time, we must also recognize the incredible courage of women who are living through times of conflict and crisis around the world. In regions affected by war, including the current tensions in the Middle East, many women find themselves in the middle of unimaginable hardship. Some women are serving their countries with bravery, while others are holding families together, protecting



Danny Pallattumadam

their children, and trying to create hope during uncertainty and fear.

Their strength reminds us of the resilience women carry even in the most difficult circumstances. As we mark International Women's Day, we keep these women in our thoughts and prayers. May God protect them, bring comfort to their families, and guide the world toward peace. May the courage of these women remind us of the importance of compassion, unity, and understanding in our global community.

Within the **Knanaya Catholic Women's Forum of North America (KCWFNA)**, I have the privilege of witnessing the power of women supporting one another. Across our communities, women bring together their talents, experiences, and faith to serve others. They balance responsibilities at home and in their careers while still finding time to mentor younger women, organize community initiatives, and contribute to meaningful causes.

From local units across the United States and Canada, KCWFNA women continue to lead with dedication, faith, and compassion. Each region brings together women who are passionate about strengthening families, supporting one another, and building a strong community for future generations. Their willingness to volunteer, mentor, and serve reflects the true spirit of women uplifting women.

However, the message of International Women's Day should not be limited to **March 8 alone**. Supporting women should be something we practice throughout the entire year. Empowerment is not a one-day celebration — it is an ongoing commitment to encouraging one another, creating opportunities, and recognizing the contributions of women in every aspect of life.

Each of us has the ability to make a difference in someone else's journey. Sometimes that difference comes through mentorship. Sometimes it comes through encouragement or sharing our experiences so others can learn from them. Even small gestures- recognizing someone's efforts, offering guidance, or simply listening- can have a lasting impact.

When women support each other, confidence grows. When confidence grows, leadership develops. And when women lead, they bring compassion, strength, and vision that benefit entire communities.

As we celebrate International Women's Day, let us remember that the spirit of **"Give To Gain"** is something we can live every day — by lifting each other up, opening doors for others, and inspiring the next generation of women to lead with courage and purpose.

**The strength of our communities lies in women who continue to give, nurture, lead, and inspire every day.**

Happy International Women's Day to all the women who make a difference in our families, communities, and the world.

**Danny Pallattumadam**

**President, KCWFNA – Knanaya Catholic Womens Forum of North America**

## മിന്നലേ.... അടി മിന്നലേ....

(21-ാം പേജിൽനിന്നും)

സ്വർഗ്ഗത്തിലെ മുത്തച്ഛന്മാർക്ക്

ഇനി ഇഷ്ടംപോലെ കുടിക്കാമല്ലോ!'

മന്ത്രി പുംഗുവൻ തന്റെ പരിവാരങ്ങളുമായി എത്തുന്നു. കള്ളന്മാർക്കു പോലീസ് കാവൽ നിൽക്കുന്നതു പോലെ, അയാളുടെ ചുറ്റും 'ഗൺ' ഏന്തിയ ഗൺമാൻമാരുണ്ട്. ഇ.ഡി എന്നെങ്ങാനും കേട്ടാൽ, അദ്ദേഹം ഓടിപ്പോകാതിരിക്കുവാനായിരിക്കും, ഒരു പക്ഷേ!

മന്ത്രി തന്റെ പ്രസംഗം ആരംഭിക്കുന്നു: പ്രിയ സഹോദരീ, സഹോദരങ്ങളേ!

ഈ അടുത്ത കാലത്തായി കേരളത്തിന്റെ പ്രതിഛരായ ലോകമെമ്പാടും വർദ്ധിച്ചു വരികയാണല്ലോ! പ്രത്യേകിച്ചും നമ്മുടെ ആരോഗ്യമേഖല, ലോകത്തിലെ നമ്പർ വൺ ആണ്. ചൊറി, ചിരങ്ങ്, മലമ്പനി, കുരങ്ങുപനി മുതലായ മാറാരോഗങ്ങളുമായി ഇവിടെ ചികിത്സ നടത്തുവാനെത്തുന്ന അമേരിക്കൻ മലയാളികൾക്ക് പത്തുശതമാനം ഡിസ്കൗണ്ട് നൽകും എന്നുള്ള കാര്യം സന്തോഷപൂർവ്വം അറിയിക്കുന്നു.

എന്നാൽ മദ്യമേഖല രംഗത്ത് നമ്മൾക്ക് കുറച്ചു ജാഗ്രത കുറവുണ്ടായി. തന്മൂലം നമ്മുടെ ടൂറിസത്തിനു ചെറിയ ഇടിവുണ്ടായി.

രാത്രി പതിനൊന്നുമണി കഴിയുമ്പോൾ മുതൽ, 'കള്ള് എവിടെ, കള്ള് എവിടെ?' എന്നു നെഞ്ചത്തടിച്ചു വിലപിച്ചുകൊണ്ട്, ചെമ്മീനിലെ പരീക്കുട്ടിയെപ്പോലെ കടാപ്പുറത്തുകൂടി, പാടിപ്പാടി ചങ്കുപൊട്ടി നടക്കുന്ന കാഴ്ച കണ്ടപ്പോൾ, നമ്മുടെ സർക്കാരിന്റെ കരളലിഞ്ഞു.

മൂർത്തമായ സമയത്ത് മൂർത്തമായ തീരുമാനമെടുക്കുന്നതാണല്ലോ നമ്മുടെ വൈരുദ്ധ്യാത്മിക ഭൗതികവാദം. അതിനാൽ ഇനി മുതൽ നേരത്തോടു നേരം, കള്ളുഷാപ്പുകൾ, ബിവറേജ് ഔട്ട്ലറ്റുകൾ, സ്റ്റാർ ബാറുകൾ എന്നിവിടങ്ങളിൽ മദ്യം ലഭിക്കും.

ദിവസേന, മൂന്നു നേരം മദ്യം കഴിച്ചാൽ, ഉൽക്കണ്ഠ, വിഷാദം, വിറയൽ തുടങ്ങിയ രോഗങ്ങൾ മാറിക്കിട്ടും.

മദ്യപാനത്തിനുള്ള പരിശീലനം, ചെറുപ്പം മുതലേ ശീലിപ്പിക്കുവാൻ വേണ്ടി, ഇപ്പോൾ നേഴ്സറി സ്കൂളിൽ കൊടുക്കുന്ന റേഷനരി ബിരിയാണിയോടൊപ്പം, പാലിനു പകരം വീര്യം കുറഞ്ഞ മദ്യം വിളമ്പുന്നതിനേപ്പറ്റിയും ആലോചനയുണ്ട്.

ഇനി നിങ്ങൾ കാത്തിരുന്ന നിമിഷം. നമ്മുടെ സർക്കാരിന്റെ സ്വന്തം ഡിസ്റ്റിലറിയിൽ, അമൂല്യ ഔഷധ ഗുണമുള്ള സസ്യങ്ങൾ ഇടിച്ചു പിഴിഞ്ഞ്, അതിന്റെ നീരിനോടൊപ്പം, ബാറ്ററി, സ്പിരിറ്റ് തുടങ്ങിയ ചേരുവകകൾ കൂടി ചേർത്ത് പ്രത്യേകം തയ്യാറാക്കിയ, 'മിന്നൽ മാജിക്'.

ഈ മംഗളകർമ്മം നിർവഹിക്കുന്നതിനുവേണ്ടി പ്രത്യേകം തയ്യാറാക്കിയ ഒരു കത്രികകൊണ്ട് നാട മുറിച്ചാണ് ഞാൻ ഈ ഉദ്ഘാടനം നിർവഹിക്കുന്നത്. ഈ കത്രിക ഒരു രോഗിയുടെ വയറ്റിൽ അഞ്ചോ അൻപതോ വർഷങ്ങൾ കിടന്നാലും കത്രികയ്ക്ക് ഒരു കേടും സംഭവിക്കില്ല എന്നു മെഡിക്കൽ ഡയറക്ടർ സർട്ടിഫൈ ചെയ്തിട്ടുള്ളതാണ്. രോഗികൾക്ക് ചില നിസ്സാര അസൗകര്യങ്ങൾ ഉണ്ടാകുമെന്ന്, സർക്കാരിന്റെ പ്രതിച്ഛായ മോശമാക്കുവാൻ വേണ്ടി പ്രതിപക്ഷം വെറുതേ പറഞ്ഞു പരത്തുന്നതാണ്.

മിന്നൽ അടിച്ചാൽ, പിറകേ 'ഇടി' ഉണ്ടാവുക സ്വാഭാവികമാണല്ലോ! മിന്നലടിച്ച് നല്ലപോലെ മിനുങ്ങി വീട്ടിൽ ച്ചെല്ലുന്ന നിങ്ങൾ, നിങ്ങളുടെ കെട്ടിയോളുമാർക്ക് നല്ല നാല് ഇടികൂടി കൊടുത്ത്, ഈ ആഘോഷത്തെ അതിന്റെ പരിപൂർണ്ണതയിലെത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

രോഗിയുടെ വയറ്റിൽ അഞ്ചുവർഷം കിടന്ന കത്രികകൊണ്ട് നാടമുറിച്ച് 'മിന്നൽ മാജിക്' ഉദ്ഘാടനം ചെയ്ത മന്ത്രി, ഗസ്റ്റുഹൗസിലേക്ക് പോലീസ് അകമ്പടിയോടു കൂടി മടങ്ങുന്നു.

('വീണ- വീണാ'യുടെ കൂടുതൽ ഭാഗങ്ങൾ ഇലക്ഷൻ കഴിയുന്നതു വരെ പ്രതീക്ഷിക്കാം.)

ശുഭം!

## വന്യജീവികൾക്കായി സ്വാഭാവിക വനമൊരുക്കാൻ വായ്പയെടുക്കുന്നു

തിരുവനന്തപുരം: വന്യജീവി ആക്രമണം തടയാൻ വനത്തിനുള്ളിൽ ഫലവൃക്ഷങ്ങളടങ്ങിയ സ്വാഭാവിക വനം വെച്ചു പിടിപ്പിക്കാനും കുളങ്ങൾ കുഴിച്ച് ജലലഭ്യത ഉറപ്പാക്കാനുമായി ജർമൻ ബാങ്കിൽ നിന്ന് വായ്പ എടുക്കാനുള്ള പദ്ധതിക്ക് മന്ത്രിസഭയുടെ അംഗീകാരം. കാട്ടാന അടക്കം നാട്ടിലിറങ്ങുന്നത് തടയാൻ കാട്ടിനുള്ളിൽ തന്നെ ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ചും കുളങ്ങൾ കുഴിച്ചും ആഹാരപദാർത്ഥങ്ങളും വെള്ളവും ഒരുക്കി കാട്ടുമൃഗങ്ങളെ നാട്ടിൽ ഇറങ്ങുന്നത് തടയാനുള്ള പദ്ധതിക്കാണ് അംഗീകാരം നല്കിയത്.

ഇതിനായി ജർമൻ ബാങ്കായ കെഎഫ്ഡബ്ല്യു വികസന ബാങ്കിൽ നിന്ന് കേന്ദ്രസർക്കാർ വഴി 511.5 കോടി രൂപയുടെ വായ്പയെടുക്കാനാണ് അനുമതി നല്കിയത്. അക്കേഷ്യ അടക്കമുള്ള വിദേശ വൃക്ഷങ്ങൾ വെട്ടിമാറ്റി പ്ലാവും മാവും അടക്കമുള്ള ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കും. ചന്ദനം, തേക്ക്, ഈട്ടി അടക്കമുള്ളവയും വെച്ചുപിടിപ്പിക്കും. ആദിവാസി വിഭാഗങ്ങളുടെ സേവനം കൂടി ലഭ്യമാക്കി പങ്കാളിത്ത വനപരിപാലനം എന്ന മാതൃകയിലാകും പദ്ധതി നടപ്പാക്കുക. ഇതോടൊപ്പം സോളാർ ഫെൻസിംഗ് അടക്കമുള്ളവയും സ്ഥാപിക്കും. 2.5 ശതമാനം പലിശ മാത്രമാണ് ജർമൻ ബാങ്ക് ഈടാക്കുക. ഏഴു വർഷം കൊണ്ടാണ് പദ്ധതി നടപ്പാക്കേണ്ടത്. ആവശ്യമെങ്കിൽ അഞ്ചു വർഷം കൂടി നീട്ടാം. 511.5 കോടിയുടെ പദ്ധതിയിൽ 409.2 കോടി ജർമൻ ബാങ്ക് നല്കും. 102.2 കോടി സംസ്ഥാനം വഹിക്കണം. കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായിരിക്കും പദ്ധതി നടപ്പാക്കുക.

## സെൻസസ്: ഭാഗ്യചിഹ്നങ്ങൾ അവതരിപ്പിച്ചു

ന്യൂഡൽഹി: ലോകത്തിലെ ഏറ്റവും വലിയ ജനസംഖ്യാ കണക്കെടുപ്പിന്റെ ഒരുക്കങ്ങൾക്ക് തുടക്കം കുറിച്ചു കേന്ദ്ര സർക്കാർ. 2027 സെൻസസിനുവേണ്ടി രണ്ട് ഭാഗ്യചിഹ്നങ്ങളും നാല് ഡിജിറ്റൽ ടൂളുകളും കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ന്യൂഡൽഹിയിൽ അവതരിപ്പിച്ചു. പുരുഷന്മാരുടെ പ്രതീകമായി വികാസെന്നും സ്ത്രീകളുടെ പ്രതീകമായി പ്രഗതിയെന്നുമാണ് ഭാഗ്യചിഹ്നങ്ങൾക്കു പേരിട്ടിരിക്കുന്നത്. 2047-ഓടെ ഇന്ത്യയെ വികസിതരാജ്യമാക്കുന്നതിൽ സ്ത്രീകൾക്കും പുരുഷന്മാർക്കുമുള്ള തുല്യ പങ്കാളിത്തമാണ് ഈ ഭാഗ്യചിഹ്നങ്ങൾ പ്രതീകവത്കരിക്കുന്നതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം വ്യക്തമാക്കി.

# SEEKING BRIDEGROOM

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

# SEEKING BRIDE

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to **alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445.** Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

## SEEKING BRIDEGROOM CONTD.....

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

## മത്തായി ജോസഫ്

**പിറവം:** ജയന്തി ജംഗ്ഷൻ കുറ്റിക്കോട്ടയിൽ മത്തായി ജോസഫ് (പാപ്പച്ചൻ-102) അന്തരിച്ചു. ഭാര്യ മരങ്ങാട്ടുപിള്ളി പള്ളിപ്പുറത്ത് പരേതയായ ഏലിക്കുട്ടി. മക്കൾ: മേരി, ജോസഫ് (റിട്ട. അദ്ധ്യാപകൻ), സെബാസ്റ്റ്യൻ (ഹൂസ്റ്റൺ), മാത്യു (റിട്ട. എസ്ഐ), ജെയിംസ്, ജാൻസി. മരുമക്കൾ: പെരിയപ്പുറം തുടിയംപറമ്പിൽ ജോസഫ്, കളത്തൂർ നാടികാട്ടിൽ റോസമ്മ, ചിറങ്ങര വെണ്ണൂക്കാരൻ ഷേർലി (ഹൂസ്റ്റൺ), കൊടുവേലി കളപ്പുരക്കൽ ലിസി, ചീനിക്കുഴി വട്ടക്കുന്നേൽ ലിറ്റി (ഇരുവരും റിട്ട. അദ്ധ്യാപികമാർ), കാക്കൂർ കിഴക്കേപുത്തൻപുര ബേബി.

## ജി. കൃഷ്ണമൂർത്തി

**തൃശൂർ:** എസ്ബിഐ റിട്ട. മാനേജർ ചേറൂർ എകെജി മന്ദിരം റോഡ് കാർത്തികയിൽ ജി. കൃഷ്ണമൂർത്തി (82) അന്തരിച്ചു. ഭാര്യ കെ. വിജയലക്ഷ്മി. മക്കൾ: ഗോപാലകൃഷ്ണൻ, ദീപ. മരുമക്കൾ: സുധ, ശ്രീധർ (നാലുപേരും യുഎസ്).

**കുമാരനല്ലൂർ:** കോട്ടയം മെഡിക്കൽ കോളജ് ആശുപത്രി റിട്ട. റെക്കോർഡ്സ് സൂപ്രണ്ട് രാജ് വിഹാറിൽ ഭാസ്കരൻ നായർ (81) അന്തരിച്ചു.

## അച്ചാമ്മ ജോസഫ്



**കാടമുറി:** വടശ്ശേരിയിലായ ചിറപ്പുറത്ത് അച്ചാമ്മ ജോസഫ് (92) അന്തരിച്ചു. കുഴിമറ്റം ചിറപ്പുറം കുടുംബാംഗമാണ്. ഭർത്താവ് എൻ.സി. ജോസഫ്. മക്കൾ: എബി (സ്വീറ്റ്ലാൻഡ് ബേക്കറി), ബോബി (യുഎസ്). മരുമക്കൾ: ആൻസി ചക്കാലയിൽ കോട്ടയം, സോണി ഇല്ലിക്കൽ പുതുപ്പള്ളി (യുഎസ്).

**ഇടക്കുളം:** ഇടക്കുളം തടത്തിൽ ഷാജി തോമസിന്റെയും പുഷ്പയുടെയും മകൻ അലൻ ഷാജി (26) അന്തരിച്ചു.

**കൊച്ചി:** കാപ്സ്റ്റോൺ ഇന്ത്യ കിപ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് മാനേജ്മെന്റ് എന്നിവയുടെ ഡയറക്ടർ തൃശൂർ കുന്നത്ത് സന്തോഷ് കെ. തോമസ് (60) അന്തരിച്ചു.

**കാനം:** പടിഞ്ഞാറ്റുപകുതി നടുപ്പറമ്പിൽ അമ്മിണി ജോർജ് (85) അന്തരിച്ചു.

**മുണ്ടിയപ്പള്ളി:** റിട്ട. പ്രധാനാദ്ധ്യാപകൻ കാരിമുട്ടിൽ കെ.ജി. മാത്തുക്കുട്ടി (88) അന്തരിച്ചു.

**ചെങ്ങളം:** തെക്കേക്കുറ്റ് ചാക്കോ അവിര (78) അന്തരിച്ചു.

## ലില്ലി ജോസ്

**പയസ് മൗണ്ട്:** വെള്ളച്ചാലിൽ ലില്ലി ജോസ് (57) അന്തരിച്ചു. പയസ്മൗണ്ട് മേനമറ്റത്തിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വെള്ളച്ചാലിൽ വി.ജെ. ജോസ്. മക്കൾ: റിൻസി, റീമ, റിയ. മരുമകൻ: ജോയൽ ബാബു തേന്നാത്ത് കുമരകം (യുഎസ്).

## പി.ജെ. വർഗീസ്



**കവിയൂർ:** പടിഞ്ഞാറ്റുംശേരി പുതുപ്പറമ്പിൽ പി.ജെ. വർഗീസ് (പൊടി-92) അന്തരിച്ചു. ഭാര്യ നീറേറ്റുപുറം കളത്തിൽ പരേതയായ ഏലിയാമ്മ വർഗീസ്. മക്കൾ: സാം, ലില്ലി, രാജൻ, കൊച്ചുമോൾ. മരുമക്കൾ: കുഞ്ഞ്, ജോളി, സാബു (എല്ലാവരും യുഎസ്).

**പത്തനംതിട്ട:** മൈലപ്ര പഞ്ചായത്ത് മുൻ അംഗവും മൈലപ്ര സർവീസ് സഹകരണ ബാങ്ക് മുൻ പ്രസിഡണ്ടുമായിരുന്ന മൈലപ്ര മണ്ണൂർ ബംഗ്ലാവ് (കെട്ടിടത്തിൽ) ജെറി ഈശോ ഉമ്മൻ (70) അന്തരിച്ചു.

**തിരുവനന്തപുരം:** റിട്ട. വിങ് കമാൻഡർ ജവഹർ നഗർ ശിവജി സഫയർ അപ്പാർട്ടുമെന്റിൽ സി.എം. നായർ (75) അന്തരിച്ചു.

## റോസമ്മ ജോർജ്

**എടത്വ:** മാളിയേക്കൽ റോസമ്മ ജോർജ് (കുഞ്ഞമ്മ-89) അന്തരിച്ചു. ഭർത്താവ് പരേതനായ എം.വി. ജോർജ്. മക്കൾ: ആൻസമ്മ ജോർജ്, ജെയിംസ്കുട്ടി ജോർജ്, ജെസമ്മ ജോർജ് (യുഎസ്), സെബാസ്റ്റ്യൻ ജോർജ്, ജിജിമോൾ ജോർജ് (യുകെ), മരുമക്കൾ: ബെന്നി ചാക്കാലയ്ക്കൽ, സിസിലി പുതുപ്പറമ്പിൽ (സീതത്തോട്), തങ്കച്ചൻ മണ്ണാരുപറമ്പിൽ (യുഎസ്), ജോമോൾ പാറേക്കളം (ഡൽഹി), ജോച്ചൻ ജോസഫ് പുത്തൻപറമ്പ് (ഇത്തിത്താനം).

**തലയനാട്:** റായ്പൂർ രൂപതാംഗമായിരുന്ന മൈലാടൂർ പുത്തൻകണ്ടത്തിൽ ഫാ. ജേക്കബ് (80) അന്തരിച്ചു.

**തിരുവനന്തപുരം:** കണ്ണമ്മൂല നാലുമുക്ക് വാക്കയിൽ തലക്കുളത്ത് റിട്ട. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ടി.സി. ചാക്കോ (87) അന്തരിച്ചു.

**തൃക്കൊടിത്താനം:** കൊച്ചിയിൽ ഇളയിടത്ത് ടിറ്റി കോട്ടേജിൽ ഇ.സി. വർഗീസ് (രാജു-74) അന്തരിച്ചു.

**ചിലവ്:** മുണ്ടത്താനത്ത് ജോസഫ് (90) അന്തരിച്ചു.

## മോളി ജോൺ

**കൊച്ചി:** ചക്കരപ്പറമ്പ് മംഗളം ടവർ അപ്പാർട്ടുമെന്റിൽ കാട്ടൂർ മധുരഗിരിയിൽ മോളി ജോൺ (79) അന്തരിച്ചു. പള്ളം കുരീക്കാട് കുടുംബാംഗമാണ്. ഭർത്താവ് ജോൺ മാത്യു. മക്കൾ: റോഷൻ മാത്യു ജോൺ (ബെംഗ്ളൂരു), രശ്മി റെയ്ച്ചൽ ജോൺ (യുഎസ്). മരുമകൻ: ചെറിയാൻ ജേക്കബ് പടിഞ്ഞാറെതെലയ്ക്കൽ (യുഎസ്).

**ഇളങ്ങുളം:** അഞ്ചാംമൈൽ കാഞ്ഞിരക്കാട്ട് സെബാസ്റ്റ്യൻ ജോസ് (പാപ്പച്ചൻ-88) അന്തരിച്ചു.

## പി.ജെ. ജോസഫ്

**കൂട്ടിക്കൽ:** വെള്ളൂക്കുന്നേൽ പുതിയാപ്പറമ്പിൽ പി.ജെ. ജോസഫ് (ഔസേപ്പച്ചൻ-90) അന്തരിച്ചു. ഭാര്യ കാഞ്ഞിരപ്പള്ളി കരിപ്പാപറമ്പിൽ ജെസി. മക്കൾ: പരേതനായ റെജി, സ്വപ്ന, സംഗീത, ജോർജ്. മരുമക്കൾ: ജസ്റ്റിൻ കുറ്റിക്കാട്ട് (ചെങ്ങളം), സുജാത, ജയിംസ് ക്ലെൻഡനിൽ, സീമ (മൂവരും യുഎസ്).

**ചേപ്പാട്:** ബ്രിട്ടീഷ് ആരോഗ്യ വകുപ്പിൽ നേത്രരോഗ വിദഗ്ദ്ധനായിരുന്ന ഏരവത്തുകിഴക്കേതിൽ ഡോ. പ്രകാശ് മാത്യു (76) ഇംഗ്ലണ്ടിൽ അന്തരിച്ചു.

## തോമസ് മാത്യു

**അന്ത്യാളൻകാവ്:** കർഷക യൂണിയൻ സംസ്ഥാന കമ്മിറ്റിയംഗവും പ്രവാസി കേരള കോൺഗ്രസ് (എം) പത്തനംതിട്ട ജില്ലാ വൈസ് പ്രസിഡണ്ടുമായ കടമ്മനിട്ട അന്ത്യാളൻകാവ് ചെരുവിൽ ചിറക്കടവിൽ തോമസ് മാത്യു (82) അന്തരിച്ചു. ഭാര്യ പുനലൂർ അജോ വിലാസം എത്സി മാത്യു. മക്കൾ: തോമസ് മാത്യു, സോഫി ജോർജ്. മരുമക്കൾ: മഞ്ജുഷ മാത്യു തൈക്കടവിൽ കോട്ടയം, ഷിബു സാം ജോർജ് തൂമ്പുംപാട്ട് തെക്കേമല കോഴഞ്ചേരി (എല്ലാവരും യുഎസ്).

**കൊച്ചി:** ലക്ഷ്മി ഹോസ്പിറ്റൽ മുൻ പാർട്ണർ കോലഞ്ചേരി കറുകപ്പിള്ളി വാരിയത്ത് കെ.കെ. ഗോവിന്ദ വാരിയർ (85) അന്തരിച്ചു.

## ജേക്കബ് ചെറിയാൻ

**മുത്തോലി:** പരുത്തിക്കാട്ട് ജേക്കബ് ചെറിയാൻ (സാമുവൽ-97) അന്തരിച്ചു. ഭാര്യ റാന്നി തുണ്ടത്തിൽ പരേതയായ ചിന്നമ്മ ജേക്കബ്. മക്കൾ: ജയമോൻ ജേക്കബ് (യുഎസ്), ജയമോൾ തോമസുകുട്ടി, ജിമ്മി ജേക്കബ്, പരേതയായ ജായി സാബു. മരുമക്കൾ: എത്സി ജയമോൻ, തോമസുകുട്ടി മഠത്തിൽ, ഷീല ജിമ്മി, പരേതനായ സാബു.

**കോട്ടയം:** കഞ്ഞിക്കുഴി കുരീക്കാട്ട് വീട്ടിൽ ആനന്ദവല്ലിയമ്മ (മണി-89) അന്തരിച്ചു.

**നല്ലില:** റിട്ട: വില്ലേജ് ഓഫീസർ തുണ്ടിൽ വീട്ടിൽ വി. ജോൺ (79) അന്തരിച്ചു.

**കുറവിലങ്ങാട്:** കുന്നത്ത് ബാബു (71) അന്തരിച്ചു.

## ഡോ. ചെറിയാൻ തച്ചങ്കരി



**ചങ്ങനാശേരി:** ജോർജിയ സ്റ്റേറ്റ് യൂണിവേഴ്സിറ്റി റിട്ട. പ്രഫസർ തച്ചങ്കരി കുടുംബാംഗം (ചാവടി, ആലപ്പുഴ) ഡോ. ചെറിയാൻ തച്ചങ്കരി (76) അറ്റ്ലാന്റയിൽ അന്തരിച്ചു. ഭാര്യ പൗളിൻ.

**കൊട്ടാരക്കര:** കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമ നിധി ബോർഡ് മുൻ ചെയർമാൻ വെട്ടിക്കവല കാവിള മേലേതിൽ ആർ. സഹദേവൻ (76) അന്തരിച്ചു.

## കുഞ്ഞൂഞ്ഞമ്മ ചാക്കോ

**തിരുവല്ല:** തുകലശേരി കുന്നുംപുറത്ത് പടിഞ്ഞാറെപീടികയിൽ കുഞ്ഞൂഞ്ഞമ്മ ചാക്കോ (92) അന്തരിച്ചു. എരുമേലി കനകപ്പലം വല്യാന്റപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.വി. ചാക്കോ. മക്കൾ: പി.സി. പുന്നൂസ് (ദോഹ), ലിസി, ജെസി, പരേതനായ സണ്ണി (യുഎസ്), ജോയി. മരുമക്കൾ: എരുമേലി ഓലിക്കൽ ഷേർലി, മല്ലപ്പള്ളി പള്ളിക്കപ്പറമ്പിൽ അനു, മാവേലിക്കര പീടിക തെക്കേതിൽ പി.ഡി. ജേക്കബ്, വീയപുരം അച്ചനാരിയിൽ സൂസൻ, വാഴൂർ പിണർകൊടിയിൽ ജയ്സൺ.

## രോഹിണി കുട്ടപ്പൻ

**മാവേലിക്കര:** മുല്ലിക്കുളങ്ങര റോയി ഭവനിൽ രോഹിണി (87) അന്തരിച്ചു. കല്ലുമല മലയിൽ തെക്കേതിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എൻ. കുട്ടപ്പൻ. മക്കൾ: മോഹൻ റോയ് (ബാംഗ്ളൂർ), റാണി വർഗീസ് (യുഎസ്), റീന ജോർജ്, ക്രിസ്റ്റി, റെജി കുട്ടപ്പൻ (ചെന്നൈ). മരുമക്കൾ: മേഴ്സി റോയ്, റോജി വർഗീസ്, ജോർജ് ക്രിസ്റ്റി, ഡബീലാ ബനഡിക്ട്.

**ഭരണങ്ങാനം:** ക്ലാരമഠാംഗം സിസ്റ്റർ ഫ്രാൻസിസ് സെയിൽസ് (94) അന്തരിച്ചു.

**വെച്ചൂർ:** കേന്ദ്ര സർക്കാർ സെൻട്രൽ ഹിന്ദി ഡയറക്ടറേറ്റിൽ റീജണൽ ഓഫീസറായിരുന്ന പണിക്കവീട്ടിൽ പ്രഫ. പി. ആർ. ഭാസ്കരൻ നായർ (100) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** പാറത്തോട് പാലപ്ര പാറയടിയിൽ പി.എൻ. ഗോപിനാഥൻ (58) അന്തരിച്ചു.

**തൃശൂർ:** സിനിമാ സംവിധായകൻ സത്യൻ അന്തിക്കാടിന്റെ സഹോദരി ദേവയാനി (91) അന്തരിച്ചു.

## ഫിലിപ്പ് കുര്യാക്കോസ്

**റാന്നി:** വൈക്കം പുതുച്ചിറക്കാലായിൽ ഫിലിപ്പ് കുര്യാക്കോസ് (67) യുഎസിൽ അന്തരിച്ചു. ഭാര്യ മേപ്രത്ത് അനിത. മക്കൾ: രോഹിത്, രാഹുൽ. മരുമകൾ: പ്രിൻസി രോഹിത് (എല്ലാവരും യുഎസ്).

**കൊച്ചി:** കണ്ണട മൊത്ത വ്യാപാരിയും ലാലി ഒപ്ടിക്കൽസ് ഗ്രൂപ്പ് മാനേജിങ് പാർട്ണറുമായ തോലത്ത് ടി.പി. കൊച്ചുകുഞ്ഞൻ (82) അന്തരിച്ചു.

## അജിതകുമാരി

**ചിറ്റടി:** വെച്ചൂപ്പറമ്പിൽ അജിതകുമാരി (72) അന്തരിച്ചു. ഇലഞ്ഞി ശ്രീനിലയം കുടുംബാംഗമാണ്. ഭർത്താവ് ഋഷികേശൻ നായർ. മക്കൾ: മനോജ് (ടെക്നോപാർക്ക് തിരുവനന്തപുരം), അഞ്ജു (യുഎസ്). മരുമക്കൾ: രഞ്ജിനി (തിരുവനന്തപുരം), രാജേഷ് (യുഎസ്).

**നിരണം:** കടപ്ര റിട്ട. സെയിൽസ് ടാക്സ് അസി. കമ്മീഷണർ കാട്ടുനിലത്ത് കളകുടിയിൽ ഉമ്മൻ സി. ജോൺ (ടിറ്റി-71) അന്തരിച്ചു.

**നടക്കാവ്:** സിഎസ്ഐ നോർത്ത് കേരള മഹായിടവക റിട്ട. പ്രസ്ബിറ്റർ റവ. പി.ഐ. ജോൺ (90) അന്തരിച്ചു.

## ശോശാമ്മ കുര്യാക്കോസ്



**മീനടം:** മാളിയേക്കൽ ശോശാമ്മ കുര്യാക്കോസ് (110) അന്തരിച്ചു. മാങ്ങാനം കളരിക്കലായ കാടൻതുരുത്തേൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ചാണ്ടി കുര്യാക്കോസ്. മക്കൾ: ഏലിയാമ്മ സ്കറിയ (വാഴൂർ), അച്ചാമ്മ നൈനാൻ (ചെങ്ങന്നൂർ കോടുകുളഞ്ഞി), ഷെവലിയർ ഈപ്പൻ മാളിയേക്കൽ (യുഎസ്). മരുമക്കൾ: റോസമ്മ ഈപ്പൻ (യുഎസ്), പരേതരായ സി.എം. സ്കറിയ വാഴക്കാലചിറയിൽ (വാഴൂർ), ടി.എം. നൈനാൻ തെങ്ങിൽ (കോടുകുളഞ്ഞി).

**മല്ലപ്പള്ളി:** കാഞ്ഞിക്കാമുണ്ടകത്തിൽ ബ്ലിസ് വില്ലയിൽ കൊച്ചി ഹൈക്കോടതി മുൻ അഡ്വ. ജോയി കുര്യൻ (83) അന്തരിച്ചു.

**തൊടുപുഴ:** ഇന്ത്യൻ ബേക്കറി ഉടമ വാളികുളത്ത് വി.ജെ. ടോമി (63) അന്തരിച്ചു.

**ആലുവ:** കെഎസ്ആർടിസി റിട്ട. ഉദ്യോഗസ്ഥൻ ഓണാട്ട് പി.ജെ. ജോൺ (79) അന്തരിച്ചു.

**കടമ്മനിട്ട:** കിഴക്കേപറമ്പിൽ ഏലിയാമ്മ ജോർജ് (98) അന്തരിച്ചു.

## ബേബിയമ്മ ജോർജ് തോമസ്

**കോന്നി:** അട്ടച്ചാക്കിൽ ചെമ്മണ്ണിൽ ബേബിയമ്മ ജോർജ് തോമസ് (82) ന്യൂയോർക്കിൽ അന്തരിച്ചു. ഭർത്താവ് കിടങ്ങന്നൂർ പാലത്രമോടിയിൽ ജോർജ് തോമസ്. മക്കൾ: ജിജി തോമസ്(ഫിലാഡൽഫിയ), ജെമി ജെയ് (ഫ്ളോറിഡ). മരുമക്കൾ: പ്രിൻസി തോമസ് (ഫിലാഡൽഫിയ), ജെയ് (ഫ്ളോറിഡ).

**പാലക്കാട്:** കേരളത്തിലെ ആദ്യത്തെ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷനും മുതിർന്ന അഭിഭാഷകനുമായ പാലക്കാട് പുത്തൂർ റോഡ് ദീപ്തിയിൽ അഡ്വ. പി.കെ. ഹരിദാസ് (89) അന്തരിച്ചു.

**മൂവാറ്റുപുഴ:** വാഴക്കാല മരിയഭവൻ അംഗമായ സിസ്റ്റർ പീയൂസ് മരിയ (81) അന്തരിച്ചു.

## പി.ജെ. മാത്യു

**തൊടുപുഴ:** തെക്കുംഭാഗം പുന്നക്കപ്പടവിൽ പി.ജെ. മാത്യു (101) അന്തരിച്ചു. ഭാര്യ ആലക്കോട് തുറയ്ക്കൽ പരേതയായ റോസമ്മ. മക്കൾ: പി.എം. ജോസ്, മോളി, ഡെയ്നി (ഇരുവരും ജർമ്മനി), മരിയ, ജോർജ് മാത്യു, ബിന്ദു (ഇരുവരും യുഎസ്), ഷേർളി, രാജു മാത്യു. മരുമക്കൾ: കിഴക്കമ്പലം പുഞ്ചപ്പുതുശ്ശേരിൽ മേരി, കാണക്കാരി ഇട്ടൻകുളങ്ങര ജോയി, എഡ്ഗർ പെരേര (എറണാകുളം), ആലക്കോട് കല്ലിടുക്കിൽ ടോം, കടവൂർ കാക്കനാട്ട് ഡോ.സിൽവി, മൂലമറ്റം നെല്ലംകുഴിയിൽ മാത്യു, പൊൻകുന്നം മുട്ടത്തുകുന്നേൽ സോമി, ചിറക്കടവ് കുളവട്ടം ജോ.

## എൽ. ഗാനസരസ്വതി

**പാലക്കാട്:** പ്രശസ്ത കർണാടക സംഗീതജ്ഞ എൽ. ഗാനസരസ്വതി (82) ലോസാഞ്ചലസിൽ അന്തരിച്ചു. ഭർത്താവ്: രഘു. മകൾ: സംഗീത.

**കോട്ടയം:** കുര്യൻ ആൻഡ് സുശീലൻ ചാർട്ടേഡ് അക്കൗണ്ടന്റ്സ് പാർട്ണർ മണർകാട്ട് വളഞ്ഞാറ്റിൽ ചാർട്ടേഡ് അക്കൗണ്ടന്റ് വി.കെ. കുര്യൻ (കൊച്ചുകുഞ്ഞ്-88) അന്തരിച്ചു.

**ളാക്കാട്ടൂർ:** കൂളത്തുങ്കൽ തോമസ് ചാക്കോയുടെയും ബിജി തോമസിന്റെയും മകൻ ജസ്റ്റിൻ തോമസ് (24) അന്തരിച്ചു.

## പൊന്നമ്മ വർഗീസ്

**പുല്ലൂരാംപാറ:** മഠത്തിൽ പൊന്നമ്മ (78) അന്തരിച്ചു. കോട്ടയം മൂലേടം ചെറിയത്ത് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വർഗീസ്. മക്കൾ: മേരി (യുഎസ്), ടെസി, പരേതനായ രാജു. മരുമക്കൾ: ജോസ് വാടപ്പറമ്പിൽ (യുഎസ്), അനീഷ് കരിനാട്ട് (നെല്ലിപ്പൊയിൽ).

**കൊച്ചി:** ആലുവ ജില്ലാ ആശുപത്രി ചീഫ് കൺസൾട്ടന്റും ആരോഗ്യ അഡീ. ഡയറക്ടറുമായ വൈറ്റില പൊന്നുരുന്നി വൈഷ്ണവയിൽ ഡോ. ജി. മനോജ് (52) അന്തരിച്ചു.

KERALA EXPRESS Classified

## LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**

## Favors Received



*Inserted by: Firm Believer, Chicago*

## Favors Received



*Inserted by: Firm Believer, Chicago*

## Favors Received




*Inserted by: Firm Believer, Houston*

## Favors Received




*Inserted by: Firm Believer, Houston*

**Visit Our Website: www.keralaexpress.com for Classified Advt.**

## PROPERTY FOR SALE AT NEENDOOR, KOTTAYAM

Property for sale. 118 cent property at Neendoor, Onamthuruthu Village, Kottayam dist., Kerala State.

Total only $2,60313 or Rs 236 Cr. Best place to build house, resort, plantations, Animal or Fish farm. Panchayathu road at all the 3 sides & bus service. Price negotiable.

**Please contact**

**Alex at +1 914-471-7454 (WhatsApp USA) or email at alexkalarickal@gmail.com**

## FOR SALE PRIME LAND IN KOCHI CITY

For sale 10.50 cents of prime land in Kochi city (half cents will be free); Rs 15 lakh per cent, but negotiable.

**Please contact**

**703-907-9132**

## ഉപകാരസ്മരണ



*Inserted by: Firm Believer, Mortongrove*

## ഉപകാരസ്മരണ



*Inserted by: Firm Believer, Mortongrove*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Dallas*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.


(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Dallas*




# സസ്പെൻസ് ക്രൈം ത്രില്ലർ ‘ഐസിയു’ തിയറ്ററുകളിൽ

താന്തോന്നി എന്ന ചിത്രത്തിനു ശേഷം ജോർജ് വർഗീസ് സംവിധാനം ചെയ്ത് ബാബുരാജും ബിബിൻ ജോർജും ആദ്യമായി ഒന്നിക്കുന്ന സസ്പെൻസ് ത്രില്ലർ കാറ്റഗറിയിൽ ഒരുങ്ങിയ ചിത്രം ‘ഐസിയു’ തിയറ്ററുകളിലെത്തി. കൊച്ചിയിൽ നടന്ന ട്രെയിലർ ലോഞ്ചിൽ നടൻ ദിലീപ് മുഖ്യാതിഥിയായിരുന്നു.




സിനിമാമേഖലയിൽ 13 വർഷം തികയുന്ന ബിബിൻ വെടിക്കെട്ട് എന്ന ചിത്രത്തിനുശേഷം പ്രധാന വേഷത്തിൽ എത്തുന്ന സിനിമയാണിത്. മിനി സ്റ്റുഡിയോയുടെ ബാനറിൽ ജെയിൻ പോൾ ആണ് ചിത്രത്തിന്റെ നിർമാണം. കഥ, തിരക്കഥ, സംഭാഷണം എന്നിവയൊരുക്കിയിരിക്കുന്നത് സന്തോഷ് കുമാർ. സൂര്യ തമിഴിൽ നിർമിച്ച ഉറിയടി എന്ന സിനിമയിലെ നായിക വിസ്മയ ആണ് ഈ ചിത്രത്തിലെ നായിക. ഗുഡ് ഫെല്ലാസിന്റെ ബാനറിലാണ് ചിത്രം തിയറ്ററുകളിൽ എത്തിയത്.

മുരളി ഗോപി, ശ്രീകാന്ത് മുരളി, മീര വാസുദേവ്, നവാസ് വള്ളിക്കുന്ന് തുടങ്ങി വലിയൊരു താരനിര തന്നെ ചിത്രത്തിൽ അണിനിരക്കുന്നുണ്ട്. ഛായാഗ്രഹണം-സി. ലോകനാഥൻ, സംഗീതം-ജോസ് ഫ്രാങ്ക്ളിൻ, എഡിറ്റിംഗ്-ലിജോ പോൾ, പ്രൊഡക്ഷൻ കൺട്രോളർ-ഷിബു സുശീലൻ, കലാസംവിധാനം-ബാവ, സംഘട്ടനം-മാഫിയ ശശി, കോസ്റ്റ്യൂം ഡിസൈനർ-സ്റ്റെഫി സേവ്യർ, മേക്കപ്പ്-റോണക്സ് സേവ്യർ, സൗണ്ട് ഡിസൈൻ-വിക്കി, കിഷൻ, ശബ്ദമിശ്രണം-എം.ആർ. രാജാകൃഷ്ണൻ, മാർക്കറ്റിംഗ്-ബ്രിംഗ് ഫോർത്ത്.

# ഗിന്നസ് പക്രു നായകനായ ‘പ്രിയപുത്രൻ’

മാതൃ-പുത്ര വാത്സല്യം കണ്ടു കണ്ണുനീർ പൊഴിച്ചുകൊണ്ട്, തിയറ്ററിൽ നിന്നും കണ്ടിറങ്ങിയവർ. പ്രീമിയർ ഷോയിൽ മികച്ച അഭിപ്രായം നേടിയ പ്രിയപുത്രൻ എന്ന ചിത്രം




തിയറ്ററുകളിലേക്ക്.

ഗിന്നസ് പക്രുവിന്റെ സെന്റിമെന്റ്സ് രംഗങ്ങളുടെ മികവുകൊണ്ടു പ്രിയ പുത്രൻ എന്ന ചിത്രം പ്രേക്ഷകർ നെഞ്ചിലേറ്റി. ശക്തമായ കഥാപാത്രം ഈ നടന്റെ കൈയിൽ ഭദ്രമാണെന്ന് തെളിയിക്കുന്ന ചിത്രമാണിത്. ഭാഷയുടെ അതിർവരമ്പുകൾ ഭേദിച്ചുകൊണ്ട് മലയാളത്തിൽ ഇറങ്ങുന്ന ചിത്രമാണിത്.

എച്ച്-മഞ്ജുനാഥ് രചന നടത്തി സംവിധാനം ചെയ്യുന്ന ഗിന്നസ് പക്രു നായകനാകുന്ന പ്രിയപുത്രൻ തിയറ്റുകളിലെത്തി. പവർ സ്റ്റാർ ക്രിയേഷൻസിന്റെ ബാനറിൽ ഡോ. സുരേഷ്ജി. നിർമിച്ച ചിത്രത്തിന്റെ ഡിഒപി ഭ്യാതപ്പ ഗൗഡ നിർവഹിച്ചിരിക്കുന്നു. എഡിറ്റിംഗ് എസ്. സുന്ദർരാജൻ. മ്യൂസിക് ആൻഡ് ബാഗ്രൗണ്ട് സ്കോർ ദീന, സൗണ്ട് ഡിസൈൻ ചന്ദ്രു പ്രസാദ് സ്റ്റുഡിയോ.

അജയകുമാർ (ഗിന്നസ് പക്രു), പത്മ വാസന്തി, രമേഷ് ബട്ട്, ദത്തണ്ണ, ബിരാദർ എന്നിവർ പ്രധാന വേഷത്തിൽ എത്തുന്നു.

# ‘മോഹിനിയാട്ടം’ ഏപ്രിൽ പത്തിന് പ്രദർശനത്തിനെത്തും




‘ഭരതാനാട്യ’ത്തിനു ശേഷം കൃഷ്ണദാസ് മുരളി തിരക്കഥയെഴുതി സംവിധാനംചെയ്യുന്ന ഡാർക്ക് ഹ്യൂമർ ചിത്രമായ ‘മോഹിനിയാട്ടം’ ഏപ്രിൽ പത്തിന് പ്രദർശനത്തിനെത്തും. ഭരതനാട്യത്തിന്റെ രണ്ടാം ഭാഗമായി അവതരിപ്പിക്കുന്ന ചിത്രത്തിൽ സൈജു കുറുപ്പുതന്നെയാണ് കേന്ദ്രകഥാപാത്രത്തെ അവതരിപ്പിക്കുന്നത്. സുരാജ് വെഞ്ഞാറമൂട്, വിനയ് ഫോർട്ട്, ജഗദീഷ്, വിജയ് ബാബു, അഭിരാം രാധാകൃഷ്ണൻ, നന്ദു പൊതുവാൾ, സ്വാതി ദാസ് പ്രഭു, സന്തോഷ് ഗുരുവായൂർ, നിസ്താർ സേട്ട്, ജിബിൻ ഗോപിനാഥ്, ദിവ്യ എം. നായർ, കലാരഞ്ജിനി, ശ്രുതി സുരേഷ്, ശ്രീജ രവി, ബേബി ജീൻ തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.

സൈജു കുറുപ്പ് എന്റർടെയ്ൻമെന്റ്സ്, തോമസ് തിരുവല്ല ഫിലിംസ് എന്നീ ബാനറിൽ ലിനി മറിയം ഡേവിഡ്, അനുപമ ബി. നമ്പ്യാർ എന്നിവർ ചേർന്ന് നിർമിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ബബുലു അജു നിർവഹിക്കുന്നു. വിഷ്ണു ആർ. പ്രദീപ് ആണ് കോ-റൈറ്റർ. വി.ബി. ഷഫീഖ്-എഡിറ്റിംഗ്, മുത്തു-ഗാനരചന, ഇലക്ട്രോണിക് കിളി-സംഗീതം, ദിൽജിത് എം ദാസ്-കല, മനോജ് കിരൺ രാജ്-മേക്കപ്പ്, സുജിത് മട്ടന്നൂർ-വസ്ത്രാലങ്കാരം തുടങ്ങിയവരാണ് അണിയറയിൽ.

# ‘ബട്ടർഫ്ളൈ ഗേൾ 85’ പ്രദർശനത്തിനെത്തി

പ്രശാന്ത് മുരളി എഴുതി സംവിധാനംചെയ്യുന്ന പുതിയ ചിത്രം ‘ബട്ടർഫ്ളൈ ഗേൾ 85’ ഈ മാസം ആറിന് പ്രദർശനത്തിനെത്തി. 4D പ്രൊഡക്ഷൻസിന്റെ ബാനറിൽ ശ്രീധന്യ വിശ്വനാഥ് ആണ് ചിത്രം നിർമിക്കുന്നത്. ദേശീയ-അന്തർദേശീയ മേളകളിൽ നാല്പതിലേറെ പുരസ്കാരങ്ങൾ നേടിയ ഈ ചിത്രം ഡിജിറ്റൽ യുഗത്തിലെ മനുഷ്യബന്ധങ്ങളെ ആഴത്തിൽ പരിശോധിക്കുന്നു.

ശ്രീധന്യ വിശ്വനാഥ്, ഇഷിക എമിൽ, ഷിൻഷ് ഷാൻ, അൻവർ സാദിക്ക്, കലേഷ് പരമേശ്വർ, അമ്മു നായർ, പ്രദീഷ് ജേക്കബ്, അനുപ്രഭാ ലാൽ, ദർശന വിശ്വനാഥ്, ഗീതാ ജിത്തു, ജീവൻ ശിവദാസ്, അനു ചന്ദ്രശേഖർ, ലുക്ക്മാൻ, എബിൻ മേരി എന്നിവർ പ്രധാന വേഷങ്ങളിൽ അഭിനയിക്കുന്നു.

ഛായാഗ്രഹണം-അനിൽ വിജയ്, സംഗീതം-ആനന്ദ് മധുസൂദനൻ, വരികൾ-അജീഷ് ദാസ്, മേക്കപ്പ്-കെ.എസ്. മനു, എഡിറ്റിംഗ്-സുനീഷ് സെബാസ്റ്റ്യൻ.




# ബൈജു എഴുപുന്ന സംവിധാനം ചെയ്ത മിസ്റ്ററി ഡ്രാമ 'കൂടോത്ര'ത്തിന്റെ വിശേഷങ്ങൾ



സിനിമയിൽ 35 വർഷം പൂർത്തിയാക്കിയ നടൻ ബൈജു എഴുപുന്ന സംവിധാനം ചെയ്ത മിസ്റ്ററി ഡ്രാമ 'കൂടോത്രം' കുടുംബസദസുകൾക്കു പ്രിയതരമായി മുന്നേറുന്നു. ഇടുക്കി വെള്ളിമലയെന്ന സാങ്കല്പിക ഗ്രാമത്തിലെ വാവച്ചൻ എന്ന സാധാരണക്കാരന്റെ ജീവിതസമരങ്ങളുടെ കഥയാണു സിനിമ. പെൺമക്കളെ ചേർത്തു പിടിക്കുന്ന ഒരച്ഛനുണ്ടാകുന്ന പ്രശ്നങ്ങളിലൂടെയാണു കഥാസഞ്ചാരം. 'സുന്ദരപുരുഷൻ', 'കെക്യു' എന്നിവയ്ക്കു ശേഷം നിർമിച്ച ചിത്രത്തിൽ നായകനായും ബൈജുവിന്റെ മിന്നും പ്രകടനം. ബൈജുവിന്റെ കരിയറിലെ മുന്നൂറാമത്തെ സിനിമയാണു സന്തോഷ് ഇടുക്കി തിരക്കഥയൊരുക്കിയ 'കൂടോത്രം'.

'മക്കൾക്കും വെള്ളിമലയ്ക്കുമപ്പുറം വാവച്ചനു മറ്റൊരു ലോകമില്ല. തലമുറകൾക്കു മുമ്പ് വീരമലയൻ ഏൽപ്പിച്ച ആ മലയും മണ്ണും കോടികൾ കൊടുക്കാമെന്നു പറഞ്ഞാലും ആർക്കും തീറെഴുതാൻ അയാൾ ഒരുക്കമല്ല, നമുക്കിടയിൽ ഇന്നുമുണ്ടല്ലോ അത്തരം ചിലയാളുകൾ' - ബൈജു എഴുപുന്ന പറഞ്ഞു.




എഴുപുന്നയിൽ എന്റെ ഡാഡി തുടങ്ങിയ രേഖ തിയറ്ററിൽ സിനിമ കണ്ടു തുടങ്ങിയ കാലം മുതൽ എല്ലാം സിനിമയാണ്. ആറാം ക്ലാസ് മുതൽ കോട്ടയം മാന്നാനം സെന്റ് എഫ്രേംസിൽ ബോർഡിംഗ് പഠനം. അവിടെ നിന്നു സിനിമയ്ക്കു കൊണ്ടുപോകുമായിരുന്നു. ആക്ടറാകാനുള്ള തുടക്കം അവിടെനിന്നാണ്. മമ്മൂക്ക ഹീറോ വേഷങ്ങൾ ചെയ്തുതുടങ്ങിയ കാലം. മമ്മൂട്ടിയോട് അന്നു തുടങ്ങിയ ഇഷ്ടമാണ്. മാന്നാനം പള്ളിയിൽ ഞാൻ ക്വയർ പാടുമായിരുന്നു. ഹാർമോണിയം, ഗിറ്റാർ തുടങ്ങിയവ വായിക്കാനും പഠിച്ചു. 'കാട്ടുകുതിര' നാടകത്തിൽ പ്രധാന വേഷംചെയ്ത, ബന്ധുവായ രാജൻ പി. ദേവ് എന്നെ നാടകങ്ങൾക്കു കൂട്ടിക്കൊണ്ടുപോയിരുന്നു. എന്റെ സിനിമ എന്റെ സ്വന്തം തിയറ്ററിൽ കാണണമെന്നു തോന്നിത്തുടങ്ങി. പരീക്ഷയ്ക്കു തോറ്റാൽ ബോർഡിംഗിൽ നിർത്തില്ല. അങ്ങനെ മനഃപൂർവം തോറ്റ് വീണ്ടും എഴുപുന്നയിലെ സിനിമാകാഴ്ചകളിലേക്കു മടക്കം.

കോളജ് കാലത്ത് കെ.ജി. ജോർജ്, പ്രിയദർശൻ, ഫാസിൽ തുടങ്ങിയവരോടു ചാൻസ് തേടിയിട്ടുണ്ട്. 1988-ൽ ആലപ്പി രംഗനാഥിന്റെ 'ധനുർവേദ'ത്തിൽ അഭിനയിച്ചെങ്കിലും പടം മുടങ്ങി. പി.ജി. വിശ്വംഭരന്റെ 'ഇരിക്കൂ, എം.ഡി അകത്തുണ്ട്' അതായിരുന്നു ആദ്യ റിലീസ്. തുടർന്നു വില്ലന്റെ സഹായി, തല്ലുകൊള്ളി, ഡയലോഗില്ലാത്ത വേഷങ്ങൾ! ഹിറ്റ്ലർ ബ്രദേഴ്സിലെ ചിന്നത്തമ്പി, ഉദയപുരം സുൽത്താനിലെ മാർത്താണ്ഡൻ, ട്രാഫിക്കിലെ തൻസീർ, ഇവിടം സ്വർഗമാണ് സിനിമയിലെ ജോസ്, പോക്കിരിരാജയിലെ ചന്ദ്രു, തുറുപ്പു ഗുലാനിലെ രാജൻ, കുമ്പളങ്ങി നൈറ്റ്സിലെ ചിറ്റപ്പൻ, വിശേഷത്തിലെ സുഭാഷേട്ടൻ... എന്നിങ്ങനെ ജനപ്രിയ വേഷങ്ങൾ. തമിഴിൽ വിജയ്ക്കൊപ്പം രണ്ടു സിനിമ. കന്നട, തെലുങ്ക്, ഹിന്ദി സിനിമകളിലും വില്ലനായി. 35 വർഷം പോയതറിഞ്ഞില്ല. ഇത്ര നാളും സിനിമ വിട്ട് എങ്ങും പോയിട്ടില്ല. സിനിമയില്ലാത്ത ഒരു വർഷം പോലും ഉണ്ടായിട്ടുമില്ല.

ഒരിക്കൽ വില്ലനായാൽ പിന്നീടു വില്ലനോ വില്ലന്റെ സഹായിയോ മാത്രമാണ്. എത്രയോ ഹിറ്റ് സിനിമകളിൽ സംഭാഷണമുള്ള കാരക്ടർ വേഷങ്ങൾ എന്നിലേക്കു വന്നിട്ടുണ്ട്. അവസാനനിമിഷം വേറെ ആളുകൾ വന്ന് അഭിനയിച്ചിട്ടുപോകും! ഫൈറ്റാണല്ലോ ചെയ്യുന്നത്, ഡയലോഗൊന്നും കൊടുക്കരുത്, അയാൾ ചെയ്യില്ല, അഭിനയിക്കാൻ അറിയില്ല, മസിലുപിടുത്തം മാത്രമേയുള്ളൂ എന്നൊക്കെയായിരുന്നു പലരുടെയും ധാരണകൾ. ഓപ്പോസിറ്റ് നിൽക്കുന്നവർ ഡയലോഗ് പറയുമ്പോൾ അതു ഞാൻ എന്റെ ഉള്ളിൽ പറയുമായിരുന്നു! നല്ല നടന്മാരൊന്നും ഇല്ല, എല്ലാവരും മരിച്ചുപോയി എന്നാണല്ലോ പലരും പറയാറുള്ളത്. ആ കൂട്ടത്തിൽ ഞാനുമുണ്ടായിരുന്നു. ആരും തിരിച്ചറിഞ്ഞിരുന്നില്ല. അതാണു സത്യം.

എന്നെ വിശ്വസിച്ച് കാരക്ടർ കഥാപാത്രം ഏൽപ്പിക്കാൻ ആരും തയാറായിരുന്നില്ല. എന്നാൽ കൂടോത്രത്തിന്റെ സംവിധായകൻ ഞാനാണ്. ഞാനെന്ന സംവിധായകന് വാവച്ചൻ എന്ന കഥാപാത്രത്തെ എത്രത്തോളം വേണമെങ്കിലും തുറന്നുവിടാം. ഇത് എന്നെക്കൊണ്ടു ചെയ്യിപ്പിക്കേണ്ട, അത് ഓടില്ല, ബിസിനസ് ആവില്ല എന്നു പറയാൻ വേറെ നിർമാതാവുമില്ല. ഇതിന്റെ നിർമാതാവും ഞാനാണ്. ഇതെല്ലാം ഒത്തുവന്നപ്പോൾ തിരക്കഥയിലെ വാവച്ചനെ ഞാൻ എന്റേതാക്കിയെടുത്തു. ഒരാളെ പിടിച്ചോണ്ടു വരാൻ പറഞ്ഞാൽ കൊന്നുകൊണ്ടുവരുന്ന തരം വേഷങ്ങളാണ് ഞാൻ ആഗ്രഹിക്കുന്നത് എന്നതായിരുന്നു സംവിധായകരുടെ വിചാരം. പക്ഷേ, നമ്മുടെ ഉള്ളിന്റെയുള്ളിൽ കിടക്കുകയല്ലേ ഇങ്ങനെ ഓരോ വേഷങ്ങൾ! അതു തിരിച്ചറിഞ്ഞ ഒരാളുണ്ട്, ഏറ്റവും വലിയ ഡയറക്ടർ-ആക്ടർ... ദൈവം! ഒടുവിൽ അദ്ദേഹം തന്ന വേഷമാവാം വാവച്ചൻ. കണ്ടവർ പറഞ്ഞറിഞ്ഞ് കൂടോത്രം 25-ാം ദിവസത്തിലേക്ക് എത്തുകയാണ്. കുടുംബങ്ങൾ ഈ സിനിമയെ ഏറ്റെടുത്തതിൽ സന്തോഷമുണ്ട്.

സംവിധായകനായി നിന്നപ്പോൾ വാവച്ചൻ എന്ന കഥാപാത്രത്തെ വേറൊരാളായാണു ഞാൻ കണ്ടത്. അയാൾ എങ്ങനെയാണ് ഓരോ കാര്യവും ആസൂത്രണം ചെയ്യുന്നതെന്നു മനസിൽ കാണാൻ എന്നിലെ സംവിധായകനു കഴിയുമായിരുന്നു. ആ കാഴ്ചപ്പാടിൽ അയാൾ പോയി പെർഫോം ചെയ്തു. ആ കഥാപാത്രം അയാളിൽ ഉള്ളതുകൊണ്ടുമാണ് അതു സാധ്യമായത്. ബിഹേവിംഗാണത്. എനിക്കത് ആക്ടിംഗ് ആയി തോന്നിയിട്ടില്ല. ഡബ്ബിംഗിനിടെ, 'അയാൾ ചെയ്തത് എങ്ങനെയുണ്ട്, ഇങ്ങനെ ചെയ്താൽ അയാൾ നന്നാവും അല്ലേ' എന്നൊക്കെയാണു സൗണ്ട് എഞ്ചിനീയറോടു ഞാൻ ചോദിച്ചത്. അയാൾ എന്ന രീതിയിലാണു ഞാൻ കണ്ടത്. ഞാൻ എന്ന വാക്ക് അവിടെ വന്നിട്ടില്ല. രണ്ടിനെയും രണ്ടായിട്ടാണു കണ്ടത്.

വീരമലയനാണു തന്റെ കുടുംബത്തെയും തലമുറകളെയും രക്ഷിച്ചുകൊണ്ടുവന്നതെന്നും ഇപ്പോഴും കാവലായി നിൽക്കുന്നതെന്നുമാണ് വാവച്ചന്റെ വിശ്വാസം. സാധാരണ മനുഷ്യന്റെയുള്ളിൽ രൂപപ്പെട്ടു വളരുന്ന അത്തരം ധാരണകൾ ഏതെങ്കിലും സന്ദർഭത്തിൽ പ്രവർത്തിച്ചുതുടങ്ങിയാൽ അയാൾ മറ്റൊരാളായി മാറും.

വൈകാരിക ബന്ധമുള്ള ഒരു സംഭവം അവിടെ കിടപ്പുണ്ടെങ്കിൽ ആ സമയത്തുണ്ടാകുന്ന കരുത്ത് അസാധാരണമായിരിക്കും. ക്ലൈമാക്സിൽ വാവച്ചന്റെ ഭാവവ്യത്യാസങ്ങളും കരുത്തും അങ്ങനെ സംഭവിക്കുന്നതാണ്. മനസ് അല്ലേ യഥാർഥ കരുത്ത്. ചിലർക്ക് ഒരാളെ അടിച്ചുതാഴെയിടാനുള്ള ശരീരമുണ്ടാവും. പക്ഷേ, മനക്കരുത്തില്ലെങ്കിൽ അതു സാധ്യമാവില്ല. ഒപ്പം, വീരമലയനെന്ന ശക്തി അയാളിലേക്കു കയറിയതുമാവാം.

അലൻസിയർ, സലിം കുമാർ ഉൾപ്പെടെയുള്ള ആർട്ടിസ്റ്റുകളെ ഇടുക്കിയിലെ ലൊക്കേഷനിൽ എത്തിച്ചു ഷൂട്ടിംഗ് നടത്തുക എന്നതു ചലഞ്ചായിരുന്നു. കാരണം ആ മലമുകളിൽ വണ്ടി എത്തില്ല. കഞ്ഞിക്കുഴിയിൽനിന്നു മലകയറണം ലൊക്കേഷനിലെത്താൻ. 45 ദിവസത്തെ ഷൂട്ടിംഗ്. ആറോളം കാമറകളും വലിയ ക്രെയിനും പാറയുടെ മുകളിലെത്തിച്ചായിരുന്നു ക്ലൈമാക്സ് ഷൂട്ടിംഗ്. കാലൊന്നു തെറ്റിയാൽ കുത്തനെ ഒരു കിലോമീറ്റർ താഴത്തേക്കാവും പോവുക! കാമറയും ലൈറ്റുമൊക്കെ ചുമന്നു കയറ്റിയ ഇതിന്റെ ക്രൂവിനും ടെക്നീഷൻസിനുമാണു ഞാൻ നന്ദിപറയുന്നത്.

റേച്ചലിനെ മോഡേൺ വേഷങ്ങളിലാണു കണ്ടിട്ടുള്ളത്. പക്ഷേ, അഞ്ജനയാകാനുള്ള കാലിബർ ഉണ്ടെന്നു തോന്നി. ആ കഥാപാത്രത്തിന്റെ കോസ്റ്റ്യൂമും അതിനു സഹായകമായി. ഉത്തരവാദിത്തമില്ലാതെ അലസനായി നടക്കുന്ന ജോഷ - അതാണു ഡിനോയിയുടെ വേഷം. വിശുദ്ധ മെജോ എന്ന പടത്തിൽ ഞങ്ങൾ ഒന്നിച്ച് അഭിനയിച്ചിരുന്നു. വാവച്ചന്റെ ഭാര്യ മേരിയുടെ വേഷത്തിൽ ദിയ. സെന്തിലായി വേഷമിട്ടതു തെലുങ്കു നടൻ മഗന്തി ശ്രീനാഥ്. നെടുങ്കണ്ടത്തുള്ള ഇരട്ടക്കുട്ടികളാണു വാവച്ചന്റെ പെൺമക്കളായി അഭിനയിച്ചത്. കാസ്റ്റിംഗിൽ എനിക്കു രണ്ടുപേരെയാണ് മിസ് ചെയ്യുന്നത്. മണി എന്ന വേഷത്തിനു കലാഭവൻ മണിയെയും അലൻസിയറേട്ടൻ ചെയ്ത കഥാപാത്രത്തിനു തിലകൻ ചേട്ടനെയും.

നടൻ, സംവിധായകൻ എന്നീ നിലകളിൽ എന്നിൽനിന്നു പ്രതീക്ഷിക്കുന്നതിനപ്പുറം കൊടുക്കാനായി. ഞാൻ ബിസിനസ് നോക്കാതെ സിനിമയ്ക്കു പിന്നാലെ നടക്കുന്നതിൽ ഡാഡിക്ക് എന്നോടു ദേഷ്യമായിരുന്നു. ഈ സിനിമ കണ്ടശേഷം 'നീയൊരു നടനാ'ണെന്ന് ഡാഡി പറഞ്ഞത് അവാർഡായി കാണുന്നു.

ഇനി, നടനെന്ന രീതിയിൽ എനിക്കു സാധ്യമായ വേറിട്ട കാരക്ടർ വേഷങ്ങൾ ചെയ്ത് പ്രേക്ഷകരുടെ ഇഷ്ടങ്ങൾക്കൊപ്പം കൂടണമെന്നാണ് ആഗ്രഹം.

# കർഷക പെൻഷൻ പദ്ധതി 10 വർഷമായിട്ടും നടപ്പാക്കിയില്ല

കണ്ണൂർ: കർഷക പെൻഷൻപദ്ധതി പൂർണമായും നടപ്പാക്കാതെ രണ്ടാം പിണറായി സർക്കാരും പടിയിറങ്ങുന്നു. ഒന്നാം പിണറായി സർക്കാരിന്റെ തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ മൂന്നാമതായിരുന്നു കർഷക പെൻഷൻ പദ്ധതി. ഒന്നാം പിണറായി സർക്കാരിന്റെ അവസാന കാലയളവിൽ 2021-ലെ തെരഞ്ഞെടുപ്പിന്റെ തൊട്ടുമുൻപ് പ്രഖ്യാപിച്ച കർഷക പെൻഷൻ പദ്ധതി മന്ത്രിസഭ അംഗീകരിക്കുകയും മുഖ്യമന്ത്രി പിണറായി വിജയൻ ഔദ്യോഗികമായി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു.

ചെയർമാൻ, സിഇഒ, ജോയിന്റ് സിഇഒ, കൃഷി-മൃഗസംരക്ഷണ സെക്രട്ടറിമാർ, ധനകാര്യ ജോയിന്റ് സെക്രട്ടറി എന്നിവരടങ്ങിയ എട്ടുപേരും ഭരണപക്ഷ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും പ്രതിപക്ഷത്തുനിന്നു കോൺഗ്രസ് പ്രതിനിധിയും ഉൾപ്പെടെ 24 പേരെ ഉൾപ്പെടുത്തി കർഷക പെൻഷൻ ബോർഡ് രൂപീകരിക്കുകയും ചെയ്തു.

ഇടതുസർക്കാരിനു തുടർഭരണം ലഭിക്കാൻ തെക്കൻ തിരുവിതാംകൂറിലും മലബാറിലും കൂടുതൽ സീറ്റുകൾ ലഭിച്ചതിന്റെ പ്രധാന കാരണം കർഷക പെൻഷൻ പദ്ധതിയായിരുന്നു. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം മന്ത്രിസഭ അധികാരത്തിലെത്തിയപ്പോഴും കർഷക പെൻഷൻ പദ്ധതിയുമായി മുന്നോട്ടു പോകാൻതന്നെയായിരുന്നു സർക്കാരിന്റെ തീരുമാനം. അങ്ങനെ രണ്ടാം പിണറായി സർക്കാരിന്റെ കാലയളവിൽ 2021 ഡിസംബറിൽ പദ്ധതിക്കു തുടക്കം കുറിക്കുകയും കർഷക ക്ഷേമനിധി പെൻഷനായുള്ള കർഷക രജിസ്ട്രേഷൻ ഓൺലൈൻ മുഖാന്തിരം നടത്തുന്നതിനുള്ള സോഫ്റ്റ്‌വേർ 2021 ഡിസംബർ ഒന്നിനു കൃഷിമന്ത്രി തുറന്നു കൊടുക്കുകയും ചെയ്തു.

കർഷക പെൻഷൻ പദ്ധതിയിൽ അംഗമായ എല്ലാ കർഷകർക്കും 60 വയസിനുശേഷം കുറഞ്ഞത് 5,000 രൂപ വീതം പെൻഷൻ നൽകാനായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നത്.

തുടക്കത്തിൽ 20 ലക്ഷം കർഷകർ രജിസ്ട്രേഷൻ പദ്ധതിയിൽ അംഗങ്ങളാകുമെന്നായിരുന്നു സർക്കാർ പറഞ്ഞിരുന്നത്. എന്നാൽ, 2026 ഫെബ്രുവരിവരെ 15,354 പേരുടെ രജിസ്ട്രേഷൻ മാത്രമാണു പൂർത്തിയായിരിക്കുന്നത്. പെൻഷൻ പദ്ധതിയിൽ കർഷകരെ ചേർക്കാൻ കൃഷിവകുപ്പ്മുഖേന നടത്തുന്ന പ്രചാരണ പരിപാടികൾ നിർത്തിവെച്ചിരിക്കുകയാണ്. പെൻഷനും ആനുകൂല്യങ്ങളും സംബന്ധിച്ച് ഇതുവരെയും പദ്ധതിയിൽ തീരുമാനമായില്ല. കർഷക പെൻഷൻ പദ്ധതിക്ക് ഇതുവരെയും ധനവകുപ്പ് അനുമതി നല്കിയിട്ടില്ല.

അതിനാൽ, പദ്ധതിയുമായി മുന്നോട്ടുപോകാൻ കൃഷിവകുപ്പിനു കഴിഞ്ഞിട്ടില്ല. കേരളത്തിൽ തൃശൂരിൽ പ്രധാനപ്പെട്ട ഓഫീസും കോഴിക്കോട്ടും തിരുവനന്തപുരത്തും റീജണൽ ഓഫീസുമായി കർഷക ക്ഷേമനിധി ബോർഡ് പ്രവർത്തനമുണ്ട്. പ്രതിവർഷം രണ്ടരക്കോടി രൂപയാണ് ഇവിടെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് ശമ്പള ഇനത്തിൽ അഞ്ചു വർഷമായി നല്കുന്നത്. കഴിഞ്ഞ ബജറ്റിലും കർഷക ക്ഷേമനിധി ബോർഡിന്റെ കാര്യം പോലും പരാമർശിച്ചില്ല. 2021-ൽ അംശാദായം അടച്ചുതുടങ്ങിയവർക്ക് അടുത്തവർഷം ജനുവരിയിൽ പെൻഷൻ വിതരണം ചെയ്യേണ്ടതാണ്. പദ്ധതി നടപ്പാകാത്ത സ്ഥിതിക്ക് ആനുകൂല്യവും പെൻഷനും വിതരണം ചെയ്യുന്ന കാര്യം പുതിയ സർക്കാരിനു തലവേദനയായിരിക്കും.

## ഭൂമി കൈമാറ്റച്ചെലവ് മൂന്നിരട്ടി വരെ ഉയർന്നു

തിരുവനന്തപുരം: കഴിഞ്ഞ പത്തു വർഷത്തിനിടെ കേരളത്തിൽ ഭൂമി കൈമാറ്റച്ചെലവ് മൂന്നിരട്ടി വരെ ഉയർന്നു. ഭൂമി കൈമാറ്റത്തിനായി സർക്കാരിലേക്കു നൽകേണ്ട തുക മാത്രം ഭൂമിയുടെ വിലയുടെ 10 ശതമാനമാണ്. മറ്റു ചെലവുകൾ വേറെയും. എൽഡിഎഫ് സർക്കാർ 2016-ൽ അധികാരത്തിലെത്തുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസുമായി സർക്കാരിലേക്ക് നൽകേണ്ടിയിരുന്നത് അഞ്ചു ശതമാനം തുക മാത്രമായിരുന്നു. ഇതാണ് പല ഘട്ടങ്ങളിലായി വർധിപ്പിച്ചത്. ഭൂമി കൈമാറ്റത്തിലൂടെ 2016 കാലഘട്ടത്തിൽ 2500 കോടി രൂപയായിരുന്നു ഖജനാവിലേക്ക് എത്തിയിരുന്നതെങ്കിൽ 2021-22 സാമ്പത്തികവർഷം 4431 കോടിയായി ഉയർന്നു. ഇപ്പോഴത് 5300 കോടിയായി വർധിച്ചു. മുൻകാലങ്ങളെ അപേക്ഷിച്ച് ഭൂമി കൈമാറ്റത്തിന്റെ അളവ് പൊതുവേ കുറഞ്ഞെങ്കിലും പലവിധത്തിലുള്ള വർധനകളിലൂടെ സർക്കാരിലേക്ക് എത്തേണ്ട തുകയിൽ വലിയ വർധന വരുത്താൻ സർക്കാരിനു കഴിഞ്ഞു.

## 'ആർമി ഡ്രോൺ' വികസിപ്പിച്ച് കേരളം

കൊച്ചി: നിർണായകമേഖലകളിൽ ഇന്ത്യൻ കരസേന വിന്യസിച്ചിരിക്കുന്ന 30 ഡ്രോണുകൾ 'മെയ്ഡ് ഇൻ കേരളം'. കേരളം ആസ്ഥാനമായ 'ആക്സൽ ഡ്രോൺ' കമ്പനിയാണ് 'ആക്സൽ പെരെഗ്രിൻ' എന്ന പേരിലുള്ള ഡ്രോണുകൾ വികസിപ്പിച്ചത്. ലോകത്ത് ഏറ്റവും വേഗത്തിൽ പറക്കുന്ന പക്ഷിയായ പെരെഗ്രിൻ ഫാൽക്കണിന്റെ പേരാണ് ഡ്രോണിനിട്ടത്. പൂജ്യംമുതൽ 40 ഡിഗ്രി സെൽഷ്യസുവരെ താപനിലയുള്ള അന്തരീക്ഷത്തിലും ഈ ഡ്രോണുകൾക്ക് പറക്കാനാകും. മണിക്കൂറിൽ 54 കിലോമീറ്റർ വേഗമാർജിക്കാം. 45 മിനിറ്റുവരെ പറക്കാനും 50 മിനിറ്റുവരെ വായുവിൽ ഒരേ സ്ഥലത്ത് നിലയുറപ്പിക്കാനുമാകും. ഇൻഫ്രാറെഡ് തെർമൽ കാമറയിൽ 4K റെസലൂഷനിലാണ് ദൃശ്യം പകർത്തുന്നത്.

ആറുമടങ്ങുവരെ ഒപ്റ്റിക്കൽ സൂം സാധ്യം. 10 കിലോമീറ്റർ ആകാശദൂരത്ത് നിന്നുവരെ നിയന്ത്രിക്കാനാകും. ബാറ്ററിയുൾപ്പെടെ 2.3 കിലോയാണ് ഭാരം. സോഫ്റ്റ്‌വേർ അടക്കം എല്ലാ ഘടകങ്ങളും കേരളത്തിലാണ് നിർമിക്കുന്നത്. കളമശേരി കിൻഫ്രാ പാർക്കിൽ റിസർച്ച് ആൻഡ് ഡിവലപ്മെന്റ് വിഭാഗവും പാലക്കാട് വടക്കഞ്ചേരിയിൽ നിർമാണ യൂണിറ്റും കോഴിക്കോട് യു.എൽ. സൈബർ പാർക്കിൽ സോഫ്റ്റ്‌വേർ ഡിവലപ്മെന്റ് വിഭാഗവുമായി 2019-ലാണ് കമ്പനി തുടങ്ങിയത്. പാലക്കാട് സ്വദേശിയും അമേരിക്കൻ ഐ.ടി. വ്യവസായിയുമായ ജോ കുഞ്ചെറിയയാണ് ആക്സലിന്റെ സിഇഒ. റോബിൻ സക്കറിയാസ് മാനേജിങ് ഡയറക്ടർ.

ലാപ്ടോപ്പിലൂടെ ഒരേസമയം നാല് ഡ്രോണുകൾ ഒരുമിച്ച് നിയന്ത്രിക്കാവുന്ന ഗവേഷണത്തിനൊപ്പം ബാറ്ററി ലൈഫ് വർധിപ്പിക്കാനാകുമോ എന്ന പഠനവും നടക്കുന്നതായി ആക്സൽ ഡയറക്ടർ പി.ജെ. ജോസഫ് പറഞ്ഞു. കരസേനയ്ക്കായി അടുത്തഘട്ടം പദ്ധതികൾ തയ്യാറാക്കുന്നതായി സീനിയർ കൺസൾട്ടന്റ് അബ്ദുൾ നൗഷാദും വ്യക്തമാക്കി.

## യുദ്ധ പോരാളി കെ. ജി. ജോർജ് അന്തരിച്ചു



കോട്ടയം: 1965-ലെ ഇന്തോ-പാക് യുദ്ധത്തിൽ പങ്കെടുത്ത മല്ലപ്പള്ളി ശാന്തിപുരം കോഴികുന്നത്ത് കെ.ജി. ജോർജ് (ബേബിച്ചൻ-95) അന്തരിച്ചു. യുദ്ധകാലത്തെ ധീരമായ ഇടപെടലുകൾ കണക്കിലെടുത്ത് 1965 നവംബർ 24-ന് അന്നത്തെ രാഷ്ട്രപതി ഡോ. എസ്. രാധാകൃഷ്ണനിൽ നിന്നും വീരചക്ര വാങ്ങിയ മലയാളി സൈനികനായിരുന്നു അദ്ദേഹം. യുദ്ധത്തിനിടെ പാക് സൈന്യത്തിന്റെ മധ്യത്തിൽ കുടുങ്ങിയ ഇന്ത്യൻ സേനയെ രക്ഷിക്കാനുള്ള ഉത്തരവാദിത്വമാണ് ജോർജ് ഭംഗിയായി നിറവേറ്റിയത്. ഇന്ത്യൻ ആർമിയുടെ ഗാർഡ് ഓഫ് ഓണറും കേരള പോലീസിന്റെ ഔദ്യോഗിക ബഹുമതികളോടും കൂടെ മൃതദേഹം സംസ്കരിച്ചു.

കോർപ്സ് ഓഫ് സിഗ്നൽസ് റിട്ട. ലാൻസ് ഹവിൽദാറും കുന്നന്താനം മുൻ പഞ്ചായത്ത് അംഗവുമാണ്. ഭാര്യ മല്ലപ്പള്ളി ഐക്കര മേപ്രത്ത് വാഴേപ്പറമ്പിൽ പരേതയായ പൊന്നമ്മ. മക്കൾ: ഉഷ മാത്യു, ആഷ ജേക്കബ്, ജോൺ കെ. ജോർജ് (ദുബായ്). മരുമക്കൾ: തിരുവല്ല കാവുംഭാഗം കൊച്ചുപൈനുംമൂട്ടിൽ മാത്യു പി. കോശി, കീഴ്വായ്പൂർ പടിഞ്ഞാറ്റേതിൽ റെജി ജേക്കബ്, കുമളി അണക്കര ചിലമ്പത്ത് മാഗി സഖറിയ.

## പശ്ചിമേഷ്യൻ പ്രശ്നം

(3-ാം പേജിൽനിന്നും)

യുദ്ധം കാരണം ആഗോള വിതരണ ശൃംഖലയിൽ ഗുരുതരമായ തടസങ്ങൾ നേരിടുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഇത് സാമ്പത്തിക മേഖലയെ ബാധിക്കുന്ന കാര്യമാണെന്നും ജയശങ്കർ പറഞ്ഞു.

പ്രധാനമന്ത്രി സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണ്. പശ്ചിമേഷ്യ സുസ്ഥിരമായി തുടരണമെന്നാണ് ഞങ്ങളുടെ ആഗ്രഹം.

ദശലക്ഷക്കണക്കിന് ഇന്ത്യക്കാരാണ് ഗൾഫ് രാജ്യങ്ങളിൽ താമസിക്കുന്നത്. ദേശീയ സുരക്ഷ ഉറപ്പാക്കും. ടെഹ്‌റാനിലെ ഇന്ത്യക്കാർക്ക് മാർഗനിർദേശം നൽകി. ഇറാനിലെ ഇന്ത്യൻ എംബസി പൂർണമായും പ്രവർത്തനക്ഷമമാണ്. ചിലർ എംബസിയുടെ നിർദേശങ്ങൾ അവഗണിച്ചുവെന്നും ജയശങ്കർ പറഞ്ഞു.

## സിപിഐ: 4 മന്ത്രിമാരും മത്സരിക്കും

തിരുവനന്തപുരം: നിയമസഭാ തെരഞ്ഞെടുപ്പിലേക്കുള്ള സിപിഐ സ്ഥാനാർത്ഥി പട്ടികയ്ക്ക് സംസ്ഥാന കൗൺസിലിന്റെ അംഗീകാരം. മൂന്നു ടേം വ്യവസ്ഥ കർശനമാക്കിയതിന്റെ പേരിൽ ആറു സിറ്റിംഗ് എംഎൽഎമാർക്ക് സീറ്റില്ല. മാർച്ച് എട്ടിന് ചേർന്ന പാർട്ടി സംസ്ഥാന എക്സിക്യൂട്ടീവിന്റെ തീരുമാനം സംസ്ഥാന കൗൺസിൽ അംഗീകരിക്കുകയായിരുന്നു. ഡപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറിനെ വീണ്ടും പരിഗണിക്കണമെന്ന പത്തനംതിട്ട ജില്ലാ കൗൺസിലിന്റെ ആവശ്യം സംസ്ഥാന നേതൃത്വം തള്ളി. തെരഞ്ഞെടുപ്പ് പ്രഖ്യാപനം വരുന്ന ഉടൻ 25 മണ്ഡലങ്ങളിലേയും സിപിഐ സ്ഥാനാർത്ഥികളുടെ പട്ടിക പ്രസിദ്ധീകരിക്കും.

## ഏറ്റവും വലിയ പാലം

(3-ാം പേജിൽനിന്നും)

ദേശീയപാതയുടെ പണി കേരളത്തിൽ നടത്താൻ കഴിയുമെന്ന് എൻ.എച്ച്.എ.ഐ.ക്കാർപോലും കരുതിയില്ല. ആ ധാരണ കേരള സർക്കാർ മാറ്റിയെടുത്തു. എതിർപ്പുകൾകൊണ്ടാണ് പല പദ്ധതികളും മുടങ്ങിക്കിടന്നത്. എതിർക്കുന്നവരുടെ കൂടെ നിൽക്കലല്ല സർക്കാരിന്റെ പണി. വികസന പദ്ധതികൾ നടപ്പാക്കലാണ്. എതിർപ്പുകാർ നാടുവിട്ടതുകൊണ്ടല്ല ഇതെല്ലാം സംഭവിച്ചത്. സർക്കാരിന്റെ ഇച്ഛാശക്തികൊണ്ടാണ്. എൽഡിഎഫ് സർക്കാർ അല്ലെങ്കിൽ പെരുമ്പളത്തുകാരെ ആരും തിരിഞ്ഞുനോക്കില്ലായിരുന്നെന്നും അദ്ദേഹം പറഞ്ഞു. പാലം വന്നതോടെ പെരുമ്പളം ഇനി വിനോദസഞ്ചാരികളുടെ ഇഷ്ടയിടമായി മാറുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

പൊതുമരാമത്ത് മന്ത്രി പി.എ. മുഹമ്മദ് റിയാസ് അദ്ധ്യക്ഷനായി. നാട്ടുകാർക്കിനി സെക്കൻഡ് ഷോ കാണാൻ പോകാമെന്ന് തമാശയായി അദ്ദേഹം പറഞ്ഞു. തുടരെ രണ്ട് എൽഡിഎഫ് സർക്കാരുകൾ വന്നില്ലായിരുന്നെങ്കിൽ പാലം യാഥാർത്ഥ്യമാകില്ലായിരുന്നെന്നും മന്ത്രി പറഞ്ഞു.

## കിരീടം ഇന്ത്യക്ക്

(3-ാം പേജിൽനിന്നും)

തകർപ്പൻ തുടക്കമാണ് സഞ്ജു-അഭിഷേക് സഖ്യം ഇന്ത്യക്ക് നൽകിയത്. ആദ്യവിക്കറ്റിൽ ഇരുവരും 98 റൺസ് കൂട്ടിച്ചേർത്തു. ഫോമിൽ തിരിച്ചെത്തിയ അഭിഷേക് 21 പന്തിൽ 52 റൺസ് നേടി. മൂന്ന് സിക്സും ആറ് ഫോറും. പിന്നാലെ ഇഷാൻ കിഷൻ-സഞ്ജു സഖ്യം 105 റൺസ് കൂടി കൂട്ടിച്ചേർത്തു. 15-ാം ഓവറിലാണ് കൂട്ടുകെട്ട് പൊളിയുന്നത്. സഞ്ജുവിന്റെ ഇന്നിംഗ്സിൽ എട്ട് സിക്സും അഞ്ച് ഫോറും. അതേ ഓവറിൽ അഞ്ചാം പന്തിൽ കിഷനും മടങ്ങി. നാല് വീതം സിക്സും ഫോറും ഇഷാന്റെ ബാറ്റിൽനിന്ന് പറന്നു. അവസാന പന്തിൽ സൂര്യകുമാർ യാദവ് (0) ഗോൾഡൻ ഡക്കാവുകയും ചെയ്തു. ഹാർദിക് പാണ്ഡ്യ 18 റൺസെടുത്തെങ്കിലും കൊടുങ്കാറ്റായില്ല. തിലക് വർമ എട്ട് റൺസുമായി പുറത്താകാതെ നിന്നു. ഒടുവിൽ അവസാന ഓവറിൽ ശിവം ദുബെയുടെ (26) മിന്നൽ ഇന്ത്യയെ 250 കടത്തി. ന്യൂസിലൻഡിനു വേണ്ടി ജയിംസ് നീഷം മൂന്ന് വിക്കറ്റ് വീഴ്ത്തി.

മാർച്ച് എട്ടിന് ഞായറാഴ്ച നടന്ന ഒരു ഫൈനൽ മത്സരത്തിലും ഇന്ത്യ വിജയിച്ചിട്ടില്ലെന്ന ചീത്തപ്പേരും ഇതോടെ മാഞ്ഞു. 2003 ഏകദിന ലോകകപ്പ് ഫൈനൽ, 2014 ട്വന്റി-20 ലോകകപ്പ് ഫൈനൽ, 2023 ഏകദിന ലോകകപ്പ് ഫൈനൽ എന്നിവ എട്ടിനായിരുന്നു. ട്വന്റി-20 ലോകകപ്പിൽ ഏറ്റവും കൂടുതൽ തവണ ചാമ്പ്യന്മാരാകുന്ന ടീമെന്ന നേട്ടവും മൂന്നാം കിരീടത്തിലൂടെ ഇന്ത്യ സ്വന്തമാക്കി. വിൻഡീസിനും ഇംഗ്ലണ്ടിനും രണ്ടു കിരീടം വീതമുണ്ട്.

ഐസിസി ടൂർണമെന്റുകളിൽ ഇന്ത്യയുടെ ഹാട്രിക് കിരീടം കൂടിയാണിത്. കന്നിക്കിരീടം തേടിയെത്തിയ കിവീസിനാകട്ടെ രണ്ടാം ഫൈനൽ തോൽവിയാണ്.

## മുജ്തബ ഖമനയി പരമോന്നത നേതാവ്

(3-ാം പേജിൽനിന്നും)

ഇസ്‌ലാമിക് റവല്യൂഷണറി ഗാർഡ് കോറിൽ (ഐആർജിസി) ചേർന്ന മുജ്തബ, ഇറാൻ-ഇറാഖ് യുദ്ധത്തിൽ പങ്കെടുത്തു. തീവ്ര ഇസ്‌ലാമിസ്റ്റുകൾ ഉൾപ്പെടുന്ന ഈ ബറ്റാലിയനിലെ അംഗങ്ങളാണ് പിന്നീട് ഇറാന്റെ സുപ്രധാന സുരക്ഷാ ഇന്റലിജൻസ് സംവിധാനങ്ങൾക്ക് നേതൃത്വം വഹിച്ചിട്ടുള്ളത്.

ഇറാന്റെ പരമോന്നത നേതാവായി മുജ്തബ ഖമനയിയെ തെരഞ്ഞെടുത്തതിനു പിന്നാലെ ടെഹ്‌റാനിൽ ശക്തമായ പ്രതിഷേധം ഉയർന്നതായി രാജ്യാന്തര മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്യുന്നു. ഇസ്രയേൽ-യുഎസ് വ്യോമാക്രമണത്തിൽ കൊല്ലപ്പെട്ട ആയത്തുള്ള ഖമനയിക്ക് പകരക്കാരനായിട്ടാണ് 56-കാരനായ മുജ്തബ പരമോന്നത നേതാവാകുന്നത്.

മുജ്തബയുടെ നിയമനം പ്രഖ്യാപിച്ചതിനു തൊട്ടു പിന്നാലെ ടെഹ്‌റാനിലെ എക്ബതാൻ പരിസരത്തുള്ള വീടുകളുടെ ജനാലകളിലൂടെ സ്ത്രീകൾ ഉൾപ്പെടെയുള്ളവർ പ്രതിഷേധ മുദ്രാവാക്യങ്ങൾ വിളിച്ചുവെന്നാണ് റിപ്പോർട്ട്. 'മുജ്തബക്ക് മരണം' എന്ന് പേർഷ്യൻ ഭാഷയിൽ വിളിക്കുന്ന 17 സെക്കൻഡ് ദൈർഘ്യമുള്ള വീഡിയോ സമൂഹമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിക്കുന്നുണ്ട്.


FOMAA
INTERNATIONAL FAMILY
CONVENTION 2026
JULY 30, 31, AUG. 01 & 02 - 2026
@ WYNDHAM HOUSTON, TEXAS
EARLY BIRD REGISTRATION
CLOSED ON MARCH 30TH MONDAY.
BABY MANAKUNNEL
President
BAIJU VARGHESE
General Secretary
CIGIL PALACKALODY
Treasurer
SHALU MATHEW PUNNOOSE
Vice President
PAUL P JOSE
Joint Secretary
ANUPAMA KRISHNAN
Joint Treasurer
SUBIN KUMARAN
INTERNATIONAL FAMILY CONVENTION CHAIR
JOY N SAMUEL
National Convention General Convener
REGIONAL VICE PRESIDENTS
ANITHA NAIR
New England Region
MATHEW JOSHUA
New York Metro Region
P T THOMAS
New York Empire Region
PADMARAJ NAIR
Mid Atlantic Region
LENJI JACOB
Capital Region
PRAKASH JOSEPH
South East Region
JOMON ANTONY
SunShine Region
SUDEEP KISHAN
Great Lake Region
JOHNSON KANNOOKADAN
Central Region
BIJU THOMAS
Southern Region
JOHNSON JOSEPH
Western Region
SUBIN SCARIA
AtLarge Region




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**